അധികാരം ജനങ്ങളിലേക്ക്

ജനകീയാസൂത്രണ പ്രസ്ഥാനം

ഒമ്പതാം പഞ്ചവത്സര പദ്ധതി

# പഞ്ചായത്ത് വികസന റിപ്പോർട്ട്



## മുണ്ടത്തിക്കോട്

## ഗ്രാമ പഞ്ചായത്ത് 1996

# മുണ്ടത്തിക്കോട് പഞ്ചായത്ത്

## വാർഡുകളും - അതിരുകളും



83-4




“എന്റെ ജീവിതമാണ്
എന്റെ സന്ദേശം”

# മുണ്ടത്തിക്കോട് ഗ്രാമ പഞ്ചായത്ത്

## ഭരണ സാരഥികൾ

2 – 10 – 1995 മുതൽ

പ്രസിഡണ്ട് : ശ്രീ. പി. എസ്. മോഹൻദാസ്

വൈ : പ്രസി : ശ്രീ. എൻ. എം അനന്തൻ മാസ്റ്റർ

സ്റ്റാന്റിംഗ് കമ്മറ്റി
ചെയർമാൻ : ശ്രീമതി ശാന്തകുമാരി. കെ.

മെമ്പർമാർ :
(1) ശ്രീ. കെ. അജിത് കുമാർ
(2) ശ്രീ. എം. എൻ. വിശ്വനാഥൻ മാസ്റ്റർ
(3) ശ്രീമതി. ഓമന സുബ്രഹ്മണ്യൻ
(4) ശ്രീ. കെ. കെ. കൃഷ്ണൻകുട്ടി.
(5) ശ്രീ. ഇ. പി. സുരേഷ്
(6) ശ്രീമതി. എം. വി. വസന്ത
(7) ശ്രീമതി. പി. എ. ചന്ദ്രിക

പഞ്ചായത്ത് സെക്രട്ടറി : ശ്രീ. എം. എസ്. സുബ്രഹ്മണ്യൻ

# ഗ്രാമഗീതം

" ഗ്രാമങ്ങളിലൂടല്ലോ ഭാരത
മോചനമെന്ന് ധരിച്ചവർ നാം
സ്വന്തം കാലിൽ നില്ക്കും ഗ്രാമം
സ്വപ്നം കണ്ട് കഴിഞ്ഞവർ നാം "

" നമ്മുടെ രാഷ്ട്രപിതാവ് മഹാത്മജി
താലോലിച്ചൊരു സങ്കല്പം
സമത്വ സുന്ദര ഗ്രാമ സ്വരാജ്യം
നമുക്ക് നഷ്ടപ്പെട്ടല്ലോ "

" നഷ്ടപ്പെട്ടവ വീണ്ടെടുക്കാൻ
ഒറ്റക്കെട്ടായ് മുന്നോട്ട്
മുന്നോട്ടിനിയും മുന്നോട്ട്
ആസൂത്രണ പ്രസ്ഥാനം മുന്നോട്ട് "

സുഹൃത്തേ,

ഭാരതത്തിന്റെ സ്വാതന്ത്ര്യ ലബ്ധിക്കു മുമ്പ് തന്നെ നമ്മുടെ രാഷ്ട്രപിതാവായ "മഹാത്മജി" വിഭാവനം ചെയ്ത "ഗ്രാമസ്വരാജ്" നടപ്പിൽ വരുത്തേണ്ടതിന്റെ ആവശ്യകത ഊന്നി പറഞ്ഞിരുന്നു. പിന്നീട് പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധി "പഞ്ചായത്തിരാജ്" നിയമമാക്കാനുള്ള ശ്രമങ്ങൾ തുടങ്ങിവെച്ചതിന്റെ അടിസ്ഥാനത്തിൽ 1992 ന് പാർലമെന്റ് 73, 74 ഭരണഘടനയുടെ വകുപ്പുകൾ ഭേദഗതി ചെയ്യുകയും 'അധികാര വികേന്ദ്രീകരണം' ഇന്ത്യയിൽ നടപ്പിൽ വരുത്തുന്നതിന് ധീരോദാത്തമായ നാന്ദി കുറിക്കുകയും ചെയ്തു. തുടർന്ന് 1994ൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള കേരള നിയമസഭ നിയമനിർമ്മാണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 1995 –ൽ ഒക്ടോബർ 2 ന് ഗാന്ധിജയന്തി ദിനത്തിൽ പുതിയ ത്രിതല പഞ്ചായത്തുകൾ നിലവിൽ വന്നു.

ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ സമഗ്രമായ ആസൂത്രണ പ്രക്രിയ ലോകത്തിനു തന്നെ മാതൃകയാക്കിക്കൊണ്ട് ബഹു : കേരള മുഖ്യമന്ത്രി ഇ. കെ. നായനാരുടെ നേതൃത്വത്തിൽ ജനകീയ ആസൂത്രണ പ്രസ്ഥാനം കേരളത്തിൽ താഴെ തട്ടിൽനിന്ന് വികസന പരിപാടിക്ക് തുടക്കം കുറിച്ചിരിക്കുകയാണല്ലോ. ഇതിന്റെ ഭാഗമായി മുണ്ടത്തിക്കോട് പഞ്ചായത്തിൽ എല്ലാവരുടേയും സഹകരണത്തോടെ ഒന്നാം ഘട്ട പ്രവർത്തനം ഭംഗിയായി നടന്നുകഴിഞ്ഞു. പഞ്ചായത്ത് വികസന സെമിനാറിൽ അവതരിപ്പിക്കേണ്ട പഞ്ചായത്ത് വികസന റിപ്പോർട്ട് തയ്യാറാക്കാൻ പ്രത്യക്ഷമായും പരോക്ഷമായും ഒട്ടനവധി പേർ ആത്മാർത്ഥമായി സഹകരിച്ചിട്ടുണ്ട്. ഓരോരുത്തരുടേയും പേർ എടുത്തുപറയേണ്ടതാണെങ്കിലും, ആ പട്ടിക നീണ്ടതാണെന്നുള്ളതിനാൽ അതിന് മുതിരുന്നില്ല. ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹകരിച്ച രാഷ്ട്രീയ പാർട്ടിക്കാർ, സന്നദ്ധ പ്രവർത്തകർ, സർക്കാർ ഉദ്യോഗസ്ഥർ, സാങ്കേതിക വിദഗ്ദർ , പ്രത്യേകിച്ച് ഗ്രാമസഭയിൽ പങ്കെടുത്ത് അഭിപ്രായം രേഖപ്പെടുത്തിയ നല്ലവരായ നാട്ടുകാർ എന്നിവർക്ക് മുണ്ടത്തിക്കോട് ഗ്രാമ പഞ്ചായത്തിന്റെ അഭിനന്ദനങ്ങൾ.

സ്നേഹാദരങ്ങളോടെ

മോഹൻദാസ് പി. എസ്.
പ്രസിഡണ്ട്
മുണ്ടത്തിക്കോട് ഗ്രാമ പഞ്ചായത്ത്

# ഉള്ളടക്കം


I. ആമുഖം 1

II. ചരിത്ര പശ്ചാത്തലം 5

III. പ്രകൃതിവിഭവങ്ങൾ 9

വികസന മേഖലകൾ

1) വനിത 11

2) സഹകരണം 14

3) മൃഗപരിപാലനവും മത്സ്യസമ്പത്തും 18

4) സംസ്കാരം 22

5) വിദ്യാഭ്യാസം 24

6) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം 32

7) ഭവനനിർമ്മാണം സാമൂഹ്യക്ഷേമം 36

8) വിഭവസമാഹരണം 39

9) ഊർജ്ജം ഗതാഗതം 41

10) വ്യവസായം 44

11) ആരോഗ്യം കുടിവെള്ളം 49

12) കൃഷിയും ജലസേചനവും 55

IV. ഉപസംഹാരം 65

# ആമുഖം

കേരളത്തിൽ നിലവിലിരിക്കുന്ന പഞ്ചായത്ത് രാജ് നിയമപ്രകാരം, ഗ്രാമ പഞ്ചായത്തുകളുടെ ഒരു പ്രധാന കടമയാണ് പഞ്ചായത്തിന്റെ ദീർഘകാല സമഗ്ര വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക എന്നത്. ഈ മാസ്റ്റർ പ്ലാൻ പ്രകാരമായിരിക്കണം വാർഷിക പദ്ധതികൾക്ക് രൂപം നല്കുന്നത്. ഗ്രാമ പഞ്ചായത്ത് തലത്തിൽ, ജന പങ്കാളിത്തത്തോടുകൂടി സ്ഥായിയായ വളർച്ചയിലൂന്നുന്ന മാസ്റ്റർ പ്ലാനുകൾ എങ്ങിനെ രൂപം നല്കാം എന്നതാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ മുന്നിലുള്ള വെല്ലുവിളി.

നാളിതുവരെയുള്ള ആസൂത്രണം കേന്ദ്രീകൃതവും ഉദ്യോഗസ്ഥ മേധാവിത്വപരവുമായിരുന്നു. പദ്ധതികൾ നടപ്പിലാക്കേണ്ടുന്ന പ്രദേശത്തെ ജനങ്ങൾക്ക് അവ സംബന്ധിച്ച തീരുമാനങ്ങളിലോ, നിർവ്വഹണത്തിലോ പങ്കുണ്ടായിരുന്നില്ല.

ആസൂത്രണം ജനപങ്കാളിത്തവുംസമഗ്രവുമാകണമെങ്കിൽ വികേന്ദ്രീകരണം ഒരു മുന്നുപാധിയാണ്. അതാകട്ടെ ഗ്രാമ പഞ്ചായത്ത് തലത്തിൽ നിന്ന് ആരംഭിക്കണം. എല്ലാ കാര്യങ്ങളും പഞ്ചായത്തിൽ വെച്ച് തീരുമാനങ്ങളെടുത്ത് നടപ്പിലാക്കാൻ കഴിയുമോ, അവയെല്ലാം ആസൂത്രണം ചെയ്ത് നടപ്പിലാക്കാനാണ് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ നേതൃത്വത്തിൽ ജനകീയ ആസൂത്രണ പ്രസ്ഥാനം ശ്രമിക്കുന്നത്.

ഈ ചിന്തയിലൂന്നികൊണ്ട് മുണ്ടത്തിക്കോട് പഞ്ചായത്തിലെ വികസനത്തെ കരുപിടിപ്പിക്കാനുള്ള എളിയ ശ്രമമാണ് ഇവിടെ നടത്തുന്നത്. വിഭവ ഭൂപട നിർമ്മാണവും, സാമൂഹ്യ സാമ്പത്തിക സർവ്വേയും നടത്താതെ വസ്തുനിഷ്ടമായ ഒരു റിപ്പോർട്ട് ഉണ്ടാക്കുക പ്രയാസമാണ്. എങ്കിലും കിട്ടിയ സ്ഥിതി വിവരണ കണക്കുകളുടേയും, ധൃത പഠന പര്യടനത്തിന്റേയും വെളിച്ചത്തിൽ ഗ്രാമ സഭകളുടെ വിലയേറിയ അഭിപ്രായങ്ങളെ വിലയിരുത്തി എഴുതി തയ്യാറാക്കിയ ഈ റിപ്പോർട്ട് ജനങ്ങളുടെ മുമ്പിൽ സമർപ്പിക്കുവാൻ മുണ്ടത്തിക്കോട് ജനകീയ ആസൂത്രണ സമിതിക്ക് അതിയായ സന്തോഷമുണ്ട്.

## പ്രാരംഭ പ്രവർത്തനങ്ങൾ

ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ മുന്നോടിയായി കേരളത്തിൽ രൂപീകരിച്ച ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി പഞ്ചായത്ത് ഭരണ സമിതി കൂടുകയും ജനകീയ ആസൂത്രണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 4/9/96 മുതൽ 6/9/96 വരെ വടക്കാഞ്ചേരിയിൽ നടന്ന ജില്ലാ പരിശീലനത്തിൽ പ്രസിഡണ്ടടക്കം 10 ഗ്രാമ പഞ്ചായത്ത് വാർഡ് മെമ്പർമാരും പഞ്ചായത്ത് സെക്രട്ടറിയും പങ്കെടുത്തു.

തുടർന്ന് 11/9/96 ന് ഗ്രാമ പഞ്ചായത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടി പ്രവർത്തകരുടേയും, സന്നദ്ധ സംഘടനാ പ്രവർത്തകരുടേയും ഉദ്യോഗസ്ഥരുടേയും വിപുലമായ ഒരു യോഗം കൂടുകയും 12/9/96 ലെ ഏകദിന പഞ്ചായത്ത് പരിശീലനം വിജയിപ്പിക്കാൻ ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

## ഗ്രാമ പഞ്ചായത്ത് പരിശീലനം

12/9/96 ന് പഞ്ചായത്ത് മീറ്റിംഗ് ഹാളിൽ വെച്ച് ജനകീയ ആസൂത്രണത്തെ കുറിച്ച് ഏകദിന പരിശീലനം നല്കുകയുണ്ടായി. പരിശീലനത്തിൽ 49 പുരുഷന്മാരും 15 സ്ത്രീകളുമടക്കം 64 പേർ പങ്കെടുത്തു. പരിശീലനം ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. പി. എസ്. മോഹൻദാസ് ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ബ്ലോക്ക് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ പി. ടി. ജേക്കബ്ബ് അദ്ധ്യക്ഷനായിരുന്നു. ശ്രീ. അനന്തൻ മാസ്റ്റർ സ്വാഗതവും, വിശ്വനാഥൻ മാസ്റ്റർ നന്ദിയും രേഖപ്പെടുത്തുകയുണ്ടായി. ബ്ലോക്ക് മെമ്പർ ശ്രീമതി സാവിത്രി, വാർഡു മെമ്പറും മുൻ പ്രസിഡണ്ടുമായ ശ്രീ. കൃഷ്ണൻകുട്ടി കെ. കെ. എന്നിവർ ആശംസകളും നേരുകയുണ്ടായി. ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. ടി. യു. രാധാകൃഷ്ണൻ, വാർഡു മെമ്പർ കെ. അജിത് കുമാർ, ഗ്രാമ പഞ്ചായത്ത് വൈ. പ്രസിഡണ്ട് അനന്തൻ മാസ്റ്റർ എന്നിവർ ക്ലാസെടുത്തു. പരിശീലനത്തിനിടക്ക് ജില്ലാ പഞ്ചായത്ത് മെമ്പർമാരായ ശ്രീമതി ഭാഗ്യലക്ഷ്മി അമ്മ, ശ്രീമതി സാറാമ്മ മാത്തപ്പൻ എന്നിവർ വേണ്ട നിർദ്ദേശങ്ങൾ നല്കുകയുണ്ടായി.

## ഗ്രാമസഭ

ഗ്രാമസഭകളിലെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിവേണ്ടി ഒന്നാം വാർഡിൽ സ്വാഗത സംഘവും വിളംബരജാഥയും, നാലാം വാർഡിൽ കുടുംബസമ്മേളനങ്ങളും, 5,6 വാർഡുകളിൽ മൈക്ക് പ്രചരണവും, എല്ലാ വാർഡുകളിലും വീടുവീടാന്തരം കയറികൊണ്ടുള്ള കാമ്പയിനും സംഘടിപ്പിക്കുകയുണ്ടായി. 20/9/96 മുതൽ തുടർച്ചയായി 29/9/96 വരെയുള്ള ദിവസങ്ങളിൽ ഒന്നുമുതൽ 10 വരെയുള്ള വാർഡുകളിൽ ഉച്ച തിരിഞ്ഞ് 2 മണി മുതൽ സ്പെഷൽ ഗ്രാമസഭ ചേരുകയുണ്ടായി. 10 ഗ്രാമസഭകളിലായി 912 പുരുഷന്മാരും 470 സ്ത്രീകളും 65 ഉദ്യോഗസ്ഥന്മാരുമടക്കം 1447 പേർ പങ്കെടുത്തു. ഏറ്റവും കൂടുതൽ പേർ ഗ്രാമസഭയിലെത്തിയത് രണ്ടാം വാർഡിലായിരുന്നു. ഗ്രാമസഭകളിൽ അഞ്ചു ഗ്രൂപ്പുകളായി തിരിഞ്ഞ് വിവിധ വികസന വിഷയങ്ങൾ ചർച്ച ചെയ്യുകയും, ചർച്ചകൾ ക്രോഡീകരിച്ച് റിപ്പോർട്ട് ഗ്രാമ പഞ്ചായത്തിനെ ഏല്പിക്കുകയും ചെയ്തു. ഓരോ ഗ്രൂപ്പുകളിൽ നിന്നും പഞ്ചാ: വികസന സെമിനാറിൽ പങ്കെടുക്കുന്നതിന് ഒരു സ്ത്രീയേയും ഒരു പുരുഷനേയും തിരഞ്ഞെടുക്കുകയുണ്ടായി. എല്ലാ പഞ്ചായത്തു കമ്മിറ്റി യോഗങ്ങളിലും 9-ാം പദ്ധതിയുടെ ജനകീയ ആസൂത്രണത്തെ അവലോകനം ചെയ്യുകയും ആസൂത്രണം വിജയിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ഒന്നാം ഘട്ടം പരിപൂർണ്ണ വിജയത്തിലെത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

## രണ്ടാം ഘട്ടം

ഗ്രാമസഭകളുടെ യോഗങ്ങൾ കഴിഞ്ഞ ഉടനെ ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പഞ്ചായത്തിനെ ഏല്പിക്കുകയും ജില്ലാ ആസൂത്രണ സമിതി അയച്ചു തന്ന ദ്വിതീയ വിവര ശേഖരണം സമാഹരിക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുകയും ചെയ്തു. 11/10/96 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയിൽ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ പഞ്ചാ: കൺവീനറായി ശ്രീ. കെ. അജിത് കുമാറിനേയും, ജോ. കൺവീനറായി ശ്രീ. കെ. വി. ജോസിനേയും തിരഞ്ഞെടുത്തു.

24-10-96 മുതൽ 26/10/96 വരെ വടക്കാഞ്ചേരിയിൽ വെച്ച് നടന്ന രണ്ടാം ഘട്ട ജില്ലാ പരിശീലനത്തിൽ 9 പേർ പങ്കെടുത്തു. തുടർന്ന് ഗ്രമ പഞ്ചായത്ത് തലത്തിൽ 30/10/96 ന് പാർളിക്കാട് ഗവ: യു. പി. സ്കൂളിൽ വെച്ച് പഞ്ചായത്ത് തല പരിശീലനം നടത്തുകയുണ്ടായി. മുണ്ടത്തിക്കോട് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. പി. എസ്സ്. മോഹൻദാസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഉദ്ഘാടന യോഗത്തിൽ ബ്ലോക്ക് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. പി. ടി. ജേക്കബ്ബ് ഉദ്ഘാടനം നടത്തുകയുണ്ടായി. ശ്രീ. കെ. അജിത് കുമാർ സ്വാഗതവും മുൻ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ. കെ. കൃഷ്ണൻകുട്ടി, ബ്ലോക്ക് മെമ്പർ ശ്രീമതി സാവിത്രി എന്നിവർ ആശംസയും ഗ്രാമ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി അംഗം ശാന്തകുമാരി നന്ദിയും പറയുകയുണ്ടായി. പ്രൊ. രാധാകൃഷ്ണൻ (സംസ്ഥാന റിസോഴ്സ് പേഴ്സൺ) ശ്രീമതി ജയശ്രീ (കൃഷി ഓഫീസർ), ശ്രീ. കെ. വി. ജോസ് (ജില്ലാ റിസോഴ്സ് പേഴ്സൺ), ശ്രീ. പ്രതാപ് സിംഗ് (ജില്ലാ റിസോഴ്സ് പേഴ്സൺ), ശ്രീ. അച്ചുത പ്രസാദ് (സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ) എന്നിവർ ക്ലാസ്സെടുത്തു. വീഡിയോ പ്രദർശനവും ഉണ്ടായിരുന്നു. പരിശീലനത്തിൽ 101 പുരുഷന്മാരും 36 സ്ത്രീകളും അടക്കം 137 പേർ പങ്കെടുത്തു. ഇതിൽ 24 പേർ ഉദ്യോഗസ്ഥരായിരുന്നു. ജനകീയ ആസൂത്രണ വികസനത്തിൽ ഉദ്യോഗസ്ഥന്മാരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാനും വികസന റിപ്പോർട്ട് എഴുതി തയ്യാറാക്കുന്നതിനുമായി രണ്ട് യോഗങ്ങൾ നടത്തുകയുണ്ടായി. 20/10/96 ന് കൂടിയ യോഗത്തിൽ 46 പേരും സാങ്കേതിക വിദഗ്ധരുടെ യോഗത്തിൽ 28 പേരും പങ്കെടുക്കുകയുണ്ടായി.

## ധ്യതപഠന പര്യടനം

ഗ്രാമ പഞ്ചായത്തിലെ പ്രകൃതി വിഭവങ്ങളെ കുറിച്ച് കണ്ടും കേട്ടും മനസ്സിലാക്കുന്നതിനു വേണ്ടി പഞ്ചായത്തിന്റെ തലങ്ങും വിലങ്ങുമായി പഠന പര്യടനം നടത്തുന്നതിന്റെ ഭാഗമായി 28/10/96 ന് ഉച്ചതിരിഞ്ഞ് 5 മണിക്ക് പഞ്ചായത്ത് ഓഫീസിൽ വെച്ച് പരിശീലനം നല്കുകയുണ്ടായി. പരിശീലനത്തിൽ പ്രസിഡണ്ട് ശ്രീ. പി. എസ്സ്. മോഹൻദാസ് മെമ്പർ ശ്രീ. കെ. അജിത് കുമാർ, ശ്രീ. കെ. വി. ജോസ്, ശ്രീ. ടി. കെ. അശോകൻ എന്നിവർ പഠന പര്യടനത്തിന്റെ പ്രാധാന്യത്തെ കുറിച്ച് സംസാരിക്കുകയും രണ്ട് ഗ്രൂപ്പുകളിലായി പഠന പര്യടനം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. 29/10/96 ന് 1 -ാം ഗ്രൂപ്പ് കോടശ്ശേരിയിൽ നിന്ന് തുടങ്ങി പാർളിക്കാട് എത്തിചേർന്നു. 2-ാം

ഗ്രൂപ്പ്, വ്യാസഗിരിയിൽ നിന്ന് തുടങ്ങി അത്താണിയിൽ എത്തിചേർന്നു. ഇവർ കല്ലും, മുള്ളും, കാടും, തോടും താണ്ടി വിവിധ പ്രകൃതി വിഭവങ്ങളുടെ കണക്കുകൾ ശേഖരിച്ചു. രണ്ട് ഗ്രൂപ്പുകളിലുമായി 20 പേർ പങ്കെടുത്തു.

## വികസന റിപ്പോർട്ട് തയ്യാറാക്കൽ

ദ്വിതീയ വിവര ശേഖരണം, പഠന പര്യടനം, ഡിപ്പാർട്ട്മെന്റ് റിവ്യൂ റിപ്പോർട്ട്, ഗ്രാമസഭാ റിപ്പോർട്ട് എന്നിവ വെച്ച് 12 വികസന വിഷയങ്ങളും ആമുഖം ചരിത്ര പശ്ചാത്തലം, ഭൂപ്രകൃതി തുടങ്ങിയവ എഴുതുവാനും ഉള്ള പ്രത്യേകം പ്രത്യേകം കമ്മിറ്റികൾ രൂപീകരിച്ചു. ജന പ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രവർത്തകർ, റിട്ടയർ ചെയ്ത ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, സാങ്കേതിക വിദഗ്ധർ, സന്നദ്ധ സംഘടനാ പ്രവർത്തകർ, സർക്കാർ ഉദ്യോഗസ്ഥർ തുടങ്ങി എല്ലാ വിഭാഗത്തിൽ പെട്ടവരേയും കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ കമ്മിറ്റിയും 31-ാം തിയ്യതി മുതൽ നാളിതുവരെ സജീവമായി കഠിനാദ്ധ്വാനം ചെയ്താണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. പഞ്ചായത്ത് വികസന സെമിനാർ വിപുലമായി നടത്തുന്നതിന് 9/11/96 ന് സ്വാഗത സംഘയോഗം കൂടുകയും സെമിനാറിന്റെ നടത്തിപ്പിന് വിഭവ സമാഹരണം ജനപങ്കാളിത്തത്തോടെ സ്വരൂപിക്കാൻ തീരുമാനിക്കുകയും ചെയ്തു.

## പഞ്ചായത്ത് പൊതുവിവരണം

1880 മുതൽ ബ്രിട്ടനിൽ തദ്ദേശ സ്വയം ഭരണം സ്ഥാപനങ്ങൾ വ്യാപകമാകാൻ തുടങ്ങിയതോടെ അതേ രീതിയിലുള്ള സംവിധാനം ഇന്ത്യയിലും നടപ്പിലാക്കാൻ ശ്രമങ്ങൾ നടന്നു. അതിന്റെ ഭാഗമായിട്ടാണ് പഞ്ചായത്തുകൾ നിയമാനുസൃതമായി നിലവിൽ വന്നത്. ഇതിനു മുൻപ് ഗ്രാമ പഞ്ചായത്തുകളാണ് നമുക്കുണ്ടായിരുന്നത്. നാട്ടു നടപ്പനുസരിച്ച് കാര്യങ്ങൾ നടത്തികൊണ്ട് പോകാനുള്ള മൂപ്പൻമാരുടേയും, പ്രമാണിമാരുടേയും അഞ്ചംഗസഭകളായിരുന്നു ഗ്രാമ പഞ്ചായത്തുകൾ. ഇന്നത്തെ പോലെയുള്ള തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളായിരുന്നില്ല, മറിച്ച്, സമൂഹത്തിൽ 'സ്വാധീന'മുള്ളവരായിരുന്നു ഇതിലെ അംഗങ്ങൾ.

കൊച്ചിയിൽ 1914 -ൽ തന്നെ കൊച്ചി ഗ്രാമ പഞ്ചായത്ത് നിയമം നടപ്പാക്കിയിരുന്നു. കൊച്ചിയിലെ പഞ്ചായത്തുകൾ ജനങ്ങളിൽ നിന്ന് നികുതി പിരിച്ചിരുന്നില്ല. 1950 ൽ തിരു-കൊച്ചി ഗ്രാമ പഞ്ചായത്ത് നിയമം വരുകയും 1953 ൽ ആദ്യമായി തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ഭരണ സമിതികൾ ആ വർഷത്തെ സ്വാതന്ത്ര്യ ദിനം മുതൽ പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തു.

1956 ൽ കേരള പിറവിക്കുശേഷം തിരു-കൊച്ചി പ്രദേശത്തേയും മലബാറിലേയും പഞ്ചായത്തുകളെല്ലാം കേരളത്തിലെ പഞ്ചായത്തുകളായി തീർന്നു. 1953 ൽ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തു സമിതികൾ നിലവിൽ വന്നതിനുശേഷം താഴെ പറയുന്നവരാണ് പ്രസിഡണ്ടുമാരായിരുന്നിട്ടുള്ളത്.

| ക്രമ നമ്പർ | പേര് | കാലഘട്ടം |
|---|---|---|
| 1 | ശ്രീ. പുളിയത്ത് ബാലകൃഷ്ണ മേനോൻ | 1953-1960 |
| 2 | ശ്രീ മണക്കുളം കുഞ്ഞൻരാജ | 1960-1963 |
| 3 | ശ്രീ അയ്യപ്പത്ത് മാധവൻ കുട്ടിനായർ | 1963-1976 |
| 4 | ശ്രീ M. S. വെങ്കിട്ടരാമയ്യർ | 1976-1979 |
| 5 | ശ്രീ K. K കൃഷ്ണൻകുട്ടി | 1979-1984 |
| 6 | അഡ്മിനിസ്ട്രേറ്റീവ് ഭരണം | 1984-1988 |
| 7 | ശ്രീ കെ. കെ. കൃഷ്ണൻകുട്ടി | 1988-1995 |
| 8 | ശ്രീ. പി. എസ്. മോഹൻദാസ് | 1995 മുതൽ |

## അതിർത്തികൾ:

തൃശൂർ ജില്ലയിൽ, തലപ്പിള്ളി താലൂക്കിൽ, വടക്കാഞ്ചേരി ബ്ലോക്കിൽപ്പെടുന്നതാണ് മുണ്ടത്തിക്കോട് പഞ്ചായത്ത്. 10 ഗ്രാമ പഞ്ചായത്ത് വാർഡുകളും, 2 ബ്ലോക്ക് പഞ്ചായത്ത് വാർഡുകളും, 2 ജില്ലാ പഞ്ചായത്ത് വാർഡുകളും ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു.

വടക്ക് എരുമപ്പെട്ടി, വടക്ക്-കിഴക്ക് വടക്കാഞ്ചേരി, കിഴക്ക്-തെക്ക് തെക്കുംകര, തെക്ക് മുളംകുന്നത്തുകാവ്, തെക്ക്-പടിഞ്ഞാറ് അവണൂർ, പടിഞ്ഞാറ് വേലൂർ എന്നീ പഞ്ചായത്തുകളാണ് മുണ്ടത്തിക്കോട് പഞ്ചായത്തിന്റെ അതിർത്തിയിൽ ഉള്ളത്.

## വകുപ്പ് ഓഫീസുകൾ :

താഴെ പറയുന്ന ഓഫീസുകൾ ഈ പഞ്ചായത്ത് അതിർത്തിയിൽ സ്ഥിതി ചെയ്യുന്നു.

1. കൃഷി ഭവൻ, ആര്യംപാടം
2. വില്ലേജ് ഓഫീസുകൾ - 2 എണ്ണം

(മുണ്ടത്തിക്കോട്, അമ്പലപുരം)

3. ആയുർവേദ ഡിസ്പൻസറി, ആര്യംപാടം
4. പ്രാഥമിക ആരോഗ്യ കേന്ദ്രം, പുതുരുത്തി.
5. V. E. O. ഓഫീസ് – മുണ്ടത്തിക്കോട്
6. സർക്കാർ യു. പി. സ്കൂളുകൾ – 2 എണ്ണം (പുതുരുത്തി, പാർളിക്കാട്)
7. എയ്ഡഡ് ഹൈസ്കൂളുകൾ – 2 എണ്ണം (മുണ്ടത്തിക്കോട്, ആര്യംപാടം)
8. എയ്ഡഡ് L. P. സ്കൂളുകൾ – 2എണ്ണം (രാജഗിരി, മുണ്ടത്തിക്കോട്)
9. എയ്ഡഡ് U. P. സ്കൂൾ – അമ്പലപുരം
10. സിൽക്ക് – അത്താണി ( സ്റ്റീൽ ഇൻഡസ്ട്രിയൽസ് ഓഫ് കേരള ലിമിറ്റഡ്)
11. സർക്കാർ മൃഗാസ്പത്രി, മുണ്ടത്തിക്കോട്
12. M. C. H. സെന്റർ, മുണ്ടത്തിക്കോട്
13. തൃശൂർ ജില്ലാ മെഡിക്കൽ കോളേജ് ആശുപത്രി – പെരിങ്ങണ്ടൂർ
14. E. S. I. ആശുപത്രി, പെരിങ്ങണ്ടൂർ
15. I. C. D. P. സെന്റർ, പാർളിക്കാട്

## വിസ്തീർണ്ണം :

മുണ്ടത്തിക്കോട്, പുതുരുത്തി, പെരിങ്ങണ്ടൂർ, മിണാലൂർ, പാർളിക്കാട് എന്നീ വില്ലേജുകൾ ഉൾപ്പെട്ട 23.37 സ്ക്വയർ കി. മീ.വിസ്തീർണമുള്ളതാണ് ഈ പഞ്ചായത്ത്. 6012 വീടുകളിലായി 21,840 പേരാണ് മുണ്ടത്തിക്കോട് പഞ്ചായത്തിൽ ഉള്ളത്. നമ്മുടെ പഞ്ചായത്ത് ഫസ്റ്റ് ഗ്രേഡ് പഞ്ചായത്തായി നിലനിൽക്കുന്നു.

" നാവെടുക്കുവിൻ
നാടുണർത്തുവിൻ "

# ചരിത്ര പശ്ചാത്തലം

നിരവധി പരിണാമങ്ങൾ നാടിൻെറ മുഖഛായ മാററികൊണ്ടിരിക്കുന്ന ആധുനികകാലത്ത്, ചരിത്രത്തിൻെറ പഴകിമങ്ങിയ താളുകൾ പതുക്കെ ഒന്നു മറിച്ചു നോക്കുന്നത് രസകരമായ കാര്യമാണല്ലൊ. അതുകൊണ്ടുതന്നെ മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിൻെറ ചരിത്രം ഇവിടെ അനാവൃതമാവുകയാണ്. കലാസാംസ്കാരിക മേഘലയിൽ അത്യുൽകൃഷ്ടവും മാതൃകാപരവുമായ ഒരു പാരമ്പര്യവും, പാരസ്പര്യവും അഭിമാനത്തോടെ അവകാശ പെടാവുന്ന 'മുണ്ടത്തിക്കോട് എന്ന സ്ഥലത്തിൻെറ അർത്ഥവും ആഗമവും എന്തെന്നുനോക്കാം. കോട് എന്ന വാക്കിന് കൊടുത്തത്, മൂല, മൂക്ക്, അററം, അളവ്, പ്രദേശം എന്നിങ്ങനെ അർത്ഥമുണ്ട്. 'കുവട്' എന്നാണ് പഴയരൂപം. മുണ്ഡൻ, മുണ്ഡി എന്നീവാക്കുകൾക്ക് മുണ്ഡമാല (തലയോടാകുന്ന മാല. മുണ്ഡം - തലയോട്) ധരിച്ചവൻ, അതായത് ശിവൻ എന്നർത്ഥം. ശിവപത്നി മുണ്ഡിനി. ഇത് മലയാളത്തിലാവുമ്പോൾ മുണ്ടൻ എന്നും, സ്ത്രീലിംഗത്തിൽ മുണ്ടത്തി എന്നും പറയാം. അപ്പോൾ മുണ്ടത്തി പാർവ്വതിയാകുന്നു. ദുർഗ്ഗാദേവിയായ പാർവ്വതി പതിരിക്കോട്ടുകാവിൽ കുടികൊള്ളുന്നു. മുണ്ടത്തിയായ ദുർഗ്ഗയുള്ള പ്രദേശം തന്നെ മുണ്ടത്തിക്കോട്. മുണ്ടത്തി എന്ന ഒരിനം മീൻ ധാരാളം ഉണ്ടായിരുന്ന ഒരു തോട് ഈ പ്രദേശത്തുണ്ടായിരുന്നു എന്നും മുണ്ടത്തിത്തോട് ക്രമേണ മുണ്ടത്തക്കോടായി പരിണമിച്ചതാണെന്നും ഒരു പക്ഷമുണ്ട്.

കൊച്ചി രാജാവിൻറ വിളംബരപ്രകാരം കൊച്ചിരാജ്യത്തിലെങ്ങും ഒരേ ദിവസമാണ് പഞ്ചായത്തുകൾ രൂപംകൊണ്ടത്. ലഭ്യമായ രേഖകളും വിവരങ്ങളും വെച്ചുനോക്കുമ്പോൾ ഈ പഞ്ചായത്തിന് മുക്കാൽ നൂററാണ്ടിലധികം പഴക്കമുണ്ട്. കൊല്ലവർഷം 1092 (ക്രി.വ.1915) ചി ങ്ങത്തിൽ പ്രസിഡൻറ് ശ്രീ.എം. മുകുന്ദൻ രാജ അവർകളും നാലു മെമ്പർമാരായ പി.പി. അനന്തനാരായണയ്യർ, പി.പി. ശങ്കരപ്പണിക്കർ, ഗോവിന്ദൻ നായർ, പഞ്ചായത്ത് എക്സിക്യൂട്ടിവ് ഓഫീസർ നാരായണപ്പണിക്കർ എന്നിവരും കൂടി പഞ്ചായത്ത് യോഗം ചേർന്നതായി രേഖയുണ്ട്. രേഖയുടെ പകർപ്പ് നോക്കുക. തെരഞ്ഞെടുപ്പില്ലായിരുന്ന അക്കാലത്ത്, മാസം രണ്ടു രൂപ ശമ്പളത്തിൽ പാറപ്പുറത്ത് കുഞ്ചുപ്പണിക്കരെ കണക്കെഴുത്തു ജോലിക്ക് വെച്ചിരുന്നു. മറിച്ച് തെളിവുകൾ കിട്ടും വരെ മുണ്ടത്തിക്കോട് പഞ്ചായത്തിൻെറ ആദ്യ പ്രസിഡൻറ് മണകുളം മുകുന്ദരാജാവായിരുന്നു എന്ന് വിശ്വസിക്കാം.

പത്തു വർഡുകൾ ഉൾക്കൊള്ളുന്ന ഈ പഞ്ചായത്തിന് ഇപ്പോഴത്തേതടക്കം പതിമന്നു പ്രസിഡൻറ്മാരുടെ സേവനം ലഭിച്ചിട്ടുണ്ട്. ഗതാകലത്തിലൂടെ അനുക്രമമായി ആ സാരഥികളുടെ പേരുകൾ ഓർമ്മിച്ചുകൊണ്ട് നമുക്ക് വർത്തമാനത്തിലെത്താം. ശ്രീ. എം. മുകുന്ദരാജ, പി.പി. അനന്തനാരായണയ്യർ (കുഞ്ചു സ്വമി), പി.വി. ഹരിഹരയ്യർ,അയ്യപ്പത്ത് രാമൻ മേനോൻ, കുന്നത്ത് ഗോവിന്ദൻ കുട്ടി നായർ, എം. എസ്. നാരായണയ്യർ, കാഞ്ഞിങ്ങാട്ട് രാമചന്ദ്രൻ നായർ, പുളിയത്ത് ബാലകൃഷ്ണമേനോൻ, എം. കുഞ്ഞൻ രാജ, അയ്യപ്പത്ത് മാധവൻകുട്ടി, എം.എസ്. വെങ്കിട്ടരാമയ്യർ, കെ.കെ. കൃഷ്ണൻകുട്ടി, പി.എസ്. മോഹൻ ദാസ് എന്നിവരാണ്.

ഈ പഞ്ചായത്തിൻെറ കലാസാംസ്കാരിക വിദ്യഭ്യാസവിഷയങ്ങളിലേക്ക് ഒരു തിരിഞ്ഞു നോട്ടം:-

ലോകമെങ്ങും പുകൾപെററ കേരള കലാമണ്ഡലത്തിൻെറ ശൈശവം ഈ പഞ്ചായത്തിലെ നാലാം വാർഡായ അമ്പലപുരത്താണ് കഴിഞ്ഞതെന്ന് നമുക്കേവർക്കും തികച്ചും അഭിമാനിക്കാവുന്ന ഒന്നാണ്. കുന്നംകുളത്ത് കക്കാട്ട് കോവിലകത്ത് രുപംകൊണ്ട ഈ കലാസ്ഥാപനം മണകുളം മുകുന്ദരാജയുടെയും, മഹാകവി വള്ളത്തോളിൻേറയും നേതൃത്വത്തിൽ 1931 ഏപ്രിൽ മുതൽ ആറുകൊല്ലക്കാലം അമ്പലപുരത്ത് ഭംഗായായി നടന്നശേഷമാണ് ചെറുതുരുത്തിയിലേക്ക് മാററിയത്. പിന്നീട് ലോകപ്രശസ്തരായ ഗുരു ഗോപിനാഥ്, കേളുനായർ, കുഞ്ഞുണ്ണി(വേഷം), മാധവൻ, നീലകണ്ഠൻനമ്പീശൻ (പാട്ട്) നാരായണൻനായർ (മദ്ദളം) ശിവരാമൻ, കൃഷ്ണൻനായർ എന്നീ കലാകാരൻമാർ ഇവിടെ വിദ്യാർത്ഥികളായിരുന്നു. ഈ സ്ഥാപനത്തിന് സ്ഥാനവും പദവിയും കീർത്തിയും ലഭിച്ചുതുടങ്ങിയത് അമ്പലപുരത്തു വെച്ച് ഗുരു കുഞ്ചുകുറുപ്പ്, കോപ്പൻനായർ, രാമഗുപ്തൻ, ചാമിക്കുട്ടിഭാഗവതർ, കവളപ്പാറ നാരായണൻനായർ, മൂത്തമന നമ്പൂതിരി, പട്ടിക്കാംതൊടി രാവുണ്ണി മേനോൻ എന്നീ വിദഗ്ദ്ധരുടെ ശിക്ഷണവും അഭ്യസനവും നടന്ന കാലത്താണ് ആലീസ് ബോണർ, ശ്രീമതി ഹത്തി സിംഗ്, രാഗിണീദേവി, ശാന്തിമയ ഘോഷ് തുടങ്ങീയ വിദേശീയർ അമ്പലപുരത്തുവന്ന് കഥകളി പഠിച്ചവരാണ്.

നാടിൻെറ സംസ്കാരിക നിലവാരം പുലർത്തുന്ന തലമുറകൾക്ക് മൂല്യബോധം

# പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള രേഖ

[illegible]

[illegible]

6. [illegible]

[illegible]

[illegible] 1. [illegible] 93

[illegible] 2. [illegible]

" 3. [illegible]

" 4. [illegible]

[illegible] 5. [illegible]

2.

1093 [illegible] 25. [illegible]

[illegible]

[illegible]

[illegible] 1. [illegible]

[illegible] 2. [illegible]

" 3 " [illegible] "

" 4 " [illegible] "

[illegible] 5. [illegible]

1 [illegible]

[illegible]

1094 [illegible]

[illegible]

[illegible]

പ്രാചീനവുമായ അത്താണി പള്ളി, മണക്കുടം രാജകുടംബക്കാർ സൗജന്യ മായി നൽകിയ സ്ഥലത്താണ് സ്ഥാപിച്ചിട്ടുള്ളത് എന്നത് അന്നത്തെ സമുദായമൈത്രിക്ക് തെളിവാണ്. ഇന്ന് പുതുരുത്തി സെന്റ് പിയൂസ് പത്താമൻ പള്ളിയും തിരുത്തിപറമ്പ് സെന്റ് ജോസഫ് പള്ളിയും മുണ്ട ത്തിക്കോട് ക്രിസ്തുരാജ ദേവാലയവും കൂടി ഈ പഞ്ചായത്തിലുണ്ട്.

റോമൻ കാത്തലിക് സഭ ഒന്നാംവാർഡിൽ സ്ഥാപിച്ചിട്ടുള്ള കന്യാസ്ത്രീ മഠവും അനാഥ ശാലയും നല്ലനിലയിൽ പ്രവർത്തിക്കുന്നു. നാലാം വർഡിലുള്ള പോപ്പ് പോൾ മേഴ്സിഹോംമും, ആശാനിലയവും, മൂന്നാം വാർഡിലുള്ള നിർവൃതി ധ്യാനകേന്ദ്രവുമെല്ലാം പഞ്ചായത്തിന് അടുത്ത കാലത്ത് കിട്ടിയ നേട്ടങ്ങളാണ്. കുറാഞ്ചേരി, ആര്യം പാടം, പെരിങ്ങണ്ടൂർ,അമ്പലപുരം എന്നീ മുസ്ലീം പള്ളികളും ഈ പഞ്ചായത്തിലുണ്ട്.

ഏഴാംവാർഡിലുള്ള വെള്ളത്തിരുത്തി വിഷ്ണുക്ഷേത്രത്തിൽ ക്രി.വ. 1944 ഒക്ടോബർ 14-ാം തിയതി ഇക്കണ്ടവാരിയർ, കൊച്ചുകുട്ടൻ എന്നീ നേതാക്കൻമാരുടെ ആഭിമുഖ്യത്തിൽ ക്ഷേത്ര പ്രവേശനം നടത്തിയ സംഭവം, അയിത്തം കൊടി ക്കുത്തിവാണ ആ കാലഘട്ടത്തിലെ പുരോഗമന ചിന്താഗതിയേയും വിപ്ലവബോധത്തേയും കുറി ക്കുന്നു. പത്താം വാർഡിലുള്ള ഇരിപ്പൻകുന്ന് നരഹിംഹമൂർത്തി ക്ഷേത്രത്തിൽ, ക്ഷേത്രപ്രവേശന വിളംബരത്തിനും വളരെ മുമ്പുതന്നെ നാനാ ജാതിക്കാർക്ക് പ്രവേശനമുണ്ടായിരുന്നു.

## സ്ഥാപനങ്ങൾ

എഴുപതുകൊല്ലത്തിലധികമായി പ്രവർത്തിച്ചു വരുന്ന ഒരു ഗവൺമെന്റ് ആയുർവേദാസ്പത്രി ഈ പഞ്ചായത്തിലെ സാധുജനങ്ങൾക്ക് ഒരാശ്രയമാണ്. ക്രി.വ. 1933-ൽ മണക്കുളം കുഞ്ഞുണ്ണിരാജ ആദ്യ പ്രസിഡന്റായി പെരിങ്ങണ്ടൂർ പരസ്പര സഹകരണ സംഘം 297-ാം നമ്പറായി സ്ഥാപിച്ചത് പിന്നീട് അത്താണിയിലേക്ക് മാററുകയും, വിവിധ പ്രവർ ത്തനങ്ങളിലൂടെ വളർന്നുവന്ന് പഞ്ചായത്തിൽ ബാങ്കിങ്ങ് മേഖലയിലെ ഒരു പ്രധാന സ്ഥാപന മായി വർത്തിക്കുകയും ചെയ്യുന്നു. കൊച്ചി രാജ്യ ത്തെ വളരെ പഴക്കംചെന്ന സ്ഥാപനങ്ങളിലൊ ന്നായി, മാതൃകാപരമായ ഒരു ഖാദി-ചർക്ക-നൂൽനൂൽപ്പുകേന്ദ്രം അമ്പലപുരത്ത് പ്രവർത്തിച്ചി രുന്നു. അവിടെ മുമ്പ് നിലനിന്നിരുന്ന ആലയുടെ സ്ഥാനത്ത് ഇന്ന് ഒരു സാംസ്കാരിക കേന്ദ്ര മാണുള്ളത്.

## വ്യാപാരം

60 വർഷങ്ങൾക്ക് മുമ്പ്തന്നെ കുറാഞ്ചേരി യിലും അത്താണിയിലും ഒരു അടക്കച്ചന്ത നിലവിലു ണ്ടായിരുന്നു. കേച്ചേരിയും, പഴഞ്ഞിയും അടക്കാ വിപണന കേന്ദ്രമായി വളരുകയും, അതോടെ ഈ സ്ഥാപനങ്ങൾ ക്രമേണ ഇല്ലാതാവുകയും ചെയ്തു.

## അവിസ്മരണീയ വ്യക്തികളും കുടുംബവും:

വള്ളുവനാട്ടിലെ കടമ്പഴിക്കപ്പുറത്തുനിന്നും മുണ്ടത്തിക്കോട് വടക്കുമുറിവന്ന് താമസമാക്കിയ, ആശാൻ എന്ന പേരിൽ പ്രസിദ്ധിയാർജ്ജിച്ച വടക്കു വീട്ടിൽ അച്ചുതൻ നായർ, പരമ്പരാഗത വൈദ്യ കുടുംബക്കാരായ മഠത്തും പടി വൈദ്യൻമാർ, തച്ചുശാസ്ത്ര വിദഗ്ധരും, കൊച്ചി മഹാരാജാവിൽ നിന്നും ഓണപ്പുടവവാങ്ങിയ പ്രശസ്ത ശില്പിയു മായ ആശാരി കൃഷ്ണൻ, വാദ്യമേളങ്ങളിൽ പ്രവീണരും, കൊച്ചി മഹാരാജാവിൽനിന്നും സമ്മാനം വാങ്ങിയവരുമായ പുതുരുത്തി കരുമ ത്തിൽ കുടുംബക്കാർ, കൈകൊട്ടിക്കളിയിലും മോഹിനിയാട്ടത്തിലും പ്രശസ്തരായ, ലക്ഷ്മിയമ്മ, അമ്മാളുഅമ്മ, കവിയും അക്ഷരശ്ലോകവിദഗ്ദനും നാടകനടനുമായ വൈരാത്ത് ഗോപാലൻനായർ, കവിയും സഹൃദയനുമായ ഏ.എൻ. പുതുരുത്തി എന്നിവരും മൺമറഞ്ഞ പ്രമുഖ വ്യക്തികളാണ്. കരിമ്പുഴ നിന്നു വന്ന് പുതുരുത്തി താമസമാക്കിയ മേയ്ക്കാട്ടുമനക്കൽ കുഞ്ചു നമ്പൂതിരി, അധ്യാത്മ രാമായണം മുഴുവൻ കാണാപ്പാടം ചെല്ലിനടന്നിരുന്ന പാണൻ ബലാണ്ടി എന്നിവരെ ഓർമ്മിക്കുന്നവർ ഇന്നും പുതുരുത്തിയിലുണ്ടാവും.

മിണാലൂരിൽ പാറക്കുളങ്ങര കളരിയുണ്ടാ യിരുന്ന പണിക്കർ കുടുംബക്കാർ പെരുമ്പടപ്പ് സ്വരൂപത്തിലെ പടനായകൻമാർ ആയ സ്ഥാനി നായൻമാരാണ് അവർക്ക് ദേശപ്പാന എന്ന ദൈവീകാനുഷ്ഠാനത്തിൽ അവകാശാധികാര ങ്ങളുണ്ടായിരുന്നു. പാന കുറിച്ചാൽ ദേശക്കാർ ഒന്നടങ്കം മത്സ്യമാംസാദികൾ വർജ്ജിക്കു മായിരുന്നു. കളമെഴുത്തു പാട്ടിലും ഇവർ നേതൃത്വം വഹിച്ചിരുന്നു.

മുണ്ടത്ത്ക്കോട് തെക്കുമുറി മാരാർ കുടുംബക്കാരും നമ്പ്യാർകുടുംബക്കാരും തിമില, ചെണ്ട, ഇലത്താളം എന്നീ അനുഷ്ഠാനകലകളിൽ നിപുണരായിരുന്നു. മേള കലയിൽ അർപ്പണ ബുദ്ധി യോടെ ജീവിതം ഉഴിഞ്ഞുവെച്ച അതി പ്രശസ്തരാ യിരുന്നുചെറമങ്ങാട്ട് കിട്ടുണ്ണി എന്ന കുട്ടപ്പൻ നമ്പ്യാർ. ക്ഷേത്ര ശിവേലിമേള രൂപങ്ങളുടെ ഗവേ ഷണത്തിനും പരീക്ഷണത്തിനുമായി ജീവിത കാലം

നൽകുന്ന മൂന്നു വായനശാലകൾ ഈ പഞ്ചായത്തിലുണ്ട്. കൊ.വ. 1133 നോടടുത്ത് മിണാലൂരിൽ സ്ഥാപിതമായ ഗ്രാമീണ വായനശാലയും, ക്രി.വ. 1937ൽ പെരിങ്ങണ്ടൂരിൽ സ്ഥാപിതമായ ഗ്രാമീണ വാനായനശാലയും, ആര്യംമ്പാടം മാങ്ങാട് റോഡിൽ പുതുരുത്തിയിൽ ശ്രീ.പി.പി. അനന്തനാരായണയ്യർ സ്ഥാപിച്ച വായനശാലയും നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്ത്രീജനങ്ങളടക്കം പലരുടേയും സ്തുത്യർഹമായ സേവനം ലഭിച്ച രണ്ടു മഹിളാസമാജങ്ങളും ഉണ്ട്. മുമ്പ് വളരെ നല്ലനിലയിൽ നടന്നുവന്ന ഒന്നായിരുന്നു അമ്പലപുരം മഹിളാസമാജം. പുതുരുത്തിയിൽ പ്രവർത്തിച്ചു വരുന്ന മഹിളാസമാജവും നല്ല നിലയിലാണ്.

## വിദ്യാഭ്യാസം:

തലമുറകളെ വെളിച്ചത്തിലേക്ക് നയിക്കുന്ന ഏഴ് സരസ്വതീക്ഷേത്രങ്ങൾ ഈ പഞ്ചായത്തിലുണ്ട്. നെന്മാറക്കാരനായ ശ്രീ.സി.കെ.നായർ ക്രി.വ. 1941ൽ സ്ഥാപിതമായ 'കമലാലയം' ഹൈസ്കൂളാണ് ഇന്ന് എൻ.എസ്.എസ്. വെങ്കിട്ടറാം ഹൈസ്കൂളായി മാറിയിട്ടുള്ളത്. ഇതാണ്. ഇതാണ് പഞ്ചായത്തിലെ പ്രഥമ ഹൈസ്കൂൾ. ഭവഭൂതിയുടെ ഉത്തരരാമചരിതം എന്ന സംസ്കൃതനാടക തർജ്ജമ, ജവഹർലാൽനെഹ്റു, കാറിനോട് തുടങ്ങിയ ഖണ്ഡകൃതികളും അനേകം സരസശ്ലോകങ്ങളും രചിച്ച മഹാകവി പെട്ടരഴിയത്ത് ചെറിയരാമൻ ഇളയത് ഈ സ്കൂളിലെ ഭാഷാദ്ധ്യാപകനായിരുന്നു. പി.ആർ. മുണ്ടത്തിക്കോട് എന്നറിയപ്പെടുന്ന പാറപ്പുറത്ത് രാമപ്പണിക്കർ സ്ഥാപിച്ച സർവ്വോദയം സ്കൂളാണ് ഈ പഞ്ചായത്തിലെ രണ്ടാമത്തെ ഹൈസ്കൂൾ. കവിയായ കുന്നത്ത് ബാലകൃഷ്ണ മേനോൻ കൊ.വ. 1107 ഇടവം 24-ാം തിയ്യതി രണ്ടാംവർഡിൽ സ്ഥാപിച്ച ദേവിവിലാസം എൽ.പി.സ്കൂൾ, ക്രി.വ. 1918 ജൂൺ മാസത്തിൽ മണക്കുളം മുകുന്ദരാജ നാട്ടുകാരുടെ സഹകരണത്തോടുകൂടി സ്ഥാപിച്ച അമ്പലപുരം ദേശ വിദ്യാലയം എന്ന യു.പി.സ്കൂൾ, പടാട്ടിൽ നാരായണൻനായർ സ്ഥാപിച്ച് പിന്നീട് ഗവ: ഏറെറടുത്ത പാർളിക്കാട് യു.പി.സ്കൂൾ, ശ്രീ പി.പി അനന്തനാരയണ അയ്യർ സ്ഥാപിച്ച് പിന്നീട്, ഗവ: ഏറ്റെടുത്ത പുതുരുത്തി സർക്കാർ യു.പി. സ്കൂൾ, കോളനികളിലെ ഒന്നാം വാർഡിലുള്ള സി.കെ.സി. രാജഗിരി എൽ.പി.സ്കൂൾ എന്നിവയാണ് ഈ പഞ്ചായത്തിലെ ഇതര പ്രൈമറി വിദ്യാലയങ്ങ ൾ.

## ദേവാലയങ്ങൾ

സ്വന്തം മതവിശ്വാസങ്ങൾക്കനുസൃതമായി ആരാധന നടത്താനുള്ള നിരവധി ദേവാലയങ്ങൾ കൊണ്ടനുഗ്രഹീതമാണ് ഈ പഞ്ചായത്ത്. വടക്കുമുറിയിൽനിന്നും ഒന്നര കിലോമീററർ തെക്കായി, മുണ്ടത്തിക്കോട് ഗ്രാമത്തിൻെറ തിലകമായി പ്രസിദ്ധവും പുരാതനവുമായ പാതിരിക്കോട്ടുകാവ് ദേവീ ക്ഷേത്രം സ്ഥിതി ചെയ്യുന്നു. എണ്ണൂറുകൊല്ലത്തിലധികം പഴക്കം കല്പ്പിക്കുന്ന ഈ ക്ഷേത്രത്തിലേക്ക് , അമ്മയുടെ അനുഗ്രഹം തേടി അന്യനാടുകളിൽനിന്നുപോലും ഭക്തജനങ്ങളെത്തുന്നു. പല വിഭാഗക്കാരുടെ സഹകരണത്തോടെ ഭരണിവേല ഇവിടെ കേമമായി ആഘോഷിക്കുന്നു. അഞ്ചാം വാർഡിൽ സ്ഥിതിചെയ്യുന്ന കുററിയങ്കാവ് ഭഗവതീക്ഷേത്രവും പുരാതനമായ ഒന്നാണ്. മകരസംക്രമദിവസം അമ്പലപുരം, മിണാലൂർ എന്നീ രണ്ടു ദേശക്കാർ നടത്തുന്ന പൂരം ഇന്നാട്ടുകാർക്കൊരു ദേശീയോ ത്സവം തന്നെ.

ആര്യാമ്പാടം തെക്കുവശത്ത് ഹരിജനങ്ങൾക്കുള്ള ഒരു വിഷ്ണുക്ഷേത്രം, വടക്കുമുറിയിൽ മുണ്ടത്രക്കാവ് എന്ന പേരിലറിയപ്പെടുന്ന അയ്യപ്പൻ ക്ഷേത്രം, പെരിയമ്മക്കാവ്, മുണ്ടത്തിക്കോട് ഹൈസ്കൂളിനടുത്തായി സ്ഥിതിചെയ്യുന്ന കല്ലടി അയ്യപ്പൻ കാവ്, പെരിങ്ങണ്ടൂരിലെ വിഷ്ണു ക്ഷേത്രം, അമ്പലപുരത്ത് സ്ഥിതിചെയ്യുന്ന പഴക്കമുള്ള സുബ്രഹ്മണ്യ ക്ഷേത്രം, കരകാട്ട വിദഗ്ദരായ കംഭാരന്മാർ നടത്തുന്ന മാരിയമ്മൻ കോവിൽ, അഞ്ചാം വാർഡിൽ സ്ഥിതിചെയ്യുന്ന ആനേടത്ത് വിഷ്ണുക്ഷേത്രം, വടക്കേ തേർക്കിൽ അമ്പലം, ഏഴാം വാർഡിലുള്ള അതിപുരാതനവും പ്രസിദ്ധവുമായ തച്ചനത്തു കാവ്, അതിനോടനുബന്ധിച്ചുള്ള അയ്യപ്പ ശിവ ക്ഷേത്രങ്ങൾ, പണ്ട് പാലിയം വകയും ഇപ്പോൾ കമ്മിററി നടത്തിവരുന്നതുമായ വെള്ളത്തിരുത്തി വിഷ്ണുക്ഷേത്രം, ശ്രീനാരായണ ഗുരു പ്രതിഷ്ഠ നിറവേററിയ ബാലസുബ്രഹ്മണ്യ ക്ഷേത്രം, പട്ടിച്ചിറക്കാവ് ദേവീക്ഷേത്രം, 9-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ചിറ്റഴിക്കര വിഷ്ണു ക്ഷേത്രം, പത്താം വാർഡിലെ പല്ലിക്കാട്ട് മനവക ഭരതക്കാട്ട് അയ്യപ്പക്ഷേത്രം ഇരിപ്പം കുന്ന് നരസിംഹ മൂർത്തി ക്ഷേത്രം എന്നിവ പഞ്ചായത്തിലെ ജനങ്ങളെ സാത്വിക ഭാവത്തിലേക്ക് നയിച്ച് നില കൊള്ളുന്നു. ഒന്നാം വാർഡിലുള്ള കോടേരി (കോടശ്ശേരി)ക്കുന്നിൽ തുലാമാസത്തിലെ കറുത്ത വാവു ദിവസം പിതൃതർപ്പണത്തിനായി ദൂരസ്ഥലങ്ങളിൽ നിന്നുപോലം ജനങ്ങളെത്തുന്നു. വാവു ദിവസം ഇവിടത്തെ ഉറവയ്ക്ക് ശക്തി കൂടുന്നു. ഗംഗാ ജലത്തിൽ തർപ്പണം ചെയ്താലത്തെ ഫലസിദ്ധി ഇവിടെ ലഭിക്കുമെന്ന് ജനങ്ങൾ വിശ്വസിക്കുന്നു. ജാതിമതഭേദമില്ലാതെ ജനങ്ങൾ ഒത്തൊരുമിച്ച് കാവടിയാട്ടത്തോടെ വാവ് ആഘോഷിക്കുന്നു.

ഈ പഞ്ചായത്തിലെ ഏററവും പ്രശസ്തവും

ചെലവഴിച്ച ഇദ്ദേഹം ഈ വിഷയത്തിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മററൊരു ചെണ്ട മേള വിദഗ്ദനായ കണ്ടാത്തുവും ഇത്തരുണത്തിൽ സ്മരണാർഹനാണ്. മുണ്ടത്തി ക്കോട് ഗ്രാമത്തിന് കൊച്ചിരാജ്യം മുഴുവൻ പ്രശസ്തിനേടിക്കൊടുത്ത പാരമ്പര്യവൈദ്യനാണ് ഇയ്യാനിക്കാട്ടിൽ കണ്ടപ്പൻ വൈദ്യർ. മികച്ച ആയുർവ്വേദ ഗ്രന്ഥശേഖരമുള്ള ഈ കുടുംബത്തിൽപ്പെട്ടവർ ഉഴിച്ചിൽ, നാഡീ ചികിത്സ, വാതചികിത്സ, ഒടിവ്, ചതവ് എന്നിവ ക്കുള്ള ചികിത്സ എന്നിവയിൽ അതുല്ല്യരായിരുന്നു.

പെരിങ്ങണ്ടൂരിൽ പാരമ്പര്യമായി ആയുർ വ്വേദവും ബാലവൈദ്യവും കൈകാര്യം ചെയ്തി രുന്ന കൊണിപ്പറപ്പിൽ പാപ്പുവൈദ്യരുടെ കുടുംബ ക്കാരും എടുത്തുപറയേണ്ട വ്യക്തികളാണ്. വിഷ വൈദ്യ ചികിത്സയിലും പ്രാവീണ്യം നേടിയ വൈദ്യൻമാർ ഈ പഞ്ചായത്തിലുണ്ടായിരുന്നു.

ഒരു ഗ്രാമത്തിൻെറ ഭൗതീകവും ആത്മീയ വുമായ അഭിവൃദ്ധിക്കുകാരണം അവിടെയുള്ള വിദ്ധ്യാലയങ്ങളും, വായനശാല, ക്ലബുകൾ തുടങ്ങിയ ജനകീയസ്ഥാപനങ്ങളും, ആതുരാല യങ്ങളും വിവധ ദേവാലയങ്ങളുമാണ്. അവ ഒരു ഗ്രാമത്തിൻെറ ഉയർച്ചക്കും പ്രശസ്തിക്കും നിദാന ങ്ങളാണ്. മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് ഈ സൗഭാഗ്യത്തിൽ ഒട്ടും പിന്നിലല്ലെന്ന് വിശ്വസി ച്ചുകൊണ്ട് ഈ ലഘു ചരിത്രവിവരണത്തിന് ഇവിടെ വിരാമമിടുന്നു.

# പ്രകൃതി വിഭവങ്ങൾ

മുണ്ടത്തിക്കോടു് പഞ്ചായത്തിൻെറ ആകെ വിസ്തീർണ്ണം 2337 ഹെക്ടർ ആണ്. കുന്നും ചെരിവുകളും സമതലങ്ങളും ഇടവിട്ട് ഇടവിട്ട് കാണാം. പഞ്ചായത്തിൻെറ വടക്കു് കുന്നിൻ പ്രദേശമാണു്. 29-10-96 ന്നു് രണ്ടു് പഠന ഗ്രൂപ്പുകളായി പഞ്ചായത്തിൽ രണ്ടു് ട്രാൻസ്കട്ടിൽ പഠന പര്യടനം നടത്തുകയുണ്ടായി. അതിൽനിന്നു് കിട്ടിയ വിവരങ്ങൾ അനുസരിച്ച് ഭൂപ്രകൃതി തിട്ടപ്പെടുത്തിയിരിക്കുന്നു.

## ഭൂപ്രകൃതി

തെക്കോട്ടുള്ള ചെരിവു് കഴിഞ്ഞാൽ സമതല പ്രദേശങ്ങളും അതിന്നു താഴെ പാടവും, പാടത്തിന്നു് ശേഷം വീണ്ടും സമതല പ്രദേശങ്ങളുമാകുന്നു. വെള്ളക്കെട്ട് സ്ഥലം, പുഴ എന്നിവ ഇല്ല. എന്നാൽ മിണാലൂരിൽ തുടങ്ങി പെരിങ്ങണ്ടൂരിൽകൂടെ പോകുന്ന ഒരു തോടും, 7-ാം വാർഡിൽനിന്നു് തുടങ്ങി പുതുരുത്തി വഴി പോകുന്ന ഒരു ചെറിയ തോടും ഉണ്ടു്. ഈ പഞ്ചായത്തിൽ പാർളിക്കാട്, പുതുരുത്തി, മുണ്ടത്തിക്കോടു് എന്നീ സ്ഥലത്തുകൂടി വാഴാനി ഇറിഗേഷൻ കനാലും, പെരിങ്ങണ്ടൂരിൽ അവസാനിക്കുന്ന പീച്ചി ഇറിഗേഷൻ കനാലും ഉണ്ടു്. ഈ പഞ്ചായത്തിൻെറ കിഴക്കേ അതിർത്തിയിലാണു് പത്താഴക്കുണ്ടു് റിസർവോയർ. ഈ ഡാം പഞ്ചായത്തിൻെറ ഏറ്റവും ഉയർന്ന പ്രദേശത്താണു് സ്ഥിതി ചെയ്യുന്നതു്.

## ജലലഭ്യത

പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സുകൾ, ചിറകൾ, കുളങ്ങൾ, കിണറുകൾ, തോടുകൾ എന്നിവയാണു്. ആകെ 27 കുളങ്ങൾ ഉണ്ടു്.

ഈ തോടുകളുടേയും, ചിറകളുടേയും ഇന്നത്തെ അവസ്ഥ വളരെ ശോചനീയമാണു്. കാലാകാലമായി അറ്റകുറ്റപണികൾ നടത്താത്തതിനാൽ ജലം സംഭരിക്കുന്നതിൽ ഗണ്യമായ കുറവു് വന്നിട്ടുണ്ടു്. തലപ്പിള്ളി താലൂക്കിലെ ഏറ്റവും മഴകുറഞ്ഞ പ്രദേശമാണു് മുണ്ടത്തിക്കോട് പഞ്ചായത്തു്. ജൂൺ, ജൂലായ്, ഓഗസ്റ്റ് മാസങ്ങളിലെ കാലവർഷവും ഒക്ടോബർ, നവംബർ മാസങ്ങളിലെ തുലാവർഷവുമാണു് നമുക്കു് ലഭിക്കുന്നതു്.

## വനം

പഞ്ചായത്തിലെ വന വിസ്തൃതി ഇരുപ്പൻ കുന്നിലും, ആര്യംപാടം കുന്നിലും അക്കേഷ്യയും തേക്കും വെച്ചുപിടിപ്പിച്ചിട്ടുണ്ടു്. അക്കേഷ്യ പരിതഃസ്ഥിതി പ്രശ്നം ഉയർത്തുന്നുണ്ടു്. ചിലവ മൊട്ടകുന്നുകളായി ഇന്നും അവശേഷിക്കുന്നു.

## ജൈവസമ്പത്തു്

കുന്നുകളുടെ താഴ്വാരങ്ങളിലും ചില സമതലങ്ങളിലും റബ്ബർകൃഷിയുണ്ടു്. സമതലങ്ങളിലും പുരയിടങ്ങളിലും തെങ്ങു്, കവുങ്ങു്, വാഴ, കശുമാവു്, മാവു് മുതലായ ഫലവൃക്ഷങ്ങൾ വെച്ചിട്ടുണ്ടു്. സമതല പ്രദേശത്തു് തരിശുഭൂമി കുറവാണു്. ഭൂരിഭാഗം പാടത്തും നെൽകൃഷി തന്നെയാണു് ചെയ്യുന്നതു്.

## മൺതരം

ഈ പഞ്ചായത്ത് ഒരു മദ്ധ്യമേഖലാ പ്രദേശമാണു്. ശരാശരി ഫലഭൂയിഷ്ടമായ ചെങ്കൽ പ്രദേശം. 1, 3, 4, വാർഡുകളിൽ ധാരാളം ചെങ്കല്ലും ചെങ്കല്ലുമടകളുമുണ്ടു്. 1, 2, 8, 9 വാർഡുകളിൽ പാറകൾ ധാരാളമുണ്ടു്. ഇവിടെ കരിങ്കൽ ക്വാറികൾ പ്രവർത്തിച്ചു വരുന്നു.

## ജന പ്രകൃതി

1991 ലെ കാനേഷുമാരി കണക്കുകളുടേയും അംഗൻവാടി കണക്കുകളുടേയും അടിസ്ഥാനത്തിൽ - മുണ്ടത്തിക്കോട് പഞ്ചായത്തിലെ ജനസംഖ്യ 21840 ആണു്. ഇതിൽ 11382 (52%) സ്ത്രീകളും 10458 (48%) പുരുഷന്മാരുമാണു്. 13:12 ആണു് സ്ത്രീ-പുരുഷ അനുപാതം. ജനസംഖ്യയിൽ 21% പന്ത്രണ്ടു് വയസ്സിനു താഴെയുള്ള കുട്ടികളാണു്. 6 വയസ്സു വരെയുള്ള കുട്ടികൾ 2730 (12.5%) പട്ടികജാതി പട്ടിക വർഗത്തിലുള്ളവർ 2730 ആണു്. ഇവർ മൊത്തം ജനസംഖ്യയുടെ (12.5%) ആണു്.

## ജനസാന്ദ്രത

പഞ്ചായത്തിലെ ജനസാന്ദ്രത 1 ചതുരശ്ര കിലോമീറ്ററിനു് 935 ആകുന്നു. മൊത്തം 6012 വീടുകൾ ഉണ്ടു്. വീടൊന്നിന്നു് ശരാശരി 3.6

# ജനസംഖ്യ




## മുണ്ടത്തിക്കോട് പഞ്ചായത്ത്
## പഠന പര്യടന വഴി



## പഠന പര്യടനം - 1 -




| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | ചെരിവ് തലം | ഉയർന്ന പീഠഭൂമി | തീര സമതലം | കുന്നിൻ മണ്ട | താഴ്‌വര | ഉയർന്ന പീഠഭൂമി | ഉയർന്ന സമതലം കൃഷി യോഗ്യം | കുന്നിൻ മണ്ട |
| മൺതരം | പാറ | മണൽ മിശ്രിത മണ്ണ് | മണൽ | പാറ | വെട്ടു കല്ല് ചരൽ | പാറ | റബ്ബർ തെങ്ങ് നെല്ല്പച്ച ക്കറികൾ | പാറ |
| സസ്യാവരണം | തെങ്ങ് തേക്ക് പാഴ്മരം | റബ്ബർ തെങ്ങ് മരച്ചീനി | നെല്ല് | അക്കേഷ്യ തേക്ക് കശുമാവ് | തെങ്ങ് ജാതി കവുങ്ങ് | കായ് ഫലം കുറവുള്ള സസ്യങ്ങൾ | നല്ല ഫല ഫൂയിഷ്ട സസ്യ ങ്ങൾ | തെങ്ങ് മാവ് |
| ജല സമ്പത്ത് | കിണർ പൈപ്പ് ചിറ | കിണർ പൈപ്പ് | കുളം കിണർ | മഴ വെള്ളം | തോട് ചിറ കിണർ | ഇല്ല | ക്വാറി കിണർ കനാൽ | കുഴൽ കിണർ |
| പരിസ്ഥിതി പ്രശ്നങ്ങൾ | ക്വാറി മണ്ണൊ ലിപ്പ് | വെള്ളം കുറവ് | — | മണ്ണൊലിപ്പ് | — | ക്വാറി | മണ്ണൊ ലിപ്പ് | ക്രഷർ പൊടി |

## പഠന പര്യടനം - 2 -




| | | | | | | |
|---|---|---|---|---|---|---|
| ഭൂപ്രകൃതി | ചെരിവ് തലം | തീരസമതലം | കുന്നിൻ മണ്ട | താഴ്‌വര | ഉയർന്ന പീഠഭൂമി | താഴ്‌വര |
| മൺതരം | തരി മണ്ണ് ചകിടിമണ്ണ് | കളിമണ്ണ് മണൽ പശിമരാശിമണ്ണ് | പാറ | പാറ ചരൽ | മണൽ ചേർന്ന മണ്ണ് | വെട്ടുകല്ല് ചകിടിമണ്ണ് |
| സസസ്യാ വരണം | തെങ്ങ് കവുങ്ങ് | നെല്ല് തെങ്ങ് | റബ്ബർ | റബ്ബർ | നെല്ല് തെങ്ങ് കവുങ്ങ് | നെല്ല് തെങ്ങ്, വാഴ പച്ചക്കറികൾ |
| ജല സമ്പത്ത് | കുളം കിണർ | കുളം | വാഴാനി കനാൽ | കിണർ | കുളം | കുളം കിണർ |
| പരിസ്ഥിതി പ്രശ്നങ്ങൾ | കക്കൂസ് ഇല്ലാ ത്ത വീടുകൾ ധാരാളം | — | ക്രഷർപൊടി | മണ്ണൊലിപ്പ് | നെൽപ്പാടം നികത്തുന്നു | — |

ആളുകളാണ്. സംസ്ഥാന ശരാശരി 5.1 ആകുന്നു. 18 കോളനികളിലായി 600 വീടുകളിൽ 2730 ഹരിജനങ്ങൾ താമസിക്കുന്നു. ശരാശരി ഒരു വീട്ടിൽ 4.6 പേർ ഉണ്ട്. 1995-96 ൽ ജനന നിരക്ക് 1.19% ആണ് ആകെ 9 ശിശു മരണങ്ങൾ ഉണ്ടായിട്ടുണ്ട്. 5 വയസ്സിനു താഴെയുള്ളവരുടെ മരണനിരക്ക് ആയിരത്തിന്ന് 5 ആകുന്നു.

## തൊഴിൽ

| തൊഴിലാളികൾ | പുരഷൻ | സ്ത്രീ |
|---|---|---|
| കർഷകർ | 691 | 168 |
| കർഷക തൊഴിലാളി | 1136 | 1029 |
| പരമ്പരാഗത തൊഴിലാളി | 143 | 17 |
| മൈനിംഗ് ക്വാറി | 73 | 58 |
| കുടിൽ വ്യവസായങ്ങൾ | 142 | 164 |
| നിർമ്മാണ തൊഴിലാളി | 405 | 35 |
| വാണിജ്യം | 592 | 52 |
| ട്രാൻസ്പോർട്ട് | 392 | 18 |
| മറ്റു സേവന മേഖല | 252 | 396 |
| കോൺട്രാക്റ്റ് | 283 | 395 |
| മറ്റു വ്യവസായങ്ങൾ | 800 | 354 |
| ആകെ | 4909 | 2257 |
| തൊഴിലില്ലാത്തവർ | 5266 | 8730 |

അവലംബം 1991 സെൻസസ്

സർക്കാരിന്നു് ഒരു ഭാരിച്ച ഉത്തരവാദിത്വവുമായി വരുന്ന തൊഴിലില്ലാത്തവർ 5266 പുരുഷന്മാരും 8730 സ്ത്രീകളുമുണ്ട്. കാർഷിക രംഗത്തു് തൊഴിൽ എടുക്കുന്നവർ കുറഞ്ഞു വരുന്നതായിട്ടാണു് തൊഴിൽ താരതമ്യ പഠനത്തിൽ നിന്നും മനസ്സിലാകുന്നതു്. ഇതു കാർഷിക മേഖലയെ തകർക്കുന്ന സ്ഥിതി വിശേഷത്തിലേക്ക് എത്തിക്കാതിരിക്കാൻ വേണ്ടതായ ജന പങ്കാളിത്തവും ബോധവൽക്കരണവും പഞ്ചായത്ത് നേതൃത്വത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

# വികസന മേഖലകൾ

## 1. വനിത

ഒരു ഗ്രാമത്തിന്റെ ചൈതന്യം അവിടുത്തെ വനിതകളാണല്ലോ. ജനകീയ ആസൂത്രണത്തിന്റെ ഈ വേദിയിൽ ഏറെ ചിന്തിക്കേണ്ടതും ഈ വിഷയം തന്നെ. കുടുംബങ്ങളുടെ നന്മയാണല്ലോ സമൂഹത്തിന്റെ നന്മ. കുടുംബനന്മയുടെ അടിസ്ഥാനം സ്ത്രീകളുടെ സുരക്ഷിതത്വമാണ്. ഈ സുരക്ഷിതത്വം അവരുടെ വരുമാനം, തൊഴിൽ, വിദ്യാഭ്യാസം, സ്വാതന്ത്ര്യം, സാമൂഹ്യ മേധാവിത്വം തുടങ്ങിയവയിൽ അധിഷ്ഠിതവുമാണ്.

മുണ്ടത്തിക്കോട് പഞ്ചായത്തിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പൊതുവായവയിൽ നിന്ന് വ്യത്യസ്തമല്ല. ചരിത്ര ദിനങ്ങളിൽ ഈ ഗ്രാമത്തിലെ വനിതകളും അടിമത്വത്തിന്റെ രുചി അറിഞ്ഞിരുന്നു. ഒരുപാട് പാശങ്ങളാൽ ബന്ധിക്കപ്പെട്ടിരുന്നു.

മുണ്ടത്തിക്കോട് പഞ്ചായത്തിലെ ജനസംഖ്യയിൽ 52% സ്ത്രീകളാണ്. സ്ത്രീ പുരുഷ അനുപാതം 13:12 ആണ്. 6012 കുടുംബങ്ങളിൽ ഉദ്ദേശം 900 കുടുംബങ്ങളോളം വനിതകളുടെ നിയന്ത്രണത്തിലുള്ളവയാണ്.

വിദ്യാഭ്യാസ യോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് കുറവാണെന്ന് കണക്കുകൾ കാണിക്കുന്നു. എന്നാൽ ഉന്നത ബിരുദ ധാരികളുടെ എണ്ണം ഏറെക്കുറെ തുല്യമാണ്. തൊഴിൽ പങ്കാളിത്തത്തിലും സ്ത്രീകളുടെ എണ്ണം കുറവാണ്. പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്തം 46.14 ശതമാനം വരുമ്പോൾ സ്ത്രീകളുടേത് 22.42 ശതമാനമാകുന്നു. താഴ്ന്ന വരുമാനക്കാർക്കിടയിൽ സ്ത്രീകൾ കൂടുതൽ തൊഴിലിൽ ഏർപ്പെടുന്നവരാണ്. ഇടത്തരം കർഷക കുടുംബങ്ങളിലും, സാമ്പത്തിക ഉന്നതിയുള്ള കുടുംബങ്ങളിലും സ്ത്രീകൾ ഗൃഹഭരണത്തിൽ ഏർപ്പെടുന്നവരാണ്.

സ്ത്രീകൾക്ക് മുൻതൂക്കമുള്ള തൊഴിൽ മേഖലകൾ താഴെ പട്ടിക – 1 ൽ ചേർക്കുന്നു

പട്ടിക – 1

| ക്രമ നമ്പർ | മേഖലയുടെ പേര് |
|---|---|
| 1 | അധ്യാപനം |
| 2 | ഖാദി നെയ്ത്ത് |
| 3 | ബീഡി നിർമ്മാണം |
| 4 | മെറ്റൽ നിർമ്മാണം |
| 5 | നൂൽനൂൽപ്പ് |
| 6 | കിടക്ക നിർമ്മാണം |

ഈ പഞ്ചായത്തിൽ തൊഴിൽ രഹിതർ കൂടുതൽ വനിതകളാണെന്ന് സർവ്വേയുടെ വെളിച്ചത്തിൽ മനസ്സിലാക്കാം. സാമ്പത്തിക സുരക്ഷിതത്വം കുടുംബങ്ങൾക്ക് ലഭിക്കാത്തതും ഈ കാരണത്താലാണ്. വനിതകളുടെ തൊഴിൽ മേഖലയുടെ വ്യാപ്തി വർദ്ധപ്പിക്കാൻ ശക്തമായ നടപടികൾ ആവശ്യമാണ്.

പൊതുപ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. പഞ്ചായത്ത് തലത്തിലോ പ്രാദേശിക തലത്തിലോ പ്രവർത്തിക്കുന്ന വിവിധ ബഹുജന സംഘടനകളുടെ ഭാരവാഹികളിൽ സ്ത്രീകൾ നാമമാത്രമാണ് എന്ന് പറയാം. രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും പഞ്ചായത്തിലെ വനിതകളുടെ ക്രിയാത്മകമായ സ്വാധീനം വളരെ കുറവാണ്.

വനിതകളുടേതുമാത്രമായ മൂന്ന് തൊഴിൽ കേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ട്. കൂടാതെ അമ്പലപുരത്ത് DWCRA യൂണിറ്റിന്റെ പ്രവർത്തനത്തിന് ആരംഭം കുറിച്ചിട്ടുമുണ്ട്. സ്ത്രീകളുടേതു മാത്രമായ തൊഴിൽ കേന്ദ്രങ്ങളുടേയും അതിലെ തൊഴിലാളികളുടേയും എണ്ണം പട്ടിക – 2 ൽ കൊടുക്കുന്നു.

പട്ടിക – 2

സ്ത്രീ തൊഴിൽ കേന്ദ്രങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിലാളി കളുടെ എണ്ണം |
|---|---|---|
| 1 | ഖാദി വില്ലേജ് ഇൻഡസ്ട്രി നൂൽ നൂൽപ്പ് കേന്ദ്രം | 50 |
| 2 | ചർക്കാ ഗ്രാമം മുണ്ടത്തിക്കോട് | 50 |
| 3 | സിൽക്ക് വനിതാ വെൽഫെയർ സൊസയ്റ്റി അത്താണി. | 12 |

പഞ്ചായത്തിലെ സ്ത്രീകൾ പൊതുവെ അസംഘടിതരാണ്. കഴിഞ്ഞ കാല നിയന്ത്രണങ്ങൾ മാറ്റപ്പെട്ടെങ്കിലും സംഘടിത ബോധം കുറവാണ്. മഹിളാ സംഘങ്ങൾ ഉണ്ടെങ്കിലും സർഗ്ഗാത്മകമായ നേതൃത്വം കൊടുക്കാൻ സംഘങ്ങൾക്ക് കഴിഞ്ഞിട്ടില്ല. മിശ്ര വിവാഹിതർ ഈ പഞ്ചായത്തിൽ ഏറെയുണ്ട്. നവോത്ഥാന പ്രസ്ഥാനത്തിന്റെ പിൻതലമുറക്കാർ എന്ന് വിശേഷിപ്പിക്കാവുന്ന ഇവർ അസംഘടിതരാണ്. സംഘടനാ തലത്തിൽ ഇവരെ രൂപപ്പെടുത്തിയാൽ ഒരു സാമൂഹ്യ ശക്തിയായി മാറ്റാൻ കഴിയും

നമ്മുടെ പഞ്ചായത്തിലെ വനിതകളുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് പ്രധാനമായും രണ്ട് മേഖലകളാണ് ശ്രദ്ധിക്കപ്പെടേണ്ടത് – തൊഴിലും വിദ്യാഭ്യാസവും. ഈ രണ്ട് മേഖലയിൽ വനിതകൾക്ക് സ്വയം പര്യാപ്തത നേടാൻ കഴിഞ്ഞാൽ ആരോഗ്യം, ഭരണം, നേതൃത്വം എന്നീ മേഖലകളിലേക്ക് അവരുടെ ശ്രദ്ധ പരസഹായം കൂടാതെ എത്തിച്ചേരുകയും ചെയ്യും.

പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകി വരുന്നുണ്ടെങ്കിലും കൊഴിഞ്ഞുപോക്ക് ഇപ്പോഴും നിലനിൽക്കുന്നു. പഞ്ചായത്തിലെ കുറച്ചു വീടുകൾ സാമ്പിളായി എടുത്ത് സർവ്വേ നടത്തിയപ്പോൾ കൊഴിഞ്ഞുപോക്കിന്റേയും, പഠനം തുടരാനാവാത്തതിന്റെയും വസ്തുക്കൾ മനസ്സിലാക്കാൻ കഴിഞ്ഞു. 40 പെൺകുട്ടികളെ മുഖാമുഖം നടത്തിയതിൽ നിന്ന് ലഭിച്ച കണക്കുകൾ പട്ടിക – 3ൽ കൊടുക്കുന്നു.

പട്ടിക – 3

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | യു. പി. ക്ലാസുകളിൽ വെച്ച് പഠനം നിർത്തിയവർ | 3 |
| 2 | ഹൈസ്കൂൾ ക്ലാസുകളിൽ പഠനം നിർത്തിയവർ | 8 |
| 3 | 10–ൽ തോറ്റ് പഠനം നിർത്തിയവർ | 14 |
| 4 | 10–ൽ ജയിച്ച് പഠനം തുടരാത്തവർ | 7 |
| 5 | മറ്റുള്ളവർ | 8 |

സ്ത്രീകളുടെ തൊഴിലവസരങ്ങൾക്കായി ഗ്രാമസഭകളിൽ നിന്നും നിർദ്ദേശിച്ച മേഖലകൾ പട്ടിക–4ൽ കൊടുക്കുന്നു.

പട്ടിക – 4

| ക്രമ നമ്പർ | തൊഴിൽ മേഖല |
|---|---|
| 1 | ടെയ്ലറിംഗ് |
| 2 | ബീഡി നിർമ്മാണം |
| 3 | മെഴുകുതിരി നിർമ്മാണം |
| 4 | പ്ലാസ്റ്റിക് ഉപകരണങ്ങൾ |
| 5 | തീപ്പെട്ടി നിർമ്മാണം |
| 6 | നഴ്സറി |
| 7 | പൂ കൃഷി |
| 8 | പച്ചക്കറി ഗ്രൂപ്പ് ഫാമിംഗ് |
| 9 | ആട്, കോഴി, പശു വളർത്തൽ |
| 10 | മിഠായി, പാൽ ഉല്പന്നങ്ങൾ |
| 11 | ചെറുകിട അച്ചടിശാല |
| 12 | ട്യൂഷ്യൻ സെന്ററുകൾ |
| 13 | ഡെ കെയർ യൂണിറ്റുകൾ |
| 14 | ബ്യൂട്ടി പാർലർ |
| 15 | ഡ്രൈ ക്ലീനിംഗ് സെന്റർ |
| 16 | കൂൺ കൃഷി |
| 17 | ഭക്ഷ്യ സംസ്കരണ സംഘങ്ങൾ |
| 18 | കൈത്തറി ഖാദി കേന്ദ്രങ്ങൾ |
| 19 | ചിലവു കുറഞ്ഞ കെട്ടിട നിർമ്മാണം |
| 20 | കിടക്ക നിർമ്മാണം |

## പ്രശ്നങ്ങൾ

1. മഹിളാ സമാജങ്ങൾ
2. പുരുഷന്മാരുടെ മദ്യപാനം സ്ത്രീയുടേയും അവളുടെ സാധ്യതകളേയും നിർവ്വീര്യമാക്കുന്നു.
3. വനിതകൾക്കായുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിനു നിലവിലില്ല.
4. I C D S സെന്റുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
5. സ്ത്രീധനം എന്ന സാമൂഹ്യ വിപത്ത് പഞ്ചായത്തിൽ ഇപ്പോഴും നിലനിൽക്കുന്നു.
6. വനിതകളുടെ സഹകരണ സംഘങ്ങൾ നിലവിലില്ല.
7. സ്ത്രീകളോടുള്ള അവഗണനയും അക്രമവും കൂടിവരുന്നു.
8. ബഹുജന സംഘടനകളിൽ വനിതകളുടെ പങ്കാളിത്തം കുറവാണ്.
9. കാർഷിക വാർദ്ധക്യ വികലാംഗ വിധവാ പെൻഷൻ ലഭിക്കാത്തവർ ധാരാളമുണ്ട്.
10 തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് വേണ്ടത്ര അവസരം ലഭിക്കുന്നില്ല.
11. സ്ത്രീ തൊഴിലാളികൾക്ക് നിശ്ചിത കൂലി ഏകീകരിച്ചിട്ടില്ല.
12. പല തൊഴിൽ ശാലകളിലും സ്ഥാപനങ്ങളിലും സ്ത്രീകൾക്ക് മാത്രമായ മൂത്രപ്പുരയും കക്കൂസയും ഇല്ല.
13. കൂലി നിരക്കിൽ സ്ത്രീപുരുഷ അന്തരം കൂടുതലാണ്.
14. സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ സംഘടിത ശ്രമങ്ങൾ കുറവാണ്.
15. D W C R A യൂണിറ്റുകളുടെ പ്രവർത്തനത്തിൽ സ്ത്രീകൾക്കിടയിലെ നേതൃത്വത്തിന്റെ അഭാവം പ്രകടമാണ്.
16. സ്ത്രീകളുടെ നേതൃത്വഗുണം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പരിപാടിയും പഞ്ചായത്തിൽ നിലവിലില്ല..
17. സ്ത്രീകളുടെ ആരോഗ്യ നിലവാരം കുറവാണ്. പോഷകാഹാരക്കുറവ് കാണപ്പെടുന്നുണ്ട്.

## സാധ്യതകൾ നിർദ്ദേശങ്ങൾ

1. വനിതകൾക്കായി ഗവ: ധന സഹായത്തോടെ പ്രവർത്തിക്കുന്ന രണ്ട് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കണം.
2. ഓരോ വാർഡിലും രണ്ട് മഹിളാ സമാജങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കണം. നിലവിലുള്ള സംഘങ്ങൾ പുനരുദ്ധരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കണം.
3. I C D S സെന്ററുകൾ ഒരു വാർഡിൽ രണ്ട് എണ്ണം വീതം വേണം. സ്വന്തമായ കെട്ടിടവും ഉപകരണങ്ങളും ഉണ്ടാകണം. കുട്ടികളുടെ സുരക്ഷിതത്വം പരിഗണിച്ച് ഉറപ്പുള്ള വാടക കെട്ടിടം എടുത്തു പ്രവർത്തിക്കേണ്ടി വന്നാൽ ആവശ്യമായ ധനസഹായം ചെയ്യണം.
4. സമ്പൂർണ്ണ മദ്യ നിരോധനം നടപ്പിലാക്കണം.
5. സ്ത്രീധന നിരോധനം നടപ്പിലാക്കണം. അതിനുവേണ്ടി ബോധവൽക്കരണ സെമിനാറുകൾ വാർഡ് തലത്തിൽ സംഘടിപ്പിക്കണം.
6. സ്ത്രീധനത്തെ സംബന്ധിച്ച പ്രശ്നങ്ങളിൽ ഇടപെടാനും വേണ്ട നടപടികൾ സ്വീകരിക്കാനും പഞ്ചായത്ത് തലത്തിൽ ഒരു സ്ത്രീധന നിരോധന സെൽ രൂപീകരിക്കേണ്ടതാണ്.
7. മേൽപറഞ്ഞ സെൽ മൊത്തം സ്ത്രീകളുടെ പ്രശ്നങ്ങളിൽ ഇടപെടാൻ തക്കവണ്ണം വിപുലമാക്കാവുന്നതാണ്. തൊഴിൽ സംബന്ധമായ ഉപദേശങ്ങൾ നൽകാനും നേതൃത്വം നൽകാനും ഈ സെല്ലിന് കഴിയണം. പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, ഒരു വനിതാവക്കീൽ, അധ്യാപികമാർ, സാമൂഹ്യ മഹിളാ പ്രവർത്തകർ തുടങ്ങിയവർ സെല്ലിൽ അംഗങ്ങളാവണം.
8. സ്ത്രീകളുടെ ആരോഗ്യ പരമായ കാര്യങ്ങളിൽ അവരെ ബോധവൽക്കരിക്കാൻ ഓരോ വാർഡിലും വർഷത്തിൽ രണ്ട് തവണ ആരോഗ്യ സെമിനാറുകളും മെഡിക്കൽ ക്യാമ്പുകളും നടത്തേണ്ടതാണ്.
9. സ്ത്രീകളുടെ നിരക്ഷരത ഇല്ലാതാക്കാനും നവസാക്ഷരരായ സ്ത്രീകൾക്ക് തുടർ വിദ്യാഭ്യാസം നൽകാനും മഹിളാ സമാജത്തോടു കൂടി ജനവിദ്യാ കേന്ദ്രങ്ങൾ തുറക്കണം.
10. പൊതു രംഗത്തേക്ക് വനിതകളെ കൊണ്ടുവരുന്നതിന് ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുക.
11. വിദ്യാലയങ്ങളിലെ പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുക.
12. വനിതകളുടെ ക്ഷേമത്തിനായി നിലവിലുള്ള പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കാൻ അവയെ വിശദീകരിച്ചുകൊണ്ട് വാർഡ് തലത്തിൽ ശില്പശാലകൾ സംഘടിപ്പിക്കേണ്ടതാണ്.
13. സ്ത്രീകൾക്കായുള്ള സ്വയം തൊഴിൽ സംരംഭങ്ങളും സഹകരണ സംഘങ്ങളും വാർഡ് തലത്തിൽ സ്ഥാപിക്കുക.
14. വാർഡ്തലത്തിൽ I C D S സെന്ററുകൾ ഉറപ്പുവരുത്തുകയും പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യണം.
15. വനിതകൾക്ക് വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള വായ്പാ സമ്പ്രദായം ഉദാരമാ

ക്കുകയും വേണ്ട സബ്സിഡി നൽകി പ്രോൽ സാഹിപ്പിക്കുകയും ചെയ്യണം.

16. സ്ത്രീകൾക്ക് ലഭിക്കേണ്ട പെൻഷനുകൾ യഥാസമയം വിതരണം ചെയ്യുന്നതിൽ ശ്രദ്ധിക്കണം.

17. പഞ്ചായത്തിൽ സ്ഥലം എളുപ്പത്തിൽ ലഭ്യമാകുന്ന സ്ഥലത്ത് വനിതകൾക്കായി ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കേണ്ടതാണ്.

18. സ്ത്രീകളുടെ നേതൃത്വ ഗുണം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പരിപാടികൾ വാർഡ് തലത്തിൽ സംഘടിപ്പിക്കണം.

19. DWCRA യൂണിറ്റുകൾ വാർഡ് തോറും സ്ഥാപിക്കുക.

20. കൂലിനിരക്കിൽ സ്ത്രീപുരുഷ അന്തരം കുറക്കുക.

21. സ്ത്രീ തൊഴിലാളികളുടെ കൂലി ഏകീകരിക്കുക.

22. സ്ത്രീകൾക്ക് പച്ചക്കറിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് സഹായം നൽകുക.

23. സ്ത്രീ പീഡനങ്ങൾക്കെതിരെ നിയമന നടപടികൾ ശക്തമാക്കുക.

മുണ്ടത്തിക്കോട് പഞ്ചായത്തിലെ വനിതകളുടെ പ്രശ്നങ്ങളും സാധ്യതകളും പഠിക്കുവാൻ സമിതി ശ്രമിച്ചിട്ടുണ്ട്. നാടിന്റെപുരോഗതിയും വികസനത്തിന്റെ പൂർണ്ണതയും വനിതകളുടെ ജീവിത സമ്പൂർണ്ണതയിലാണ്. ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വനിതകൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾക്കായി അടുത്ത പദ്ധതിയിൽ ഉൾകൊള്ളിക്കാനായി മുണ്ടത്തിക്കോട് പഞ്ചായത്തിലെ വനിതാ വികസന റിപ്പോർട്ട് ഇവിടെ സമർപ്പിക്കുന്നു.

## 2 സഹകരണം

കേരളത്തിലെ സഹകരണ സംഘ പ്രവർത്തനങ്ങളുടെ ചരിത്രത്തിനൊപ്പം നടന്നുവരാൻ കഴിഞ്ഞ പ്രസ്ഥാനമാണ് മുണ്ടത്തിക്കോട് പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനം.

### 1 ക്രെഡിറ്റ് സംഘങ്ങൾ

നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തിക സിരാകേന്ദ്രങ്ങളായി മാറിയ പെരിങ്ങണ്ടൂർ സർവ്വീസ് സഹകരണ ബാങ്കും, പുതുരുത്തി സർവ്വീസ് സഹകരണ ബാങ്കുമാണ് പ്രധാനപ്പെട്ട ക്രെഡിറ്റ് സംഘങ്ങൾ.

പെരിങ്ങണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് 1932 ലും പുതുരുത്തി സർവ്വീസ് സഹകരണ ബാങ്ക് 1950 ലുമാണ് പ്രവർത്തനങ്ങൾക്ക് ഹരിശ്രീ കുറിച്ചത്.

### 2 ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

മുണ്ടത്തിക്കോട് ക്ഷീരോല്പാദക സഹകരണ സംഘം, പുതുരുത്തി ക്ഷീരോല്പാദക സഹകരണസംഘം, പാർളിക്കാട് ക്ഷീരോല്പാദക സഹകരണസംഘം, പ്രവർത്തനം തുടങ്ങാനിരിക്കുന്ന അമ്പലപുരം ക്ഷീരോല്പാദക സഹകരണസംഘം. എന്നിവയാണ് പ്രധാനപ്പെട്ട സഹകരണ സംഘങ്ങൾ

### 3 കളിമൺ വ്യവസായ സഹകരണസംഘം

### 4 കരിങ്കൽ വ്യവസായ സഹകരണസംഘം

1984 ൽ രജിസ്ട്രേഷൻ നടന്ന കളിമൺ സഹകരണസംഘം, പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ പുരോഗതിക്കുവേണ്ടി രൂപീകരിച്ച കരിങ്കൽ വ്യവസായ സഹകരണസംഘം എന്നിവയാണ് മറ്റ് സംഘങ്ങൾ. കളിമൺ വ്യവസായ സഹകരണസംഘം ഖാദി ബോർഡിന്റെ കീഴിൽ രജിസ്ട്രേഷൻ ചെയ്തിട്ടുള്ള സംഘമാണ്.

## സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

## താരതമ്യ പഠനം

| | | |
|---|---|---|
| 1. സ്ഥാപനത്തിന്റെ പേര് : | പെരിങ്ങണ്ടൂർ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 297 | പുതുരുത്തി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 825 |
| 2. പ്രവർത്തന പരിധി : | പെരിങ്ങണ്ടൂർ, മിണാലൂർ, പാർളിക്കാട് എന്നീ വില്ലേജുകളും മുണ്ടത്തിക്കോട് വില്ലേജിന്റെ കുറച്ച് പ്രദേശങ്ങളും. | പുതുരുത്തി, മുണ്ടത്തിക്കോട് എന്നീ രണ്ടു വില്ലേജുകൾ. |
| 3. ക്രെഡിറ്റ് / നോൺ ക്രെഡിറ്റ് | ക്രെഡിറ്റ് | ക്രെഡിറ്റ് |
| 4. പ്രവർത്തനം ആരംഭിച്ച വർഷം | 1932 | 1950 |
| 5. ആകെ അംഗങ്ങൾ | 5895 | 3256 |
| 6. ഒരു ഓഹരിയുടെ വില | 10 | 10 |
| 7. അംഗീകൃത ഓഹരി മൂലധനം | 17,00,000 | 6,00,000 |
| 8. പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | 12,75,640 | 1,83,324 |
| 9. സർക്കാർ ഓഹരി ഉണ്ടോ | 1,00,000 | 50,000 |
| 10. പരമാവധി ഒരു മെമ്പർക്കു് കൊടുക്കാവുന്ന കടം | 1,00,000 | 25,000 |

## പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

| | പെരിങ്ങണ്ടൂർ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 297 | പുതുരുത്തി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 825 |
|---|---|---|
| A. സ്ഥിരം | 1,40,52,087.00 | 16,09,460.00 |
| B. ഹ്രസ്വകാലം | 18,70,097.73 | 2,85,467.00 |
| C. മററുനിക്ഷേപങ്ങൾ | 64,46,216.78 | 1,04,034.00 |

## മെമ്പർമാർക്ക് നൽകിയിട്ടുള്ള വായ്പകൾ

## താരതമ്യ പഠനം

| | പെരിങ്ങണ്ടൂർ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 297 | പുതുരുത്തി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 825 |
|---|---|---|
| A. ഹൃസ്വകാല കാർഷിക വായ്പ | 4,04,217.00 | 5,33,751.00 |
| B. മറ്റു വായ്പകൾ | | |
| 1. ആൾ ജാമ്യ വായ്പ | 4,68,943.00 | 1,99,845.00 |
| 2. വസ്തു ഈടു വായ്പ | 1,16,27,847.00 | — |
| 3. ഡെപ്പോസിറ്റു വായ്പ | 6,62,933.00 | 15,450.00 |
| 4. പണ്ടം പണയം വായ്പ | 52,63,146.00 | 17,26,378.00 |
| 5. IRDP | 13,187.00 | 6,666.00 |
| 6. ഭവന നിർമ്മാണ വായ്പ | 26,965.00 | 15,558.00 |
| 7. സെപ്റ്റിക് ടാങ്ക് ലോൺ | 1,492.00 | — |
| 8. പദ്ധതി വായ്പ | 1,44,227.00 | — |
| 9. വിദ്യഭ്യാസ വായ്പ | 2,520.00 | — |
| 10. മെമ്പേഴ്സ് ഒ. ഡി. | 85,973.45 | — |
| 11. സ്റ്റാഫ് ഒ. ഡി. | 1,18,564.00 | — |
| 12. പി. എഫ്. ലോൺ | 85,760.00 | — |
| 13. എം. ഡി. എസ്. ലോൺ | 15,21,000.00 | — |
| ആകെ | 2,04,26,774.45 | 25,08,216.00 |

## സഹകരണ മേഖല നേരിടുന്ന പ്രശ്നങ്ങൾ

സഹകരണമേഖല വലിയ ഒരു പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. 8-ാം പദ്ധതിയിൽ കാര്യമായ പരിഗണന ലഭിക്കാതെപോയി എന്നതും ഇന്ത്യയിലെ ബാങ്കിംങ് വ്യവസ്ഥയെ കുറിച്ചുള്ള അന്വേഷണങ്ങൾ അടങ്ങിയ നരസിംഹം കമ്മിറ്റി റിപ്പോർട്ടിൽ സഹകരണമേഖലയെ കുറിച്ചുള്ള പരാമർശങ്ങൾ ഇല്ല എന്നതും സഹകരണ മേഖലയുടെ വർത്തമാനകാല ദുരന്തമാണ്.

സഹകരണ മേഖല നേരിടുന്ന പൊതുവായ പ്രശ്നങ്ങൾ നമ്മുടെ പഞ്ചായത്തിലും പ്രതിഫലിക്കുന്നുണ്ട്. ബാങ്കിംങ് മേഖലയിലെ മത്സരങ്ങൾ, പലിശയിലെ വ്യതിയാനങ്ങൾ, ബ്ലേഡ് കമ്പനികളുടെ വ്യാപകമായ ആവിർഭാവം എന്നിവ പ്രധാനപ്പെട്ട പ്രശ്നങ്ങളാണ്. മറ്റൊന്ന് സഹകരണ നിയമങ്ങളുടെ പൊളിച്ചെഴുത്ത് നടത്തേണ്ടതിന്റെ അനിവാര്യതയാണ്.

### 1. പുതുരുത്തി സർവ്വീസ് സഹകരണ സംഘം

മുണ്ടത്തിക്കോടിന്റെ ഒരു ഭാഗവും, പുതുരുത്തി വില്ലേജുമടങ്ങുന്ന പുതുരുത്തി സഹകരണ സംഘം പിന്നോക്കാവസ്ഥയിലാണ്.

### നിർദ്ദേശങ്ങൾ

a. ചുരുങ്ങിയ പലിശക്ക് വായ്പയായും, ഓഹരി സംഖ്യയായും, സബ്സിഡിയായും ലഭിക്കുന്നതിന് സർക്കാരിൽ ആവശ്യപ്പെടുക.

b. ജനകീയ പങ്കാളിത്തത്തോടെ ഡെപ്പോസിറ്റുകൾ കണ്ടെത്താൻ ശ്രമിക്കണം.

c. ബാങ്കിന്റെ വളർച്ചക്ക് ആവശ്യമായ പുതിയ സ്കീമുകൾ തുടങ്ങണം.

### 2. പെരിങ്ങണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക്.

സർഗ്ഗാത്മകമായ വികസനത്തിലൂടെ മുന്നോട്ട് പോകുന്ന സംഘമാണ് മപരിങ്ങണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക്.

### നിർദ്ദേശങ്ങൾ

a. സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണം.
b. കാർഷിക വായ്പയുടെ കുറവ് നികത്തണം.
c. I R D P വായ്പയിൽ വർദ്ധനവുണ്ടാക്കണം.
d. ആധുനിക മാനേജ്മെന്റ് സാധ്യതകൾ ഉപയോഗിക്കണം.

### 3. ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

മെച്ചപ്പെട്ട പ്രവർത്തനമാണ് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ നടത്തുന്നത്.

### പ്രശ്നങ്ങൾ

പാലിന്റെ ഉല്പാദന ചിലവിനനുസരിച്ച് പാലിന് വില ലഭിക്കുന്നില്ല.

### നിർദ്ദേശങ്ങൾ

1. കാലിതീറ്റക്ക് സബ്സിഡി നല്കണം.
2. പുൽവിത്ത്, മിനറൽ മിക്സചർ, വൈക്കോൽ സമ്പുഷ്ടികരണം എന്നിവക്ക് വേണ്ട സൗകര്യങ്ങൾ ഉണ്ടാകണം.
3. കളിമൺ വ്യവസായ സഹകരണ സംഘം നിർജ്ജീവാവസ്ഥ മാറ്റി കൂടുതൽ ജനപങ്കാളിത്തത്തോടുകൂടി ഊർജ്ജ്വസ്വലമായ പ്രവർത്തനം നടത്താൻ കഴിയണം.
4. കരിങ്കൽ വ്യവസായ സഹകരണ സംഘം പ്രാരംഭാവസ്ഥയിലാണ്.

### 4. നെല്ല് വിപണന സംസ്കരണ സഹകരണ സംഘം, അത്താണി.

തൃശൂർ ജില്ലാ സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ വ്യാവസായിക അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്ന ഒരു സഹകരണ സ്ഥാപനമാണിത്. 'കാർത്തിക' എന്ന പേരിൽ പുറത്തുവരുന്ന അരിയാണ് ഇവിടുത്തെ ഉദ്പന്നം.

### 5. ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച്, അത്താണി

നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയാണിത്.

### സാദ്ധ്യതകൾ

സഹകരണ പ്രസ്ഥാനത്തിന്റെ അനന്തമായ സാദ്ധ്യതകൾ ഉപയോഗിക്കുന്നതിലൂടെ ജനകീയ ആസൂത്രണത്തിന് ജാജ്വല്യമാനമായ നേട്ടങ്ങൾ കൈവരിക്കാനാകും. ജനങ്ങളുടെ പരസ്പര സഹകരണത്തിലൂടെ പഞ്ചായത്തിനെ പുരോഗതിയിലേക്ക് കൈപിടിച്ചുയർത്തുവാനുള്ള ഏറ്റവും പ്രധാന വഴി സഹകരണ പ്രസ്ഥാനത്തിന്റേതാണ്. ഓരോരുത്തർക്കുവേണ്ടി എല്ലാവരും എല്ലാവർക്കും വേണ്ടി ഓരോരുത്തരും എന്ന സഹകരണ തത്വത്തിന്റെ പ്രയോഗികത തന്നെയാണ് ജനകീയ ആസൂത്രണ സന്ദേശത്തിലും പ്രതിഫലിക്കുന്നത്.

മുണ്ടത്തിക്കോട് പഞ്ചായത്തിന്റെ മുഖഛായ മാറ്റാൻ കഴിയുന്ന വിധത്തിൽ കാർഷിക വ്യാവസായിക വിപ്ലവത്തിന് സഹകരണ ഖേലയിലൂടെ തുടക്കം കുറിക്കാൻ നമ്മൾക്ക് കഴിയണം.

### നിർദ്ദേശങ്ങൾ

a. കാർഷിക മേഖലയിൽ കൂട്ടുകൃഷി സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
b. മത്സ്യ തൊഴിലാളികൾക്കുവേണ്ടി ഉൾനാടൻ ജലാശയങ്ങൾ കേന്ദ്രമാക്കി മത്സ്യകൃഷി സഹകരണസംഘം രൂപീകരിക്കുക.
c. നാണ്യവിളകൾക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ട് മാർക്കറ്റിങ്ങ് & പ്രോസസിങ്ങ് സംഘങ്ങൾ രൂപീകരിക്കുക.
d. തൊഴിൽ രഹിതർക്കുവേണ്ടി ചെറുകിട വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
e. വനിത സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
f. 5, 6 വാർഡുകൾ ചേർന്ന് ക്ഷീരോല്പാദക സഹകരണ സംഘം രൂപീകരിക്കുക.
g. ബീഡി വ്യവസായ സഹകരണ സംഘം രൂപീകരിക്കുക.
h. പഴം, പച്ചക്കറി സഹകരണ സംഘം രൂപീകരിക്കുക.

# 3. മൃഗ പരിപാലനവും മത്സ്യസമ്പത്തും

## 1. മൃഗപരിപാലനം

ഈ പഞ്ചായത്തിലെ മൃഗപരിപാലനം അവലോകനം ചെയ്യുമ്പോൾ ഉല്പാദനക്ഷമത കുറവായ നാടൻ പശുക്കൾക്ക് പ്രാമുഖ്യം ഉള്ള ഒരു കാലഘട്ടം ഉള്ളതായി കാണാം. മേച്ചിൽപ്പുറങ്ങളിൽ മേഞ്ഞ് അലഞ്ഞുതിരിഞ്ഞ് നടക്കുന്നവ. ശാസ്ത്രീയ പരിപാലനം അല്പം തീണ്ടുകപോലും ചെയ്യാത്തവ, മൃഗാശുപത്രിയുടെ അഭാവം മൂലം രോഗ-പ്രതിരോധ ചികിൽസക്കായി പാരമ്പര്യ-നാടൻ ചികിൽസാ രീതികളെ അവലംബിച്ചിരുന്ന കാലഘട്ടം. ഉല്പാദനശേഷി കുറവായതിനാൽ വിപണന രംഗത്ത് കാര്യമായി ശ്രദ്ധിക്കേണ്ടി വന്നില്ല. കൃഷി, പാൽ, മാംസം, മുട്ട എന്നിവയുടെ പരിമിതമായ ആവശ്യത്തിനുവേണ്ടി മാത്രം കന്നുകാലികളെ വളർത്തിയിരുന്ന ആ കാലഘട്ടത്തിന് സാമൂഹ്യ സാമ്പത്തിക രംഗത്തുണ്ടായ മാറ്റങ്ങൾക്കു വിധേയമായി കാതലായ മാറ്റം വന്നു. പരിസ്ഥിതിക്കനുസൃതമായിട്ടുള്ള ആവശ്യവും, ജനങ്ങളിൽ ഉണ്ടായ ശാസ്ത്രീയ അവബോധത്തിന്റെ വളർച്ചയും ഉൾക്കൊണ്ടുകൊണ്ട്, പരിമിതികൾ ഉണ്ടെങ്കിൽ പോലും, ഈ രംഗത്ത് കാര്യമായ ഒരു ചലനം ഉണ്ടായിട്ടുണ്ട്.

ക്രത്രിമ ബീജ സങ്കലനത്തിന്റെ സാദ്ധ്യത ഏകദേശം 1972-ൽ ഈ പഞ്ചായത്തിൽഎത്തിയെങ്കിലും ആശാവഹമായ പുരോഗതി കൈവരിക്കാനായിട്ടില്ല. എന്നാൽ സംസ്ഥാനത്ത് മൊത്തത്തിൽ ഉണ്ടായ മാറ്റത്തിന്റെ പ്രതിഫലനം ഈ പഞ്ചായത്തിലും അനുഭവപ്പെട്ടതുകൊണ്ട് സങ്കര വർഗ്ഗത്തിന്റെ ഇനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് ഒരു ഏകദേശം കണക്കനുസരിച്ച് ഈ പഞ്ചായത്തിലുള്ള 932 പശുക്കളിൽ സങ്കര വർഗ്ഗത്തിൽപ്പെട്ടവ 486-ഉം, അല്ലാത്തവ 446-ഉം ആണ്. അതിൽ തന്നെ കറവുള്ളവയിൽ 240 എണ്ണം സങ്കര വർഗ്ഗവും 238 എണ്ണം അല്ലാത്തവയും ആണ്. പശുക്കളെ പ്രധാനമായും പാലിനു വേണ്ടിയും ആട്, കോഴി എന്നിവയെ മാംസം, മുട്ട എന്നിവയ്ക്കു വേണ്ടിയും ആണ് വളർത്തിയിരുന്നതും വളർത്തുന്നതും. സഹകരണ അടിസ്ഥാനത്തിലുള്ള സംഘങ്ങൾ ഒരു പരിധി വരെ പാൽ വിപണനത്തിന് സൗകര്യം ഒരുക്കുന്നുണ്ടെങ്കിലും മാംസം, മുട്ട ഇവയുടെ വിപണന സൗകര്യങ്ങൾ ഈ പഞ്ചായത്തിൽ അപര്യാപ്തമാണ്. ആടുവളർത്തൽ, തേനീച്ച വളർത്തൽ, മുയൽ വളർത്തൽ, പന്നി വളർത്തൽ എന്നിവയ്ക്ക് മൃഗ സംരക്ഷണ മേഖലയിൽ സാധ്യതകൾ ഉണ്ടായിട്ടു പോലും വ്യാവസായികമായും, തൊഴിൽപരമായുംപ്രധാന്യമുള്ള ഈ സംരഭങ്ങൾ ഈ പഞ്ചായത്തിൽ തീരെ കുറവാണ്.

പഞ്ചായത്തിലെ 1996-ലെ സ്ഥിതിവിവര കണക്ക് അനുസരിച്ച് 1124 വീടുകളിൽ കന്നുകാലികളും, 714 വീടുകളിൽ ആടുകളും, 1989 വീടുകളിൽ കോഴികളും, 2 വീടുകളിൽ പന്നികളും , ഇവ ഒന്നും ഇല്ലാത്ത 2325 വീടുകളും ഉള്ളതായി കാണാം. 1996-ലെ മറ്റൊരു കണക്ക് അനുസരിച്ച് മൃഗങ്ങളെ ബാധിച്ചിട്ടുള്ള രോഗങ്ങൾ പ്രധാനമായും ദഹന സംബന്ധമായും, ശ്വാസകോശ സംബന്ധമായും ഉപാപചയ സംബന്ധമായും , പ്രത്യുല്പാദന സംബന്ധമായും, ധാതുലവണങ്ങളുടെ അഭാവം മൂലവും ഉള്ള രോഗങ്ങൾ, ത്വക്കു രോഗങ്ങൾ, പാദരോഗങ്ങൾ, അകിടുവീക്കം മുടന്തൽ രോഗം എന്നിവയാണ്. ഈ രോഗങ്ങൾ ഏറ്റവും കൂടുതൽ ബാധിച്ചിട്ടുള്ളത് പശുക്കളെയാണ്. കൃത്രിമ ബീജ സങ്കലന രംഗത്ത് ആശാവഹമായ മുന്നേറ്റത്തെ സൂചിപ്പിക്കുന്ന കണക്കാണ് മറ്റൊരു സർവ്വെ കാണിക്കുന്നത്. പേവിഷ ബാധക്കെതിരായുള്ള പ്രതിരോധ കുത്തിവെപ്പും പഞ്ചായത്തിൽ ചെറിയ അളവിൽ നടത്തപ്പെട്ടിട്ടുണ്ട്.

മൃഗ സംരക്ഷണ വകുപ്പിന്റേയും, ക്ഷീര വികസന വകുപ്പിന്റേയും, എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന്റേയും ആഭിമുഖ്യത്തിൽ സർക്കാർ തലത്തിലും, സഹകരണ മേഖലയിലും മൃഗ പരിപാലന രംഗത്തും, ക്ഷീരോല്പാദന രംഗത്തും പല പരിപാടികളും ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. എങ്കിലും അവ സമഗ്ര പ്രശ്ന പരിഹാര ലക്ഷ്യത്തിലേക്കുള്ള പ്രായാണത്തിന്റെ ഒരു ചെറിയ ദൂരം മാത്രമേ പിന്നിടുന്നുള്ളൂ എന്നതുകൊണ്ട് ഇനിയും മുന്നോട്ട് ബഹുദൂരം പല കടമ്പകളും കടന്ന് പോകേണ്ടിയിരിക്കുന്നു.

### മൃഗ പരിപാലന രംഗത്ത് നില നില്ക്കുന്ന പ്രശ്നങ്ങൾ

### ഉല്പാദന മേഖല :-

1. മേൽത്തരം സങ്കരയിനം പശുക്കളുടെ അഭാവം.

**മുണ്ടത്തിക്കോട് പഞ്ചായത്ത്**
**വളർത്തുമൃഗങ്ങളും കോഴികളും ഉള്ള വീടുകളുടെ എണ്ണം**
**താരതമ്യ പഠനം**




**വളർത്തുമൃഗങ്ങളുടെ കൃത്രിമ ബീജസങ്കലനം**



2. സങ്കരയിനം പശുക്കൾക്ക് അനുയോജ്യമായ തീറ്റ ക്രമത്തിന്റെ ന്യൂനത.
3. കാലിതീറ്റയുടെ ക്രമാതീതമായ വിലവർദ്ധനവ്.
4. മേച്ചിൽ പുറങ്ങളുടെ അഭാവവും, തീറ്റപുൽ കൃഷി ചെയ്യുന്നതിലുള്ള അഭാവവും.
5. ശാസ്ത്രീയ മൃഗ പരിപാലന രീതിയോടുള്ള അജ്ഞതയും അവജ്ഞയും.
6. പാലിനും, ഉപോല്പന്നങ്ങൾക്കും ന്യായമായ വിലയുടെ ലഭ്യത കുറവ്.
7. പാൽ സംഭരണ സംവിധാനത്തിന്റെ അപര്യാപ്തത.
8. ശാസ്ത്രീയമായ കോഴി വളർത്തലിലുള്ള അജ്ഞത.
9. നല്ലയിനം കോഴികളുടെ ലഭ്യത കുറവും, തുടർച്ചയായി ഉണ്ടാകുന്ന രോഗങ്ങളും .
10. ആടു വളർത്തൽ വ്യാപകമായ തോതിൽ നടത്തുവാനുള്ള ശേഷിക്കുറവ്.
11. പ്രാദേശിക അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മാണത്തിനുള്ള പരിചയകുറവും, അജ്ഞതയും.
12. കാലാകാലങ്ങളിൽ ശാസ്ത്രീയമായ അറിവ് നേടുന്നതിനുള്ള കാല വിളംബം.
13. കുറ്റമറ്റ മാംസോല്പാദനം, വിപണനം എന്നിവയിലുള്ള കെടു കാര്യസ്ഥത.
14. രോഗങ്ങൾക്ക് സത്വര പ്രതിവിധി നേടുന്നതിനുള്ള കാല വിളംബവും സംവിധാനത്തിന്റെ കുറവും.

## സേവന മേഖല :-

1. മെച്ചപ്പെട്ട മൃഗാശുപത്രി സൗകര്യങ്ങളുടെ അപര്യാപ്തത.
2. പരിശീലന കേന്ദ്രങ്ങളുടെ അഭാവം.
3. ബോധവൽക്കരണ പരിപാടികളുടെ പോരായ്മ.

## ആസൂത്രണ മേഖല :-

1. പദ്ധതി ഗുണഭോക്താക്കളിൽ യഥാസമയം എത്തിക്കുന്നതിൽ വരുന്ന കാല വിളംബം.
2. മാറ്റങ്ങൾക്കനുസൃതമായി പദ്ധതി ആസൂത്രണം ചെയ്യുന്നതിലുള്ള അപാകത.

## പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ :-

1. മൃഗാശുപത്രിയുടെ ഇന്നുള്ള ശോചനീയാവസ്ഥ മാറ്റുക.
2. മൃഗാശുപത്രി വൈദ്യുതീകരിക്കുക, ട്രെവിസ്, പ്രാഥമിക സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുക.
3. വേണ്ടത്ര ഫർണീച്ചർ, മരുന്നുകൾ, ടെലഫോൺ സൗകര്യം, ഫ്രിഡ്ജ് എന്നിവ ലഭ്യമാകുക.
4. കൂടുതൽ വെറ്റിനറി സബ് സെന്ററുകൾ ആരംഭിക്കുക.
5. കൃത്രിമ ബീജ സങ്കലനം വ്യാപകമാകുകയും നാടൻ വിത്തു കാളകളെ വന്ധീകരിക്കുകയും ചെയ്യുക.
6. കർഷകക്ക് സൗജന്യ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുക.
7. തേങ്ങ ആട്ടി വെളിച്ചെണ്ണ എടുക്കുന്ന പ്രക്രിയ ഇവിടെ തന്നെ നടത്തി ഉപോല്പന്നമായ കൊപ്രയും, കപ്പയും മറ്റു ചേരുവകളും ചേർത്ത് കാനിത്തീറ്റ ചെറു നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക.
8. കാർഷിക മേഖലയും മൃഗ സംരക്ഷണ മേഖലയും തമ്മിൽ ബന്ധിപ്പിച്ചുള്ള പ്രവർത്തനം ആവിഷ്കരിക്കുക.
9. വ്യാപകമായി പുൽവിത്ത് വിതരണം ചെയ്യുവാനും, ധനസഹായത്തോടെ പുൽകൃഷി വ്യാപകമാക്കാനും സംവിധാനമുണ്ടാക്കുക.
10. കോഴി കുഞ്ഞുങ്ങളെ വൻതോതിൽ വിരിയിച്ചെടുക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
11. ആടു വളർത്തൽ യൂണിറ്റുകൾക്ക് രൂപം നല്കുക.
12. വിപണന സാധ്യത കണക്കിലെടുത്ത് ധനസഹായത്തോടെ പന്നി വളർത്തൽ പരിപോഷിപ്പിക്കുക.
13. കാലിതൊഴുത്ത് നിർമ്മാണം, ഗോബർഗ്യാസ് പ്ലാന്റ് എന്നിവയ്ക്ക് ധനസഹായം നൽകുക.
14. അറവുശാലകളിൽ മാംസ പരിശോധന നടത്തുകയും, തോൽ, മാംസം, രക്തം തുടങ്ങിയവ ഉപയോഗിച്ചുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് രൂപം നല്കുകയും ചെയ്യുക.

## മൃഗ സംരക്ഷണ മേഖലയിലെ ചില മാതൃകാ പദ്ധതികൾ

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

4 മുതൽ 9 മാസം വരെ പ്രായമായ സങ്കര ഇനം പശുകുട്ടികൾക്ക് 32 മാസം വരെ സൗജന്യ നിരക്കിൽ കാലിത്തീറ്റ ലഭ്യമാകുന്നു. ഈ ആനുകൂല്യം എല്ലാ കർഷകർക്കും ലഭ്യമാക്കണം. കാലിത്തീറ്റ വില വർദ്ധനവ് അനുസരിച്ച് സബ്സിഡി സഹായം വർദ്ധിപ്പിക്കണം.

2. മിനി ഡയറി യൂണിറ്റുകൾ

3 പശുക്കൾ അടങ്ങുന്ന ഈ പദ്ധതിക്ക് പകുതി ബാങ്ക് വായ്പയും, നാലിലൊന്ന് ധന സ

ഹായവും ബാക്കി ഗുണഭോക്താവും വഹിക്കണം. മിക്ക കർഷകർക്കും ഇത് മുഖ്യ / ഉപതൊഴിലായി കൊണ്ടു നടക്കാവുന്നതാണ്.

3. കുടുംബ പശുവളർത്തൽ രീതി

ഓരോ വീട്ടിലും ഒരു കറവപശു എന്ന രീതിയിൽ നടപ്പിലാക്കാവുന്നതാണ്. പാൽ പോഷകാഹാരമായും ചാണകവും മറ്റും ജൈവവളമായുംഉപയോഗിക്കാം.

4. വനിതാ സംരംഭകർക്ക് പശുവളർത്തൽ

പഞ്ചായത്തിലെ 15 വനിതകളുടെസംഘമാണ് ഗുണഭോക്താക്കൾ. ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വായ്പ ലഭ്യമാക്കുകയും DWCRA ധനസഹായം ലഭ്യമാക്കുകയും ചെയ്യാം. ഈ രീതിയിൽ പശുവളർത്തലും ആടുവളർത്തലും ലാഭകരമായി നടത്താവുന്നതാണ്

5. കാളക്കുട്ടി വളർത്തൽ പദ്ധതി

കാളക്കുട്ടികളെ ശാസ്ത്രീയമായ രീതിയിൽ വളർത്തി മാംസോൽപ്പാദനത്തിനു വേണ്ടി ഉപയോഗിക്കാവുന്നതാണ്. കേരളത്തിൽ ഇന്ന് ഏകദേശം 95 ശതമാനം ജനങ്ങളും മാംസഭുക്കുകളാണെന്ന കാര്യം ഇതിന്റെ വിപണന സാധ്യത വർദ്ധിപ്പിക്കുന്നു.

6. വീട്ടുമുറ്റത്തെ കോഴിവളർത്തൽ

വീട്ടാവശ്യത്തിനുള്ള മുട്ടയുല്പാദനം ഉറപ്പുവരുത്തുന്നത് കൂടാതെ അധിക ചെലവില്ലാതെ ഭക്ഷണത്തിന്റെ പോഷകമൂല്യം ഉയർത്തുന്നു. കൂടാതെ വീട്ടമ്മമാർക്ക് ഒരു വരുമാന മാർഗ്ഗം കൂടിയാണ്. 45 ദിവസം പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെ ലഭ്യമാക്കി കുറഞ്ഞത് 1000 യൂണിറ്റുകൾ ഈ പഞ്ചായത്തിൽ സ്ഥാപിക്കാം.

7. എഗ്ഗർ നഴ്സറി

ഒരു ദിവസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായി വളർത്തി ഗുണമേന്മയുള്ള മുട്ടക്കോഴി കുഞ്ഞുങ്ങളെ വീട്ടുമുറ്റത്തെ കോഴിവളർത്തലിനും പൌൾട്രി ക്ലബ്ബിനും വിതരണം ചെയ്യുകയാണ് ലക്ഷ്യം. 500 കുഞ്ഞുങ്ങൾ വീതമുള്ള യൂണിറ്റ് ഈ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്.

8. ഇറച്ചികോഴിവളർത്തൽ

7മുതൽ 8 ആഴ്ചക്കുള്ളിൽ വിപണനത്തിന് യോഗ്യമാകുന്നതിനാൽ വർഷത്തിൽ അഞ്ചു തവണവരെ ഇറച്ചി കോഴികളെ വളർത്തി എടുക്കാവുന്നതാണ്. കുടുംബത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും ഒഴിവു സമയം ഉപയോഗപ്പെടുത്തി 250 കോഴികൾ വീതമുള്ള യൂണിറ്റ് ഉല്പാദിപ്പിച്ചെടുക്കാം. ഗ്രാമീണ വനിതകൾക്കായുള്ള ചെറുകിട യൂണിറ്റുകൾ ആരംഭിക്കാം. നല്ലയിനം കോഴികുഞ്ഞുങ്ങളേയും, തീറ്റയും കുറഞ്ഞവിലക്ക് പഞ്ചായത്ത് തലത്തിൽ ലഭ്യമാകണം. കോഴികളുടെ വിപണനത്തിന് സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

9. ആടുവളർത്തൽപദ്ധതി.

പാവപ്പെട്ടവരുടെ പശുവായ ആടുവളർത്തലിന് ഈ പഞ്ചായത്തിൽ ധാരാളം സാധ്യതയുണ്ട്. മേച്ചിൽസ്ഥലങ്ങളിൽ അഴിച്ചുവിട്ടു വളർത്താവുന്നതും, സോഷ്യൽ ഫോറസ്ട്രി മുഖേന ഡുബാബുൾ, പ്ലാവ് തുടങ്ങിയവ തീറ്റാവശ്യങ്ങൾക്കായി വെച്ചു പിടിപ്പിക്കാവുന്നതാണ്. ആട്ടിറച്ചിയുടെ ആവശ്യകത വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ മേഖല അടിസ്ഥാനത്തിൽ ആട്ടിറച്ചി സംസ്കരണ – വിപണന സഹകരണ സംഘങ്ങൾ സ്ഥാപിക്കാവുന്നതാണ്.

10. ഊർജ്ജിത പന്നിവളർത്തൽ പരിപാടി

പരിസ്ഥിതി പ്രശ്നങ്ങൾ കണക്കിലെടുത്ത് ഹോട്ടൽ അവശിഷ്ടങ്ങളും, പച്ചക്കറി അവശിഷ്ടങ്ങളും തീറ്റയായി ഉപയോഗിച്ച് മാംസോൽപ്പാദനത്തിനുള്ള പന്നികളെ വളർത്താവുന്നതാണ്. പ്രചനനത്തിനാവശ്യമായ 5 പെൺ പന്നികളും ഒരു ആൺ പന്നിയും അടങ്ങിയ യൂണിറ്റ് തുടങ്ങാവുന്നതാണ്.

11. സമ്മിശ്ര മൃഗ പരിപാലനം

കൃഷിസ്ഥലം പൂർണ്ണമായി ഉപയോഗപ്പെടുത്തി മൃഗപരിപാലനവും, കൃഷി, മത്സ്യം വളർത്തൽ,കോഴി വളർത്തൽ എന്നിവയുംസംയോജിപ്പിക്കാവുന്നതാണ്. കാർഷിക വിളകൾക്ക് ഒപ്പം 3 പശുക്കൾ , 5 ആടുകൾ, 5+1 പന്നികൾ, 25 കോഴികൾ എന്നിവയെ വളർത്തുകയും, തീറ്റപ്പുൽ കൃഷി ചെയ്യുകയുമാണ് ഈ രീതി. വിസർജ്ജ്യങ്ങൾ ജൈവവളമായും ഗോബർ ഗ്യാസ് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനും ഉപയോഗിക്കാം.

12. മുയൽ വളർത്തൽ

10 പെൺ മുയലുകളും 2 ആൺ മുയലുകളും അടങ്ങുന്ന യൂണിറ്റ് തുടങ്ങാവുന്നതാണ്.

13. പേ വിഷ നിർമ്മാർജ്ജന പദ്ധതി

പഞ്ചായത്തിലെ എല്ലാ നായ്ക്കളേയും കുത്തിവെപ്പിനു വിധേയമാക്കി ലൈസൻസ് ഏർപ്പെടുത്തുക. ലൈസൻസ് ഇല്ലാത്തവയെ നശിപ്പിക്കുക. വാക്സിൻ പകുതി വിലക്ക് ലഭ്യമാക്കുക.

മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത്

കന്നുകാലി - കോഴി രോഗ താരതമ്യ പഠനം



# മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത്

## മത്സ്യബന്ധനത്തിന് സാധ്യതയുള്ള സ്ഥലങ്ങൾ



14. ചെറു കിട കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ

പ്രാദേശികമായി ലഭിക്കുന്ന തേങ്ങാ പിണ്ണാക്ക്, കപ്പ, പുളിങ്കുരു എന്നിവ ഉപയോഗിച്ച് സഹകരണാടിസ്ഥാനത്തിൽ ചെറുകിട കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ച് വിപണനം നടത്താവുന്നതാണ്. പുറംപോക്കു സ്ഥലങ്ങളിൽ ലേലാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി ചെയ്യാവുന്നതും, സോഷ്യൽ ഫോറസ്ട്രി മുഖേന അക്കേഷ്യക്കു പകരമായി ഡുബാബുൾ, പ്ലാവ് മറ്റു പച്ചില മരങ്ങൾ എന്നിവ വെച്ചു പിടിപ്പിച്ച് തീറ്റ പ്രശ്നവും, ചെലവും നിയന്ത്രിക്കാവുന്നതാണ്.

ഈ പഞ്ചായത്തിലെ മൃഗ സംരക്ഷണ മേഖലയുടെ ഒരു ഏകദേശ സംക്ഷിപ്ത രൂപമാണ് മേൽപ്പറഞ്ഞത്. ഇതിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി പ്രാവർത്തികമാകുന്ന കാര്യങ്ങൾ ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കാണുമെന്ന് പ്രതീക്ഷിക്കാം. മൃഗ പരിപാലന രംഗത്ത് സ്ത്രീകൾക്ക് ഒരു സുപ്രധാന പങ്ക് വഹിക്കാം എന്നുള്ളതുകൊണ്ട് ഗ്രാമീണ സ്ത്രീകളെ ഈ രംഗത്തേക്ക് കൊണ്ടുവരികയും അവരുടെ നിസ്തുലമായ പങ്കാളിത്തം ഈ രംഗത്ത് ഉറപ്പു വരുത്തുകയും വേണം.

## 2. മത്സ്യ-ബന്ധനം

മത്സ്യ ബന്ധന മേഖലയിൽ വളരെ പിന്നോക്കാവസ്ഥയിലുള്ള ഒരു പഞ്ചായത്താണ് മുണ്ടത്തിക്കോട് പഞ്ചായത്ത്. മത്സ്യം ഉപയോഗിക്കുന്ന നല്ലൊരു ശതമാനം നിവാസികൾ ഉള്ള ഈ പഞ്ചായത്തിലെ മത്സ്യ സമ്പത്ത് പ്രധാനമായും ബിരാൽ, ആരൽ, പരൽ മുതലായ വയൽ മത്സ്യങ്ങളാണ്. ഉൾനാടൻ മത്സ്യ ബന്ധനത്തിനു മാത്രം സാധ്യതയുള്ള ഈ പഞ്ചായത്തിൽ ഭൂരിഭാഗവും കടൽ മത്സ്യങ്ങളാണ്. വിപണനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. വറ്റാത്ത ജല സ്രോതസുകളുടെ അഭാവവും, രോഗങ്ങളും കാരണം ഉള്ളവ തന്നെ വംശനാശത്തെ നേരിട്ടു കൊണ്ടിരിക്കുകയാണ്. വയൽ മത്സ്യങ്ങളിൽ തല്പരരായ ജനതയ്ക്ക് അവയുടെ അപര്യാപ്തത മൂലം മറ്റു മത്സ്യങ്ങൾ ഉപയോഗിക്കേണ്ടി വരുന്നു. ഭൂപ്രകൃതിയനുസരിച്ച് മത്സ്യ സമ്പത്ത് സംപുഷ്ടമാക്കുവാൻ സാദ്ധ്യതയുള്ള ഒരു പഞ്ചായത്താണ് ഇത്.

മത്സ്യ സമ്പത്ത് വർദ്ധനവിന് പല പരിമിതികൾ ഉള്ളതായി കാണാം.

## സാധ്യത

1. വറ്റാത്ത ജലസ്രോതസ്സുകളുടെ അഭാവം.
2. വയലിലെ അമിതമായ രാസവള-കീടനാശിനി പ്രയോഗവും, രോഗങ്ങളും.
3. സ്വാഭാവിക രീതിയിലുള്ള ആശ്രയത്വവും, നൂതന കൃഷിരീതികളെ കുറിച്ചുള്ള അജ്ഞതയും.
4. സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത.
5. വിപണന ശൃംഖലയുടെ അഭാവം.
6. ശാസ്ത്രീയ മത്സ്യകൃഷി പരിശീലനത്തിന്റേയും ബോധവല്കരണത്തിന്റേയും കുറവ്.

ഒരു തീവ്രയത്ന പരിപാടിയിലൂടെ ഈ പഞ്ചായത്തിലെ മത്സ്യ ബന്ധന മേഖല പുഷ്ടിപ്പെടുത്തുവാൻ സാധ്യതകൾ ഉണ്ട്.

1. കുളങ്ങൾ ആഴം കൂട്ടി വൃത്തിയാക്കി വറ്റാത്ത ജല സ്രോതസ്സുകളുടെ പ്രഭാവം ഉറപ്പു വരുത്തുക.
2. നൂതന കൃഷിരീതികളെപ്പറ്റി വ്യാപകമായി ബോധവൽകരണവും പരിശീലനവും നല്കുക.
3. ശാസ്ത്രീയ കൃഷികളെ ക്രോഡീകരിച്ച് പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
4. ശാസ്ത്രീയ കൃഷിരീതികൾ പ്രോൽസാഹിപ്പിക്കുന്നതിന് സാമ്പത്തിക സഹായവും, മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതും പ്രാവർത്തികമാക്കുക.
5. മത്സ്യകുഞ്ഞുങ്ങളെ വളർത്തിയെടുക്കുവാൻ പഞ്ചായത്ത് തല നഴ്സറികൾ രൂപപ്പെടുത്തുക.
6. പഞ്ചായത്ത്, സഹകരണം, സ്വകാര്യം എന്നീ മേഖലകളിൽ ഒറ്റക്കോ കൂട്ടായോ മത്സ്യബന്ധനമേഖല വിപുലമാക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞ് പദ്ധതികൾ നടപ്പിൽ വരുത്തുക.
7. പഞ്ചായത്ത് തലത്തിൽ മത്സ്യ വിപണന സൗകര്യം ഏർപ്പെടുത്തുക.
8. 5-ാം വാർഡിലെ വടക്കേ അയ്യപ്പൻ പഞ്ചായത്ത് കുളവും, 7-ാം വാർഡിലെ പട്ടിച്ചിറ കുളവും ഉപയോഗശൂന്യമായി കിടക്കുന്ന കുളങ്ങളും, ക്വാറികളിലെ ജലാശയങ്ങളും മത്സ്യ ബന്ധനത്തിനായി ഉപയോഗപ്പെടുത്തുക.

മത്സ്യ ബന്ധന മേഖലയുടെ വികസനം, പഞ്ചായത്തിന്റെ വികസന പ്രക്രിയയിലും, ഒരു പരിധിവരെ തൊഴിലില്ലായ്മ നിർമ്മാർജ്ജനത്തിലും സഹായകരമാകും എന്നുള്ളതുകൊണ്ട് പഞ്ചായത്തിൽ 9-ാം പദ്ധതിയിൽ മത്സ്യ ബന്ധനത്തിന് പ്രാധാന്യം നല്കേണ്ടത് ആവശ്യമാണ്.

# 4. സംസ്കാരം

കലാ സാംസ്കാരിക മേഖലയിൽ അത്യുൽകൃഷ്ടവും മാതൃകാപരവുമായ ഒരു മഹത്തായ പാരമ്പര്യം അഭിമാനത്തോടു കൂടി അവകാശപ്പെടാവുന്ന ഒരു ഗ്രാമ പഞ്ചായത്താണ് നമ്മുടേത്. ലോകോത്തര കലാരൂപമായ കഥകളിയുടെ ക്ഷേമത്തിനായി രൂപം കൊണ്ട കലാമണ്ഡലം ആദ്യകാലത്ത് പ്രവർത്തിച്ചിരുന്നത് മുണ്ടത്തിക്കോട് പഞ്ചായത്തിലെ അമ്പലപുരത്ത് മണക്കുളം ബംഗ്ലവിലാണ്. മണക്കുളം മുകുന്ദരാജാവ്, മഹാകവി വള്ളത്തോൾ പിൽക്കാലത്ത് ലോക പ്രശസ്തനായ ഗുരു ഗോപിനാഥ് തുടങ്ങിയ മഹാരഥന്മാരുടെ പ്രവർത്തനങ്ങൾ കൊണ്ട് ധന്യമായ നമ്മുടെ പഞ്ചായത്തിന് കലാ സാംസ്കാരിക സാഹിത്യ മേഖലയിൽ പ്രഗൽഭരും പ്രശസ്തരുമായി തീർന്ന ഒട്ടനവധി മഹദ് വ്യക്തികൾക്ക് ജൻമം നൽകിയ പൈതൃകവുമുണ്ട്. കാലഗതിക്കനുസരിച്ച് സർവ്വത്ര വിവിധ പരിവർത്തനങ്ങളും വന്നപോലെ ഈ പഞ്ചായത്തിലും പല മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. തൽഫലമായി ആവിർഭവിച്ച പല പ്രശ്നങ്ങളും പരിമിതികളും ആവശ്യങ്ങളും ജനസേവനത്തിന് അത്യന്താപേക്ഷിതമായതിനാൽ അവയെ പറ്റി സമഗ്രവും സംക്ഷിപ്തവുമായ ഒരു റിപ്പോർട്ട് അവതരിപ്പിക്കുന്നു.

## ജാതിമത ഘടന

ഹിന്ദു ക്രിസ്ത്യൻ മുസ്ലീം എന്നീ മത വിഭാഗത്തിൽപ്പെട്ട ജനങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. മത സൗഹാർദത്തിന്റെ മാതൃകാപരമായ ഒരു അന്തരീക്ഷമാണ് ഇവിടെ നിലനിൽക്കുന്നത്. നൂറ്റാണ്ടിലേറെ പഴക്കമുള്ള പാതിരക്കോട്ടുകാവ് ഭഗവതി ക്ഷേത്രം, കുറ്റിയങ്കാവ് ഭഗവതിക്ഷേത്രം, ഭരതക്കാട്ട് അയ്യപ്പൻകാവ് എന്നിവയെല്ലാം ഇവിടുത്തെ പ്രധാനക്ഷേത്രങ്ങളിൽ ചിലതുമാത്രമാണ്. അറുപത് കൊല്ലത്തിലേറെ പഴക്കമുള്ള അത്താണി സെന്റ്മേരീസ് ചർച്ച്, മുണ്ടത്തിക്കോട് ക്രിസ്തുരാജ ദേവാലയം എന്നിവ ഇവിടുത്തെ പ്രധാന ക്രിസ്ത്യൻ പള്ളികളാണ്. പത്താം കല്ല് ജുമാമസ്ജിദ്, കുറാഞ്ചേരി ജുമാമസ്ജിദ് എന്നിവ ഇവിടുത്തെ പ്രധാന മുസ്ലീം ദേവാലയങ്ങളാണ്.

## ഉത്സവ ആഘോഷങ്ങൾ ആചാരാനുഷ്ടാനങ്ങൾ

ജാതി മത ചിന്തകൾക്കതീതമായി ഉൽസവങ്ങളിലും ആഘോഷങ്ങളിലും എല്ലാവരും ഒന്നുപോലെ പങ്കെടുക്കുന്നു. മുണ്ടത്തിക്കോട് കോടശ്ശേരി മലയിലെ വാവാഘോഷം, പാതിരക്കോട്ടുകാവ്, കുറ്റിയങ്കാവ്, ഭരതക്കാട്ട് അയ്യപ്പൻ കാവ് എന്നീ ക്ഷേത്രങ്ങളിലെ പൂരങ്ങൾ അത്താണി സെന്റ് മേരീസ് ചർച്ച്, മുണ്ടത്തിക്കോട് ക്രിസ്തുരാജ ദേവാലയം എന്നിവിടങ്ങളിലെ പെരുന്നാളുകൾ എന്നിവയെല്ലാം സാമുദായിക ഐക്യത്തിന്റേയും മത മൈത്രിയുടേയും ശ്രേഷ്ടമായ ഉദാഹരണങ്ങളിൽ ചിലതുമാത്രമാണ്. ഇവിടുത്തെ ആചാരങ്ങളും അനുഷ്ടാനങ്ങളും പഴമയുടെ തനിമ ഒട്ടും ചോർന്നുപോകാതെ ഇന്നും നിലനിർത്തി പോരുന്നു.

## കല സാംസ്കാരിക കായിക സ്ഥാപനങ്ങൾ

കലാ കായിക രംഗത്ത് അഭിമാനകരമായ ഒരു പാരമ്പര്യം നമുക്കുണ്ടായിരുന്നു. അഖില കേരളാടിസ്ഥാനത്തിൽ നാടക മത്സരങ്ങളും ചെസ്സ് മൽസരങ്ങളും വോളിബോൾ മൽസരങ്ങളും നല്ല രീതിയിൽ നടത്തിയിരുന്നു. കലാ സമിതികളുടെ വാർഷികങ്ങളിലും ഉത്സവങ്ങളിലും നമ്മുടെ പ്രദേശത്തുള്ള കലാകാരന്മാർ നാടകങ്ങളും മറ്റു കലാപരിപാടികളും അവതരിപ്പിക്കുന്ന പതിവുണ്ടായിരുന്നു. എന്നാൽ ആ രംഗങ്ങളൊക്കെ ഇന്ന് പ്രൊഫഷണൽ നാടകങ്ങളും ഗാനമേളകളും കയ്യടക്കിയിരിക്കുകയാണ്. നാടൻ കലകളുടെ ഒരു വിളനിലം തന്നെയായിരുന്നു നമ്മുടെ പഞ്ചായത്ത്. ഒരുകാലത്ത് നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന ഒരു പ്രൊഫഷണൽ നാടക സമിതി ഇപ്പോൾ നിർജ്ജീവാവസ്ഥയിലാണ്. ഏകദേശം 30–ൽ ഏറെ കലാ സാംസ്കാരിക കായിക സംഘടകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെങ്കിലും അതിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നത് അഞ്ചിൽ താഴെ മാത്രമാണ്. സ്വന്തമായി സ്ഥലമോ കെട്ടിടങ്ങളോ, മതിയായ പ്രവർന മൂലധനമോ, കളിസ്ഥലമോ, ഓഡിറ്റോറിയമോ ഇല്ല. പഞ്ചായത്തു തലത്തിൽ വേണ്ടത്ര പ്രോൽസാഹനം ലഭിക്കാത്തതും ഈ ദുരവസ്ഥക്കു പിന്നിലെ പ്രധാന കാരണങ്ങളിൽ ചിലതു മാത്രമാണ്.

## പത്രമാസികകൾ, ഇലക്ട്രോണിക് മാധ്യമങ്ങൾ, ഗ്രന്ഥശാലകൾ.

നമ്മുടെ സമൂഹത്തിൽ വിപ്ലവകരമായ

ചലനങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ടെലിവിഷനുകളുടെ സ്വാധീനം വളരെ ചെറിയ തോതിൽ മാത്രമേ ഉള്ളൂ എങ്കിലും ഏറെക്കുറെ എല്ലാവീടുകളിലും റേഡിയോ ഉണ്ട് എന്നത് യാഥാർത്ഥ്യമാണ്. പക്ഷെ കാലക്രമത്തിൽ റേഡിയോയുടെ സ്ഥാനം ടെലിവിഷനുകൾ കയ്യടക്കും എന്നാണ് ഇപ്പോഴത്തെ പ്രവണതകൾ സൂചിപ്പിക്കുന്നത്. ഈ സാഹചര്യത്തിൽ സാമൂഹ്യ നന്മക്കുതകുന്ന നിലവാരമുള്ള ടെലിവിഷൻ പരിപാടികൾ തെരഞ്ഞെടുത്ത വതരിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പത്രങ്ങളുടേയും, പത്രമാസികകളുടേയും പ്രചാരം നമ്മുടെ പഞ്ചായത്തിൽ ആശാവഹമായ നിലയിലാണ് എന്നതാണ് അനൗപചാരിക കണക്കുകൾ. സൂചിപ്പിക്കുന്നത്. നമ്മുടെ സാംസ്കാരിക നിലവാരത്തെ ഉയർത്തികൊണ്ടുവരുന്നതിൽ ഇവക്കുള്ള പങ്ക് നിഷേധിക്കാവുന്നതല്ല. നമ്മുടെ പഞ്ചായത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു ഗ്രന്ഥശാലയാണ് മിണാലൂർ ഗ്രാമീണ വായനശാല. എന്നാൽ മറ്റ് ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങൾ വേണ്ടത്ര കാര്യക്ഷമമായി കാണുന്നില്ല. പഞ്ചായത്തിലെ വായനശാലകളുടെ ചെറിയ വിവരങ്ങൾ താഴെ കാണുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നു

| ഗ്രന്ഥശാലയുടെ പേര് | അംഗങ്ങൾ | സ്ഥാപിച്ച വർഷം or ഏകദേശ പഴക്കം | ഗ്രന്ഥങ്ങളുടെ എണ്ണം | ഗ്രേഡ് | പ്രതിദിന വിതരണം | മറ്റുപ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| അനന്തനാരായണ അയ്യർ ഗ്രാമീണ വായനശാല പുതുരുത്തി | 63 | ഏകദേശം 50 വർഷം പഴക്കം | 4650 | C | 20 | — |
| ഗ്രാമീണ വായനശാല പെരിങ്ങണ്ടൂർ | 150 | 1937 | 5329 | C | 6 | — |
| ഗ്രാമീണ വായനശാല മിണാലൂർ | 781 | 1953 | 4593 | C | 50 | വാർഷികം |
| ഗ്രാമീണ വായനശാല മുണ്ടത്തിക്കോട് | 105 | 1953 | 4859 | C | 20 | — |
| ഗ്രാമീണ വായനശാല പാർളിക്കാട് | | | | | | |

## നിർദ്ദേശങ്ങൾ

(1) കലാ സാംസ്കാരിക സംഘടകളുടെ റജിസ്ട്രേഷൻ പഞ്ചായത്തു തലത്തിൽ നിർബന്ധമാക്കണം.

(2) വാർഡ് തലത്തിൽ വായനശാലകൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും, വായനശാലകളിൽ ടി. വി. റേഡിയോ സെറ്റുകൾ സ്ഥാപിക്കുകയും ചെയ്യണം.

(3) പഞ്ചായത്ത് തലത്തിൽ സാംസ്കാരിക സംഘടനകളേയും വ്യക്തികളേയും പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ രീതിയിൽ കലാ കായിക മൽസരങ്ങൾ സംഘടിപ്പിക്കുക. പ്രാചീന കാലത്തുള്ള നാടൻ കലാരൂപങ്ങളെ പുനരുജ്ജീവിപ്പിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നതിനായി നാടൻ കലാമേളകൾ നടത്തുക. അമ്മേച്വർ – പ്രൊഫഷണൽ നാടക മൽസരങ്ങൾ സംഘടിപ്പിക്കുക. പഞ്ചായത്തിലെ ഗായിക പ്രതിഭകളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഗായക സംഘം രൂപീകരിക്കുക. ഇതെല്ലാം നമ്മുടെ പഞ്ചായത്തിന്റെ കലാ സാംസ്കാരിക വളർച്ചക്ക് അനിവാര്യമാണ്.

4. പഞ്ചായത്തിലെ അമ്പലപുരത്തു സ്ഥിതിചെയ്യുന്ന സാംസ്കാരിക നിലയം ഒരു നില കൂടി പണി കഴിച്ച് സമ്പൂർണമായി തുറന്ന് പ്രവർത്തിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും അന്യം നിന്നു പോകുന്ന നാടൻ കലാരൂപങ്ങളെ തനത് രൂപത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

5. വായന ശാലകൾക്കും കലാസാംസ്കാരിക സംഘടനകൾക്കും സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും സ്പോട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനും പഞ്ചായത്തിൽ നിന്നും ധനസഹായം നൽകേണ്ടതാണ്.

6. നമ്മുടെ പഞ്ചായത്തിന് അഭിമാനകരമായ രീതിയിൽ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ള കലാ

കാരന്മാരെയും കായിക പ്രതിഭകളേയും ആദരിക്കുകയും പ്രശസ്തരായ അവശ കലാകാരന്മാർക്ക് ധനസഹായം നൽകുകയും ചെയ്യുക.

7. പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് ഒരു ഓഡിറ്റോറിയം നിർമ്മിക്കേണ്ടതാണ്.
8. പഞ്ചായത്തു തലത്തിൽ ഒരു മിനി സ്റ്റേഡിയം നിർമ്മിക്കുക.
9. ബ്ലോക്ക് തലത്തിലും, ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലുമുള്ള കായിക മൽസരങ്ങൾ നമ്മുടെ പഞ്ചായത്തിൽ സംഘടിപ്പിക്കുക.
10. വാർഡുകളിലെ പ്രധാന സെന്ററുകളിൽ പഞ്ചായത്തു വാർത്താ ബോർഡുകൾ സ്ഥാപിക്കുക.
11. സാംസ്കാരിക നായകന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് സാംസ്കാരിക സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും സാഹിത്യ പ്രതിഭകളെ കണ്ടെത്തുന്നതിനു വേണ്ടി സാഹിത്യ മൽസരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.
12. നമ്മുടെ സമൂഹത്തിനെ കാർന്നു തിന്നുന്ന മദ്യം നിയമം മൂലം സമ്പൂർണ്ണമായി നിരോധിക്കുക. പുകവലി, മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യ വിപത്തുകളെ വർജ്ജിക്കുന്നതിനു വേണ്ട ബോധ വൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.
13. പഞ്ചായത്തു തലത്തിൽ സൗജന്യ മെഡിക്കൽ ക്യാംപുകളും രക്ത ഗ്രൂപ്പ് നിർണ്ണയ ക്യാംപുകളും സംഘടിപ്പിക്കുകയും രക്ത ഗ്രൂപ്പുകളുടെ ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുകയും ചെയ്യുക.

നമ്മുടെ പഞ്ചായത്തിലെ സാസ്കാരിക രംഗത്ത് ഒരു പുത്തൻ ഉണർവ്വ് സൃഷ്ടിക്കുന്നതിന് ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടത് നമ്മൾ ഓരോരുത്തരുടേയും കടമയാണ്.

# 5. വിദ്യാഭ്യാസം

സമൂഹ മനസ്സിന്റെ ഉൾത്തുടിപ്പുകൾ അഞ്ചുവർഷത്തെ പദ്ധതിയായി രൂപപ്പെടുകയാണ്. ആസൂത്രണത്തിന്റെ കൊച്ചു കൊച്ചു ചിന്തകൾ ഇവിടെ ഒരു വികസനരേഖയാകുന്നു. അത് നീതി പൂർവ്വവും സ്ഥായിയുമാണ്. ജനകീയ ആസൂത്രണത്തിന്റെ നന്മ നമ്മളെ യഥാർത്ഥ പൗരന്മാരാക്കി തീർത്തിരിക്കുകയാണ്.

അറിയപ്പെടാത്ത പാരമ്പര്യത്തിന്റെ ശക്തിയുമായാണ് മുണ്ടത്തിക്കോട് ഗ്രാമ പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചിന്തകൾ ഉണർന്നത്. മഹാകവി വള്ളത്തോളിന്റേയും, മനക്കുളം മുകുന്ദരാജയുടേയും സ്വേദബിന്ദുക്കൾ ഇറ്റു വീണു പിറന്ന കേരള കലാമണ്ഡലത്തിന്റെ വിളഭൂമിയായിരുന്നു ഈ മണ്ണ്. പെട്ടരഴിയം ചെറിയരാമൻ ഇളയത്, കുന്നത്ത് ബാലകൃഷ്ണ മേനോൻ, എ. എൻ. പുതുരുത്തി, എന്നിവരുടെ പ്രതിഭ കൊണ്ട് വിളങ്ങിയ ഒരു ഹൃത്തടം ഈ പഞ്ചായത്തിനുണ്ട്. ജോതിഷത്തിന്റേയും വൈദ്യത്തിന്റേയും ആദിപാഠങ്ങൾ ഇവിടെ ഉരുത്തിരിഞ്ഞിട്ടുണ്ട്. 1918 ൽ സ്ഥാപിതമായ അമ്പലപുരം യു. പി. സ്കൂൾ, കൊച്ചി രാജാവിന്റെ കാലത്ത് സ്ഥാപിതമായ രാജകീയ പ്രൗഢിയുള്ള പുതുരുത്തി യു. പി. സ്കൂൾ, കുന്നത്ത് ബാലകൃഷ്ണ മേനോൻ സ്ഥാപിച്ച DVLP സ്കൂൾ മുൻ M. L. C. സി. കെ. നായരാൽ സ്ഥാപിതമായ മുണ്ടത്തിക്കോട് ഹൈസ്കൂൾ(1941) ഇങ്ങനെ സ്വാതന്ത്ര്യത്തിനു മുമ്പു തന്നെ നാലു വിദ്യാലയങ്ങൾ ഇവിടെ നിലവിലുണ്ടായിരുന്നു. ഇവിടെ നിന്നും കൊളുത്തിയ നിറദീപങ്ങൾ ഈ ഗ്രാമത്തിന്റെ നിറ കതിരുകളാണ്. വിനോബാജിയുടെ ഭൂദാന യാത്രയും ശ്രീ നാരായണ ഗുരുവിന്റെ ക്ഷേത്ര പ്രതിഷ്ഠയും ഇവിടുത്തെ മനസ്സുകളെ വിശാലമാക്കി.

ഈ മഹത്തായ പാരമ്പര്യത്തിന്റെ ഊർജ്ജവുമായി ഞങ്ങൾ ഇവിടെ ഒത്തുകൂടി. ഗ്രാമ പഞ്ചായത്തിലെ അധ്യാപകർ, ഉന്നത വിദ്യാഭ്യാസ വിചക്ഷണർ, ഗ്രാമത്തെ തൊട്ടറിഞ്ഞ വിദ്യാ തല്പരരായ ഗ്രാമീണർ-ഇവരുടെ സമഗ്രമായ അന്വേഷണം, പഠനം, കണ്ടെത്തൽ, ചർച്ച, വിശകലനം ഇവകളിലൂടെ രൂപപ്പെട്ട മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസ വികസന റിപ്പോർട്ട് താഴെ സമർപ്പിക്കുന്നു.

1918 മെയ് മാസത്തിൽ അമ്പലപുരത്ത് സ്ഥാപിച്ച A. D. V. U. P. S. പെരിങ്ങണ്ടൂർ ആ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. മുൻ എം. എൽ. സി. സി. കെ. നായരാണ് പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ സ്ഥാപിച്ചത്. പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

## മുണ്ടത്തിക്കോട് പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ വിശദ വിവരങ്ങൾ

### പട്ടിക – 1(A)

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | SC/ST കുട്ടികളുടെ എണ്ണം | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | പഠനം നിർത്തിയവരുടെ മൊത്തം എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | SC/ST | | | മറ്റുള്ളവർ | | | SC/ST | | | മറ്റുള്ളവർ | | | |
| | | | B | G | T | B | G | T | B | G | | B | G | T | B | G | | B | G | T | |
| 1 | N. S. S. V. H. S മുണ്ടത്തിക്കോട് | എയ്ഡഡ് | 356 | 339 | 695 | 65 | 73 | 138 | 14 | 6 | 20 | 22 | 18 | 40 | 9 | 5 | 14 | 18 | 7 | 25 | 39 |
| 2 | S. H. S ആര്യംപാടം | എയ്ഡഡ് | 472 | 397 | 869 | 55 | 53 | 108 | 8 | 5 | 13 | 62 | 19 | 81 | 2 | 0 | 2 | 3 | 4 | 7 | 9 |
| 3 | G. U. P. S പാർളിക്കാട് | സർക്കാർ | 225 | 228 | 453 | 19 | 23 | 42 | 4 | 3 | 7 | 20 | 9 | 29 | 1 | – | 1 | 4 | 2 | 6 | 7 |
| 4 | A. D. V. U. P. S പെരിങ്ങണ്ടൂർ | എയ്ഡഡ് | 212 | 203 | 415 | 48 | 44 | 92 | 5 | 1 | 6 | – | – | – | – | – | – | 28 | 2 | 30 | 30 |
| 5 | C. K. L. P. S രാജഗിരി മുണ്ടത്തിക്കോട് | എയ്ഡഡ് | 337 | 388 | 725 | 38 | 46 | 84 | 1 | 2 | 3 | 17 | 23 | 40 | – | – | – | 1 | 1 | 2 | 2 |
| 6 | D. V. L. P. S മുണ്ടത്തിക്കോട് | എയ്ഡഡ് | 135 | 144 | 279 | 23 | 24 | 47 | 3 | 2 | 5 | 8 | 2 | 10 | 2 | 0 | 2 | 1 | 2 | 3 | 5 |
| 7 | G. U. P. S പുതുരുത്തി | സർക്കാർ | 138 | 158 | 296 | 12 | 18 | 30 | | | | | | | | | | | | | |
| 8 | J. M. J കോൺവന്റ് അത്താണി | അൺ എയ്ഡഡ് | 159 | 109 | 268 | | | | | | | | | | | | | | | | |

## വിദ്യാലയങ്ങളുടെ വിശദാംശങ്ങളുടെ പട്ടിക 1 തുടർച്ച
## സ്ഥാപിത വർഷവും മറ്റുവിവരങ്ങളും

### പട്ടിക – 1 (B)

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | സ്ഥാപിത വർഷം | വിസ്തീർണ്ണം | ഡിവിഷനുകളുടെ എണ്ണം | അധ്യാപകരുടെ എണ്ണം | കഴിഞ്ഞ 3 വർഷങ്ങളിലെ സാധ്യായനങ്ങൾ | | | കഴിഞ്ഞ 3 വർഷങ്ങളിലെ 10 – ൽ പഠിച്ചിരുന്ന കുട്ടികൾ | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | 93–94 | 94–95 | 95–96 | 93–94 | 94–95 | 95–96 |
| 1 | N. S. S. V. H. S മുണ്ടത്തിക്കോട് | 1941 | 4 ഏക്കർ 20 സെന്റ് | 16 | 25 | 181 | 190 | 189 | 63 | 68 | 70 |
| 2 | S. H. S ആര്യംപാടം | 1955 | 3 ഏക്കർ 28.5 സെന്റ് | 23 | 39 | 170 | 165 | 165 | 147 | 158 | 151 |
| 3 | G. U. P. S പാർളിക്കാട് | N.A | 97 സെന്റ് | 15 | 17 | 190 | 189.5 | 189.5 | — | — | — |
| 4 | G. U. P. S പുതുരുത്തി | 1919 | 2 ഏക്കർ 25 സെന്റ് | 8 | 12 | 185 | 192 | 193 | — | — | — |
| 5 | A. D. V. U. P S പെരിങ്ങണ്ടൂർ | 1918 | 1.5 ഏക്കർ | 14 | 20 | 185 | 192 | 192 | — | — | — |
| 6 | D. V. L. P. S മുണ്ടത്തിക്കോട് | 1932 | 75 സെന്റ് | 10 | 10 | 185 | 192 | 193 | — | — | — |
| 7 | C. K. C. L. P. S രാജഗിരി | N. A | 50 സെന്റ് | 16 | 17 | 186 | 193 | 196 | — | — | — |

## വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ പട്ടിക 1 തുടർച്ച

### പട്ടിക 1 (C)

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം | കിണർ | പൈപ്പ് സൗകര്യം |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | S. H. S ആര്യംപാടം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് സജീവമല്ല | ഉണ്ട് പൂർണ്ണമല്ല | ഉണ്ട് പൂർണ്ണമല്ല | ഇല്ല | ഉണ്ട് | ഉണ്ട് പൂർണ്ണമല്ല | ഉണ്ട് | ഉണ്ട് |
| 2 | N. S. S. V. H. S മുണ്ടത്തിക്കോട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് സജീവമല്ല | ഉണ്ട് ശുചീകരണംകുറവ് | ഉണ്ട് പൂർണ്ണമല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3 | A. D. V. U. P S പെരിങ്ങണ്ടൂർ | ഉണ്ട് | ഉണ്ട് | സയൻസ് കോർണർ | ഉണ്ട് സജീവമല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4 | G. U. P. S പാർളിക്കാട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് സജീവമല്ല | ഉണ്ട് ശുചി കുറവ് | ഉണ്ട് ശുചി കുറവ് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 5 | C. K. C. L. P. S രാജഗിരി | ഉണ്ട് | ഇല്ല | — | — | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 6 | മുണ്ടത്തിക്കോട് D. V. L. P. S | ഉണ്ട് | ഇല്ല | — | — | ഉണ്ട് | ഉണ്ട് | ഉണ്ട് | — | ഇല്ല | ഉണ്ട് | ഉണ്ട് |
| 7 | G. U. P. S പുതുരുത്തി | ഉണ്ട് | ഉണ്ട് | — | — | ഉണ്ട് ശുചിത്വം കുറവ് | ഉണ്ട് | ഉണ്ട് | — | ഉണ്ട് | ഉണ്ട് | — |
| 8 | J. M. J അത്താണി | ഉണ്ട് | ഉണ്ട് | — | — | ഉണ്ട് | ഉണ്ട് | — | ഉണ്ട് | — | ഉണ്ട് | ഉണ്ട് |

പഞ്ചായത്തിലെ മുഴുവൻ വിദ്യാർത്ഥിക ളേയും ഉൾക്കൊള്ളാൻ ഈ പഞ്ചായത്തിലെ വി ദ്യാലയങ്ങൾക്ക് കഴിയും. ആര്യംപാടം സർവോദ യം യു. പി. സ്കൂൾ 1984ൽ ഹൈസ്കൂളാക്കി. ഉയർത്തിയതിലൂടെ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ് നികത്തപ്പെട്ടു. എങ്കിലും സാങ്കേതിക തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നു പോലും പഞ്ചായത്തിന് അവകാശപ്പെടാനില്ല. പഞ്ചായത്തിലെ വിദ്യാർ ത്ഥികൾ ഇത്തരം പഠനത്തിന് സമീപ ടൗണുക ളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് ആശ്ര യിക്കുന്നത്.

വിദ്യാലയങ്ങളുടെ എണ്ണത്തിൽ പര്യാ പ്തത ഉണ്ടെങ്കിലും അവയിലെ സൗകര്യങ്ങൾ പരിമിതമാണ്. സർക്കാർ സ്കൂളുകളിലെ അറ്റ കുറ്റ പണികൾ വേണ്ട വിധം നടക്കുന്നില്ല. ലൈ ബ്രറി ലബോറട്ടറി സൗകര്യങ്ങൾ വളരെ കുറവാ ണ്. വിദ്യാർത്ഥികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനുള്ള സംവിധാനങ്ങൾ കുറവും ഉള്ളവ മലീമസവുമാണ്.

കഴിഞ്ഞ അഞ്ചു വർഷത്തെ കണക്കു കൾ പരിശോധിച്ചാൽ മിക്ക വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണാം. ജനന നിരക്കിലുള്ള കുറവ്, അടുത്ത പഞ്ചായത്തിലെ കൂടുതൽ മെച്ചപ്പെട്ട വിദ്യാലയ ങ്ങളുടെ ആകർഷണം, ഇംഗ്ലീഷ് മീഡിയം സ്കൂ ളുകളോടുള്ള ആസക്തി ഇവയൊക്കെയാവാം ഇതിനു കാരണം.

നിലവിലുള്ള സ്കൂളുകളുടെ ദൂര പരിധി സ്വീകരിക്കത്തക്കതാണ്. എങ്കിലും എട്ട്, ഒൻപത് വാർഡിലെ കുട്ടികൾക്ക് രണ്ട് കിലോമീറ്ററിലധികം നടക്കേണ്ടതുണ്ട്. വാഹന സൗകര്യങ്ങൾ തെല്ലും ലഭിക്കാത്ത ഈ ഭാഗത്ത് ഒരു L. P. സ്കൂൾ സ്ഥാ പിക്കേണ്ടതായിട്ടുണ്ട്. നിലവിലുള്ള വിദ്യാലയങ്ങ ളുടെ ദൂരപരിധി, പട്ടിക 2-ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 2

| തരം | ശരാശരിദൂരം. കി. മി. | പരമാവധി ദൂരം കി. മി. |
|---|---|---|
| ലോവർ പ്രൈമറി | 1 | 1.5 |
| അപ്പർ പ്രൈമറി | 1 | 1.5 |
| ഹൈസ്കൂൾ | 3 | 3.5 |

വിദ്യാഭ്യാസ സർവ്വെയിലെ വിവരങ്ങൾ വെളിപ്പെടുത്തുന്നത് പഞ്ചായത്തിലെ അധ്യാപ കരിൽ ഭൂരിഭാഗവും സ്ത്രീകളാണെന്നാണ്. അധ്യാപകരിൽ നല്ലൊരു ഭാഗവും വേണ്ടത്ര ഇൻസർവ്വീസ് ട്രെയിനിങ്ങിന് വിധേയരായിട്ടില്ല. കലാ കായിക രംഗങ്ങളിൽ വേണ്ടത്ര ശോഭിക്കു വാൻ ഇവിടത്തെ സ്കൂളുകൾക്ക് കഴിഞ്ഞിട്ടില്ല. പഠനോപകരണങ്ങളുടെ കുറവ് പ്രത്യേകിച്ചും ദൃശ്യ ശ്രവ്യ ഉപകരണങ്ങളുടെ കുറവ് പഠനം കാര്യക്ഷമമാക്കുന്നതിൽ തടസ്സമായി നിൽക്കു ന്നുണ്ട്.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപന ങ്ങൾക്കു പുറമെ അനൗപചാരിക വിദ്യഭ്യാസ സ്ഥാപനങ്ങളും പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദ വിവരങ്ങൾ താഴെ പട്ടിക 3-ൽ പറയുന്നു.

പട്ടിക - 3

| ക്രമ നമ്പർ | പേര് | എണ്ണം | കുട്ടിക ളുടെ എണ്ണം | അധ്യാപ കരുടെ എണ്ണം |
|---|---|---|---|---|
| 1 | പാരലൽ കോളേജ് | 4 | 540 | 32 |
| 2 | ടൈപ്പ്റേറ്റിംങ് ഇൻസ്റ്റിറ്റ്യൂട്ട് | 3 | 76 | 8 |
| 3 | കമ്പ്യൂട്ടർ സെന്റർ | 1 | 24 | 4 |
| 4 | പ്രീ പ്രൈമറി സ്കൂൾ | 3 | 94 | 3 |
| 5 | അംഗനവാടികൾ | 19 | 312 | 19 |

അനൗപചാരിക വിദ്യാഭ്യാസ സ്ഥാപന ങ്ങളിൽ എടുത്തുപറയേണ്ട ഒന്നാണ് അമ്പലപുര ത്ത് സ്ഥിതി ചെയ്യുന്നതും പട്ടിക 3-ൽ ഉൾപ്പെടു ത്താത്തതുമായ പോപ്പ് പോൾ മേഴ്സി ഹോം ശാ ന്തിവനം, പോപ്പ് പോൾ മേഴ്സി ഹോം ആശാനി ലയം എന്നിവ. മദർ തെരേസയാൽ ആശീർവദിക്ക പ്പെട്ട, മന്ദബുദ്ധികൾക്കായുള്ള ഈ പഠന കേന്ദ്രം ഇൻഡ്യ മുഴുവൻ ശ്രദ്ധ പിടിച്ചുപറ്റിയ സ്ഥാപന മാണ്. ഈ സ്ഥാപനത്തിലെ വിശദ വിവരങ്ങൾ പട്ടിക 4-ൽ ചേർക്കുന്നു.

പട്ടിക 4

| ക്രമ നമ്പർ | പേര് | താമസിച്ച് പഠിക്കുന്നവർ | വന്ന് പോകുന്നവർ |
|---|---|---|---|
| 1 | പോപ്പ് പോൾ മേഴ്സി ഹോം ശാന്തിവനം | 148 | 110 |
| 2 | പോപ്പ് പോൾ മേഴ്സി ഹോം ആശാനിലയം | 118 | — |

വിദ്യാലയങ്ങളിലെ പഠന നിലവാരത്തെ കുറിച്ച് വിശദ പഠനങ്ങൾക്ക് കഴിഞ്ഞില്ലെങ്കിലും സെപ്തംബർ 96–ൽ നടത്തിയ പ്രാഥമിക പഠനം കാണിക്കുന്നത് 20 ശതമാനത്തിലധികം വിദ്യാർത്ഥികൾ പ്രതീക്ഷിത മിനിമം നിലവാരത്തിലും താഴെയാണെന്നാണ്. അക്കബോധവും അക്ഷര ബോധവും ഇല്ലാത്തവരാണ് ഈ കുട്ടികൾ. പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളിലെ എസ്. എസ്. എൽ. സി. –യുടെ വിജയ ശതമാനം പട്ടിക 5–ൽ ചേർക്കുന്നു.

പട്ടിക – 5

| സ്കൂളിന്റെ പേര് | 1992–93 | 1993–94 | 1994–95 | 1995–96 |
|---|---|---|---|---|
| N. S. V. H. S. മുണ്ടത്തിക്കോട് | 62% | 58% | 74% | 65% |
| S. H. S. ആര്യംപാടം | 60% | 45% | 40% | 50% |
| ശരാശരി വിജയ ശതമാനം | 61% | 51.5% | 57% | 57.5% |

എസ്. എസ്. എൽ. സി. – യുടെ വിജയ ശതമാനം – 1992 – 96




## പ്രശ്നങ്ങൾ

1. സ്കൂളുകളിൽ അതത് വിഷയത്തിൽ പ്രാവീണ്യമുള്ള അദ്ധ്യാപകരില്ല. പ്രത്യേകിച്ചും ഇംഗ്ലീഷ് ഭാഷയുടെ കാര്യത്തിൽ.
2. ഇംഗ്ലീഷ് ഭാഷയിൽ കുട്ടികളുടെ നിലവാരം വളരെ മോശമാണ്. കാരണം മേൽ പറഞ്ഞതാണ്.
3. കലാകായിക ഗണിത ശാസ്ത്ര പ്രവൃത്തി പരിചയ മേളകൾക്കും തയ്യാറെടുപ്പിനുമായി അദ്ധ്യയന ദിവസങ്ങൾ കൂടുതൽ നഷ്ടപ്പെടുന്നു.
4. വിദ്യാഭ്യാസ സംരക്ഷണ സമിതിയുടെ അഭാവം വിദ്യാലയങ്ങളിലെ പി. ടി. എ പ്രവർത്തനത്തെ കാര്യക്ഷമമാക്കുന്നില്ല.
5. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷൻ കുറയാനുള്ള സാധ്യത മിക്ക വിദ്യാലയങ്ങളിലും നില നിൽക്കുന്നു.
6. പഞ്ചായത്തിൽ തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാലയങ്ങൾ ഒന്നു പോലും ഇല്ല.
7. സാമ്പത്തിക പരാധീനത കാരണം സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി കാര്യക്ഷമമായി നടക്കുന്നില്ല.
8. ക്ലാസ് മുറികളുടെ വലുപ്പത്തെ സംബന്ധിച്ച നിബന്ധന കാരണം പുതിയ ഡിവിഷനുകൾ അനുവദിക്കാത്തതിനാൽ N. S. S. V. H. S. –ൽ 65 ലധികം കുട്ടികളാണ് ക്ലാസ്സിൽ തിങ്ങിയിരുന്ന് പഠിക്കുന്നത്. അതുകൊണ്ട് പഠനം കാര്യക്ഷമമാക്കാൻ സാധിക്കുന്നില്ല.
9. സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാർത്ഥികളിലെ നിരക്ഷരത ഇല്ലാതാക്കുന്നതിനും സ്ഥിര സംവിധാനം പഞ്ചായത്തിൽ ഇല്ല.

10. സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ അപര്യാപ്തമാണ്.
11. ഹൃദ്യമായ വിദ്യാലയ അന്തരീക്ഷം പല സ്കൂളുകളിലും കണ്ടെത്താനായില്ല.
12. ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നു.
13. അംഗന വാടികൾക്ക് സ്ഥിരമായ കെട്ടിടം ഇല്ല. അനിവാര്യമായ സൗകര്യങ്ങൾ അംഗന വാടികൾക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു. വേണ്ടത്ര കളിക്കോപ്പുകൾ അവിടെ ലഭ്യമല്ല.
14. അംഗന വാടികളിലെ ടീച്ചർമാരും ഹെൽപ്പർമാരും അവരുടെ ചുരുങ്ങിയ വേതനത്തിൽ ഏറെ നിരാശരാണ്. ഇത് അംഗനവാടികളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു.
15. 8, 9 വാർഡുകളിലെ കുട്ടികൾക്ക് പ്രൈമറി വിദ്യാഭ്യാസത്തിന് ഏറെ ദൂരം നടക്കേണ്ടി വരുന്നു. വാഹനഗതാഗതം അല്പം പോലുമില്ലാത്ത മേഖലയാണിത്.
16. കലാകായിക അഭ്യസനത്തിന് പഞ്ചായത്തിൽ വേണ്ടത്ര സൗകര്യം ഇല്ല.
17. പ്രൈമറി വിദ്യാലയത്തിനോടനുബന്ധിച്ച് പ്രീപ്രൈമറി ക്ലാസുകൾ ഇല്ല. ഉള്ളവക്ക് സർക്കാർ സഹായമില്ലാത്തതിനാൽ അവയുടെ നില പരിതാപകരമാണ്.
18. പഞ്ചായത്ത് വക റീഡിംഗ് റൂമോടുകൂടിയ പൊതു വായനശാല ഇല്ല.
19. സ്കൂളുകളിൽ N.C.C,, സ്കൗട്ട്, ഗൈഡ് എന്നിവയുടെ അഭാവം കാണുന്നു.
20. പഞ്ചായത്തിൽ നിന്ന് സമീപസ്ഥ നഗരത്തിലെ വിദ്യാലയങ്ങളിലേക്ക് കുട്ടികൾ പോകുന്നത് വർദ്ധിച്ചു വരുന്നു.
21. പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് പൊതുവായ യൂണിഫോം കാണുന്നില്ല.

## സാധ്യതകൾ - നിർദ്ദേശങ്ങൾ

1. സ്കൂളുകളിൽ അതത് വിഷയത്തിൽ പ്രാവീണ്യമുള്ള അധ്യാപകർ വേണം. പ്രത്യേകിച്ച് അപ്പർ പ്രൈമറി സ്കൂളുകളിൽ.
2. ഇംഗ്ലീഷിൽ ബിരുദവും B.Ed. ഉം കഴിഞ്ഞ അധ്യാപകർ വേണം ഇംഗ്ലീഷ് പഠിപ്പിക്കാൻ.
3. ഒന്നാം ക്ലാസ്സിലെ ഓൾ പ്രമോഷനും, മറ്റ് ക്ലാസ്സുകളിലെ വിജയ ശതമാനത്തെ സംബന്ധിച്ച നിബന്ധനയും, S.S.L.C. യുടെ മോഡറേഷൻ സമ്പ്രദായവും ശാസ്ത്രീയമായി പരിഷ്കരിക്കണം.
4. കലാകായിക ഗണിത ശാസ്ത്ര പ്രവൃത്തി പരിചയ മേളകൾ സ്കൂൾ തലം മുതൽ സംസ്ഥാന തലം വരെ ഒരു മാസത്തിനുള്ളിൽ നടത്തണം.
5. അധ്യാപക - വിദ്യാർത്ഥി അനുപാതം 1 : 30 ആക്കി കുറയ്ക്കേണ്ടതാണ്.
6. പഞ്ചായത്തിൽ തൊഴിലധിഷ്ഠിത വിദ്യാലയം തുടങ്ങുന്നതിന്റെ ഭാഗമായി ഒരു J.T.S – ഉം ഒരു വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും ആരംഭിക്കേണ്ടതാണ്.
7. ഉച്ചഭക്ഷണ പദ്ധതിക്ക് ഗവൺമെന്റിൽ നിന്നുള്ള ധന സഹായം ഒരു കുട്ടിക്ക് 40 പൈസയെങ്കിലും ആക്കേണ്ടതും അതത് മാസങ്ങളിൽ നൽകേണ്ടതുമാണ്.
8. ക്ലാസുമുറികളുടെ നിലവിലുള്ള വലിപ്പത്തെ സംബന്ധിച്ച നിബന്ധന (K. E. R) നിലവിലുള്ളതും മുൻ കാലങ്ങളിൽ ക്ലാസുകൾ നടന്നിരുന്നതുമായ മുറികൾക്ക് ബാധകമാക്കരുത്.
9. വിദ്യാർത്ഥികളിലെ നിരക്ഷരെ കണ്ടെത്തി അവർക്ക് പരിഹാരബോധനം നടത്തുന്നതിന് വാർഡ് തലത്തിൽ കേന്ദ്രങ്ങൾ സ്ഥാപിക്കണം. കേന്ദ്രത്തിലെ നടത്തിപ്പ് അഭ്യസ്തവിദ്യരും തൊഴിൽ ഇല്ലാത്തവരുമായ മുൻ സാക്ഷരതാ പ്രവർത്തകരെ ഏല്പിക്കാം. ഈ വ്യക്തികൾക്ക് മാന്യമായ സേവന വേതന വ്യവസ്ഥകൾ സർക്കാർ ചേയ്യേണ്ടതാണ്.
10. സ്കൂളുകളിൽ നിന്നും കൊഴിഞ്ഞു പോയവരെ കണ്ടെത്തി തുടർ വിദ്യഭ്യാസത്തിനുള്ള സംവിധാനം വിദ്യാഭ്യാസ സംരക്ഷണ സമിതി നടപ്പിലാക്കണം. ഇതിനുള്ള സാമ്പത്തിക സഹായം സർക്കാർ നൽകണം.
11. സ്കൂളുകളുടെ സംരക്ഷണത്തിന് ഒരു വിദ്യാഭ്യാസ വിജിലൻസ് കമ്മിറ്റി പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കണം.
12. പഞ്ചായത്തിലെ വിജിലൻസ് കമ്മിറ്റിക്കു പുറമെ പഞ്ചായത്തിൽ ഒരു വിദ്യാഭ്യാസ സംരക്ഷണ സമിതി രൂപീകരിക്കണം. പ്രധാന അധ്യാപകർ, മറ്റ് അധ്യാപകർ, രക്ഷാകർത്താക്കൾ, പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ, വിദ്യാഭ്യാസ വിദഗ്ദർ എന്നിവർ സമിതിയിൽ അംഗങ്ങളാവണം. സമിതി അധ്യയന വർഷത്തിൽ മൂന്നു തവണയെങ്കിലും സ്കൂളുകളിൽ യോഗം ചേർന്ന് നടത്തിപ്പ് വിലയിരുത്തണം.
13. നിലവിലുള്ള സ്കൂൾ കോംപ്ലക്സുകൾ കാര്യക്ഷമമാക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണം.
14. സ്കൂളിലെ പി. ടി. എ പൊതുയോഗത്തിനു പുറമെ ക്ലാസ് തിരിച്ചുള്ള പി. ടി. എ. യോഗങ്ങൾ വർഷത്തിൽ രണ്ട് തവണയെങ്കിലും നടത്തണം.
15. എല്ലാ പ്രൈമറി വിദ്യാലയത്തിനോടനുബന്ധിച്ചും സർക്കാർ വക പ്രീ പ്രൈമറി ക്ലാസുകൾ വേണം. പാർളിക്കാട് U. P. സ്കൂളിലെ നിലവിലുള്ള പ്രീ പ്രൈമറി ക്ലാസ് സർക്കാർ ഏറ്റെടുക്കണം.

16. അങ്കനവാടികളിലെ ടീച്ചർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കണം. ഇത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തണം.
17. അങ്കന വാടികൾക്ക് സ്ഥിരമായ കെട്ടിടവും മറ്റ് സൗകര്യങ്ങളും കളിക്കോപ്പുകളുടെ ലഭ്യതയും ഉറപ്പുവരുത്തണം.
18. ഇതിലേക്ക് പഞ്ചായത്തിലെ പുറംപോക്ക് സ്ഥലങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണ്.
19. സാംസ്കാരിക നിലയത്തിൽ പഞ്ചായത്ത് വക പബ്ലിക് ലൈബ്രറി നിർമ്മിക്കേണ്ടതാണ്.
20. പഠിപ്പുമുടക്ക് വിദ്യഭ്യാസത്തിന്റെ ഭാഗമല്ലാത്തതിനാൽ സ്കൂളുകളിൽ ഒരു വിധത്തിലും പഠിപ്പ് മുടക്ക് അനുവദിക്കരുത്.
21. സ്കൂളുകളിലെ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തണം. അവ വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള സ്ഥിര സംവിധാനം വിദ്യാഭ്യാസ വിജിലൻസ് കമ്മിറ്റി നടപ്പിൽ വരുത്തണം.
22. സ്കൂളിലെ അറ്റകുറ്റ പണികൾ യഥാസമയം ചെയ്ത് സ്കൂൾ കെട്ടിടവും പരിസരവും കുറഞ്ഞ ചെലവിൽ ആകർഷകമാക്കാനുള്ള നടപടി എടുക്കണം.
23. പാർളിക്കാട് സർക്കാർ യു. പി. സ്കൂൾ ഹൈസ്കൂൾ ആയി ഉയർത്തേണ്ടതാണ്.
24. ഒൻപതാം വാർഡിന്റേയും എട്ടാം വാർഡിന്റെയും അതിർത്തിയിൽ ഒരു പ്രൈമറി സ്കൂൾ സ്ഥാപിക്കണം.
25. ഗവ. സ്കൂളുകൾക്കു ചുറ്റും മതിലോ കമ്പി വേലിയോ കെട്ടി സംരക്ഷിക്കേണ്ടതാണ്.
26. സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കണം., കളിസ്ഥലം, പഠന ഉപകരണങ്ങൾ, ലൈബ്രറി റീഡിംഗ് റൂം സൗകര്യം, ലബോറട്ടറി സൗകര്യം, ഫർണീച്ചറുകളുടെ ലഭ്യത, സ്പോർട്ട്സ് ഉപകരണങ്ങളുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തണം.
27. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ടെലഫോൺ കണക്ഷന് മുൻഗണന നൽകണം.
28. സ്പെഷലിസ്റ്റ് അധ്യാപകരുടെ തസ്തികകൾ നില നിർത്തണം.
29. അധ്യാപകരുടെ ഇൻസർവ്വീസ് കോഴ്സുകൾ കാര്യക്ഷമമാക്കണം.
30. ഹൈസ്കൂളിൽ N. C. C., സ്കൗട്ട്, ഗൈഡ് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
31. അത്താണിയിൽ റയിൽവേ ഗേറ്റിന്റെ വടക്കുഭാഗത്ത് പുറംപോക്ക് അപ്രോച്ച് റോഡാക്കി മേൽപ്പാലം നിർമ്മിക്കണം.
32. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം നൽകണം. പാവപ്പെട്ട കുട്ടികൾക്ക് ചിലപ്പോൾ വേണ്ടിവരുന്ന ദീർഘകാല ചികിൽസക്കായുള്ള സഹായവും ലഭ്യമാക്കണം.
33. ഇതിന് പഞ്ചായത്ത് അതിർത്തിയിലുള്ള സഹകരണ സ്ഥാപനങ്ങൾ ബാങ്കുകൾ വ്യവസായ സ്ഥാപനങ്ങൾ എന്നിവകൊണ്ട് പഞ്ചായത്തിലെ വിദ്യാലയങ്ങളെ ദത്ത് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
34. വിദ്യാലയങ്ങളിൽ കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് പ്രോൽസാഹനം നൽകേണ്ടതാണ്.
35. മുണ്ടത്തിക്കോട് പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ എല്ലാ വിദ്യാർത്ഥികൾക്കും പൊതു യൂണിഫോം നടപ്പിലാക്കണം.
36. അയൽപ്പക്ക വിദ്യാലയ സമ്പ്രദായത്തിനു വേണ്ടിയുള്ള ബോധവൽക്കരണ പരിപാടി നടത്തേണ്ടതാണ്.

പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ കുറിച്ച് ശേഖരിക്കാൻ സാധിച്ച വിവരങ്ങൾ വികസന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ വാർഡുകളിൽ നടന്ന ഗ്രാമ സഭയിൽ നിന്ന് ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും , വിദഗ്ദസമിതിയുടെ ചർച്ചയിലെ പ്രതികരണങ്ങളുമാണ് മേൽ കാണിച്ച റിപ്പോർട്ട് . പ്രശ്നങ്ങളെയും സാധ്യതകളെയും കണ്ടെത്താൻ സമിതി ശ്രമിച്ചിട്ടുണ്ട്. കുറവുകൾ ഇനിയും നികത്തേണ്ടതുണ്ടാവാം.

തൊഴിലധിഷ്ഠിത സാങ്കേതിക സ്ഥാപനങ്ങളുടെ അസാന്നിധ്യമാണ് പഞ്ചായത്തിലെ ഒരു വലിയ കുറവ്. പുതിയ സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാനേജുമെന്റിലാണ് വരേണ്ടത്. സർക്കാരിന്റെ വരുമാനത്തിൽ നല്ലൊരു പങ്ക് വിദ്യഭ്യാസ രംഗത്ത് ചെലവഴിക്കുന്നു. എന്നാൽ ഈ സാമൂഹ്യ ബാധ്യത തിരിച്ചു നൽകാൻ ഉപയോക്താക്കൾക്ക് കഴിഞ്ഞിട്ടില്ല. ഇത്തരുണത്തിൽ പഞ്ചായത്തിലെ സ്കൂളുകളുടെ നിലവാരം ഉയർത്തേണ്ടത് ഒരു ചുമതലയായി തീർന്നിരിക്കുന്നു. വിദ്യാഭ്യാസ സംരക്ഷണ സമിതിയുടെ പ്രവർത്തന ക്ഷമതക്ക് ഈ ചുമതല നിർവ്വഹിക്കാൻ കഴിയും. ഈ ഗ്രാമത്തിലെ വിദ്യാഭ്യാസ ഉന്നമനത്തിന് പഞ്ചായത്ത് തലത്തിൽ തന്നെ ഒരു പഞ്ചവൽസര പദ്ധതിരൂപപ്പെടുത്താൻ കഴിയുമെന്ന സൂചന നൽകികൊണ്ട് ഈ വിദ്യാഭ്യാസ വികസന റിപ്പോർട്ട് സമർപ്പിക്കുന്നു.

# 6. പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമം

മുണ്ടത്തിക്കോട് പഞ്ചായത്തിൽ ആകെ 600 ഓളം പട്ടികജാതി കുടുംബങ്ങൾ ഉണ്ട്. കേരള സംസ്ഥാനത്തിൽ ജനസംഖ്യയുടെ 11 % പേർ പട്ടികജാതി/പട്ടികവർഗ്ഗക്കാരാണ്. പഞ്ചായത്തിലെ ജനസംഖ്യയുടെ 12.5 % പട്ടികജാതിക്കാർ ആണ്. ആകെ 2730 പേർ ഉണ്ട്. അതിൽ 1322 പേർ പുരുഷന്മാരും 1408 പേർ സ്ത്രീകളുമാണ്. പഞ്ചായത്തിൽ 18 കോളനികളായി 1230 പേർ വസിക്കുന്നുണ്ട്. 300 കുടുംബങ്ങളിലാണ് ഇവർ താമസിക്കുന്നത്. പട്ടികജാതിക്കാരിൽ 308 കുടുംബങ്ങൾ IRDP സ്കീമിൽ ഉൾപ്പെട്ടവരാണ്. ഇതിൽ 109 കുടുംബങ്ങൾക്ക് സഹായം ലഭിച്ചിട്ടുണ്ട്. കൂടാതെ 1991 ലെ സെൻസസു പ്രകാരം മൂന്ന് പട്ടികവർഗ്ഗക്കാരുണ്ട്.

സാമൂഹ്യമായും , സാമ്പത്തികമായും ഇവർ ഇപ്പോഴും വളരെ പിന്നോക്കാവസ്ഥയിൽ തന്നെയാണ്. പരമ്പരാഗത തൊഴിലായ കുട്ടനെയ്ത്ത് , പനമ്പ് നെയ്ത്ത് എന്നിവ സംരക്ഷിക്കാൻ സാമ്പത്തി കമായി ഇവർക്ക് കഴിയാതെ വരുന്നു. പട്ടികജാതി ക്കാരിൽ കൂടുതൽ പേരും കാർഷിക വരുമാനം കൊണ്ട് ജീവിക്കുന്നവരാണ്. കൂടാതെ കുറച്ചു പേർ ടൈലറിങ്ങ്, കെട്ടിടം പണി എന്നിവ ചെയ്ത് ജീവി ക്കുന്നു. പട്ടികജാതിക്കാരിൽ 2.5 % പേർ ഗവർമേൻറ് ജോലി ഉള്ളവരാണ്.

## A പ്രശ്നങ്ങൾ

1. 60 ഓളം പേർ സ്വന്തമായി വീടില്ലാത്തവരാണ്.

2. 120 കുടുംബങ്ങൾ ശരിയായ മേൽകൂരയും മററുമില്ലതെ സുരക്ഷിതമില്ലാത്ത വീടുകളിൽ താമസിക്കുന്നവരാണ്.

3. 300 ഓളം കുടുംബങ്ങൾക്ക് ആരോഗ്യകരമായ കക്കൂസ് ഇല്ലാത്തവരാണ്.

4. 400 ഓളം വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല.

5. കോളനികൾ പലതും രൂക്ഷമായ കുടിനീർ ക്ഷാമം അനുഭവിക്കുന്നവരാണ്.

6. സാമ്പത്തികമായ ബുദ്ധിമുട്ട് കൊണ്ട് ഇടക്ക് വെച്ച് പഠനം നിർത്തിയ കുട്ടികൾ ധാരാളം ഉണ്ട്

7. പട്ടികജാതിക്കാരിൽ പലരും ഇപ്പോഴും നിരക്ഷരർ ആണ്.

## B. പരിഹാര നിർദ്ദേശങ്ങൾ:-

1. വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചു കൊടുക്കുക.

2. കക്കൂസ് ഇല്ലാത്ത വീടുകളിൽ കക്കൂസ് നിർമ്മിക്കുക.

3. വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിന് എല്ലാ കോളനികളിലും സോളാർ എനർജി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ലൈറ്റുകൾ സ്ഥാപിക്കുക.

## C കുടിനീർ:-

1. കോളനികൾ തോറും കുഴൽ കിണറുകൾ നിർമ്മിക്കുക.

2. കോളനികളിലെ പഞ്ചയത്ത് കിണറുകൾ കാലാകാലങ്ങളിൽ ശുദ്ധീകരിക്കുക.

3. തെനം പറമ്പ് കോളനിയിലേക്ക് പട്ടിച്ചിറ കുളത്തിലെ ജലസ്രോതസ്സ് ഉപയോഗിച്ച് കുടിനീർ എത്തിക്കുക.

## D. വിദ്യാഭ്യാസം:-

1. വിദ്യാഭ്യാസ സ്ഥാപന ങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞു പോക്ക് അവസാനിപ്പിക്കാൻ കുട്ടികൾക്ക് പഠിക്കാൻ വേണ്ട പ്രോൽസഹനം നൽകുക.

2. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ സൗജന്യമായി നൽകുക.

3. കൊച്ചുകുട്ടികളുടെ മരണനിരക്ക് കുറയ്ക്കാൻ എല്ലാ കോളനികളിലും മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങൾ തുടങ്ങുക.

4. നിരക്ഷരരായ പട്ടികജാതിക്കാർക്ക് അവരിൽ തന്നെ അഭ്യസ്തവിദ്യരായ ആളുകളെ കൊണ്ട് വിദ്യഭ്യാസം നൽകുക.

5. ഉപരിപഠനത്തിന് സാമ്പത്തിക സഹായം നൽകുക.

## ക്ഷേമപ്രവർത്തനങ്ങൾ:-

1. വില്ലേജടിസ്ഥാനത്തിൽ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ രൂപികരിച്ച് യുവതി - യുവാക്കൾക്ക് ടൈലറിങ്ങ്, എംബ്രോയഡറി, റെഡിമെയ്ഡ്, സ്ക്വാഷ്, അച്ചാർ, ഖാദി കൈത്തറി എന്നിവ നിർമ്മാണം, കെട്ടിട നിർമ്മാണ സാധനങ്ങളുടെ നിർമ്മാണ യൂണിററ് എന്നിവ ആരംഭിച്ച് നിർമ്മാണ സാധനങ്ങളുടെ സംസ്ക

പട്ടിക - 1

## പട്ടികജാതി സങ്കേതങ്ങളുടെ വിശദവിവരം

| NO. | കോളനികളുടെ പേര് | വാർഡ് | കുടുംബങ്ങൾ | ജനസംഖ്യ | പുരുഷൻ | സ്ത്രീകൾ | ഓലമേഞ്ഞ വീടുകൾ | കക്കൂസ് ഇല്ലാത്ത വീടുകൾ | ജല ലഭ്യത | വൈദ്യുതി കരിക്കാത്ത വീടുകൾ | സർക്കാർ ജോലിക്കാർ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | തനംപറമ്പ് | VII | 29 | 114 | 51 | 63 | 5 | 20 | കിണർ-1<br>കുഴൽ കിണർ-1 | 24 | 5 |
| 2 | ആമക്കോട് | IV | 21 | 90 | 42 | 48 | 1 | 8 | കിണർ-1<br>കുഴൽ കിണർ-1 | 10 | 1 |
| 3 | കട്ടിക്കുന്ന് | VI | 10 | 36 | 20 | 16 | ഇല്ല | 5 | കിണർ-1 | 1 | ഇല്ല |
| 4 | കുഞ്ഞുകുളങ്ങര | VII | 13 | 77 | 36 | 41 | ഇല്ല | 8 | കിണർ-1<br>കുഴൽ കിണർ-1 | ഇല്ല | 4 |
| 5 | ഇരുമകല്ല് | III | 11 | 51 | 21 | 30 | 1 | 5 | ഇല്ല | 11 | ഇല്ല |
| 6 | അമ്പലപുരം | IV | 15 | 50 | 23 | 27 | 1 | 5 | കിണർ-1 | 10 | ഇല്ല |
| 7 | പെരിങ്ങണ്ടൂർ (W) | III | 14 | 54 | 28 | 26 | ഇല്ല | ഇല്ല | കിണർ-1 | 1 | 2 |
| 8 | പ്ലാവളപ്പിൽ | V | 10 | 42 | 20 | 22 | 2 | 4 | ഇല്ല | 6 | ഇല്ല |
| 9 | തെക്കുമുറി | II | 12 | 53 | 22 | 31 | 2 | 4 | ഇല്ല | 12 | ഇല്ല |
| 10 | ആര്യംപാടം | I | 25 | 124 | 62 | 62 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 11 | ഇരുപ്പാംകുന്ന് | VIII | 24 | 86 | 49 | 37 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 12 | പുതുരുത്തി ലക്ഷം വീട് | IX | 12 | 36 | 22 | 14 | 5 | 3 | കുഴൽ കിണർ-1 | 11 | ഇല്ല |
| 13 | ചിറ്റഴിക്കര | X | 10 | 38 | 17 | 21 | 4 | 6 | കുഴൽ കിണർ-1 | 6 | ഇല്ല |
| 14 | അമ്പലപുരം | X | 11 | 48 | 27 | 21 | ഇല്ല | 8 | ഇല്ല | 5 | ഇല്ല |
| 15 | പുതുരുത്തി വടക്കേക്കര | X | 10 | 43 | 22 | 21 | ഇല്ല | 5 | കുഴൽ കിണർ-1 | 5 | ഇല്ല |
| 16 | കാരക്കുന്ന് | I | 52 | 186 | 83 | 103 | 10 | 22 | പൈപ്പ് ലൈൻ<br>കിണർ-1 | 21 | 2 |
| 17 | മാവിൻ ചുവട് | II | 11 | 49 | 25 | 24 | 2 | 5 | ഇല്ല | 3 | ഇല്ല |
| 18 | അരിയോടിക്കൽ | I | 10 | 53 | 24 | 29 | 2 | 4 | ഇല്ല | ഇല്ല | ഇല്ല |
| | | | 300 | | | | | | | | |

## പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാഭ്യാസ പട്ടിക

### പട്ടിക – (2)

| സ്കൂളുകളുടെ പേര് | മാനേജ്മെന്റ് | ആകെ വിദ്യാർത്ഥികൾ | പട്ടികജാതി വിദ്യാർത്ഥികൾ | | ആകെ | തോറ്റു പഠിക്കുന്നവർ SC/ST കുട്ടികൾ | | മറ്റുള്ളവർ | ആകെ | പഠനം നിർത്തിയവർ | | മറ്റുള്ളവർ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | BOYS | GIRLS | | BOYS | GIRLS | | | BOYS | GIRLS | | |
| N. S. S. V. H. S മുണ്ടത്തിക്കോട് | എയ്ഡഡ് | 695 | 65 | 73 | 138 | 14 | 6 | 20 | 40 | 9 | 5 | 25 | 39 |
| S. H. S ആര്യംപാടം | എയ്ഡഡ് | 869 | 55 | 53 | 108 | 8 | 5 | 68 | 81 | 2 | — | 7 | 9 |
| G. U. P. S പാർളിക്കാട് | സർക്കാർ | 453 | 19 | 23 | 42 | 4 | 3 | 22 | 29 | 1 | — | 6 | 7 |
| A. D. V. U. P. S പെരിങ്ങണ്ടൂർ | എയ്ഡഡ് | 415 | 48 | 44 | 92 | 5 | 1 | — | 6 | — | — | 30 | 30 |
| C. K. L. P. S രാജഗിരി മുണ്ടത്തിക്കോട് | എയ്ഡഡ് | 725 | 38 | 46 | 84 | 1 | 2 | 37 | 40 | — | — | 2 | 2 |
| D. V. L. P. S മുണ്ടത്തിക്കോട് | എയ്ഡഡ് | 279 | 23 | 24 | 47 | 3 | 2 | 5 | 10 | 2 | — | 3 | 5 |
| G. U. P. S പുതുരുത്തി | സർക്കാർ | 296 | 12 | 18 | 30 | — | — | — | — | — | — | — | — |
| J. M. J കോൺവന്റ് അത്താണി | അൺ എയ്ഡഡ് | 268 | — | — | — | — | — | — | — | — | — | — | — |

രണവും, വിതരണവും നടത്തുന്ന സംഘങ്ങൾ രൂപികരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

2. പരമ്പരാഗത തൊഴിലായ പനമ്പ്, കുട്ട, പായ് എന്നിവ നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം നൽകുക. ഇവ വിപണനം നടത്താനുള്ള ഏർപാടുകൾ ഉണ്ടാക്കുക.

3. കൃഷിഭൂമികൾ സ്വന്തമായി വാങ്ങാൻ ബാങ്ക് ലോൺ, സബ്സിഡി എന്നീ സഹായങ്ങൾ ചെയ്തുകൊടുക്കുക. ബാങ്ക് ലോൺ ജാമ്യാവസ്ഥയിൽ നിന്ന് ഒഴിവാക്കുക.

4. കറവമാടുകൾ വാങ്ങുന്നതിന് ലോണും, സബ്സിഡിയും അനുവദിക്കുക. അപ്രകാരം ചെയ്യുകയാണെങ്കിൽ കോളനികളിൽ Biogas Plant നിർമ്മിക്കുവാൻ കഴിയും.

5. പട്ടികജാതിക്കാർക്ക് കാർഷികോപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുക.

6. കൃഷിവിളകൾക്ക് സൗജന്യമായി വളപ്രയോഗം നടത്തുന്നതിന് സൗകര്യം നൽകുക.

7. നിലവിലുള്ള കോളനികളിൽ അടിസ്ഥാന ജീവിത സൗകര്യങ്ങൾ ഉറപ്പ് വരുത്തുക. കോളനികളുടെ അററകുററ പണികൾ പഞ്ചായത്ത് ഏറെറടുക്കുക. .

8. കോളനികളിൽ വേണ്ടത്ര സ്ഥലസൗകര്യം ഇല്ലാത്തതുകൊണ്ട് കുടുംബങ്ങൾ ഇടതിങ്ങി ജീവിക്കുന്നു. ഇത് പരിസര മലിനീകരണ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അതുകൊണ്ട് ഒരോ വീടിനും ചുരുങ്ങിയത് പത്ത് സെന്റ് സ്ഥലം ഉറപ്പാക്കുക.

9. വായനശാലയിലൂടെ കോളനികളിലെ വിദ്യാർത്ഥികൾക്ക് റഫറൻസ് പുസ്തകങ്ങൾ, വർത്തമാന പത്രങ്ങൾ എന്നിവ ലഭ്യമാക്കുക.

10. ഓരോ കോളനിയിലും ടെലിവിഷൻ സെററുകൾ സ്ഥാപിക്കുക.

11. പട്ടികജാതികാർക്കു വേണ്ടി സഹകരണ സംഘങ്ങൾ രൂപികരിക്കുക.

12. കോളനികളിലെ നിവാസികൾക്കുള്ള ആരോഗ്യ പദ്ധതി നടപ്പിലാക്കുക.

13. കോളനികളിലേക്ക് ഗതാഗതയോഗ്യമായ റോഡുകൾ നിർമ്മിക്കുക.

14. 7-ാംവാർഡിലെ തെനംപറമ്പ് കോളനി ബസ്റേറാപ്പിലും, വ്യാസകേളേജ് റോഡിലും വെയിററിംങ്ഷെഡ് നിർമ്മിക്കുക.

15. അംഗീകാരം ഇല്ലാത്ത കോളനികൾക്ക് അംഗീകാരം നൽകുക.

# 7. ഭവനനിർമ്മാണം സാമൂഹ്യക്ഷേമം

## ഭവനനിർമ്മാണം

മനുഷ്യന്റെ ഭൗതിക ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ് പാർപ്പിടം.

മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിൽ 6012 ഭവനങ്ങളാണ് ആകെ ഉള്ളത്. ഇപ്രകാരമുള്ള ഭവനങ്ങളുടെ സ്ഥിതിഗതികളും അന്തരീക്ഷവും മനസ്സിലാക്കുവാൻ താഴെ കാണുന്ന പട്ടിക സഹായകമാണ്.

| വീടുകളുടെ സ്വഭാവം | എണ്ണം |
|---|---|
| ഓട് മേഞ്ഞ വീടുകൾ | 3976 |
| കോൺക്രീറ്റ് വീടുകൾ | 1153 |
| ഷീറ്റുകൾ മേഞ്ഞ വീടുകൾ | 96 |
| ഓല വൈക്കോൽ വീടുകൾ | 867 |

### വിവിധതരം വീടുകൾ




## പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഏറെ സുലഭമാണെങ്കിലും ഇഷ്ടികയും മണലും മരവും ഈ പഞ്ചായത്തിൽ സുലഭമല്ല.
2. കെട്ടിട നിർമ്മാണ തൊഴിലാളികൾ, സാങ്കേതിക വിദഗ്ധർ എന്നിവർ ധാരാളമുണ്ടെങ്കിലും പഞ്ചായത്തിൽ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളിത്തം വളരെ കുറവാണ്.
3. വിദഗ്ദ്ധ തൊഴിലാളികൾക്ക് 150 – 200 രൂപ വരെ ദിനം പ്രതി വേതനം ഉണ്ട്. അവിദഗ്ദ്ധ തൊഴിലാളിക്ക് 100–125 രൂപ വരെ വേതനമുണ്ടെങ്കിലും ഇത്തരം തൊഴിലാളികളുടെ ദൗർലഭ്യം ധാരാളമായി ഇവിടെ അനുഭവപെടുന്നു.
4. IRDP സർവ്വേ പ്രകാരം വിവിധ വാർഡുകളിലായി വീടുകൾ ആവശ്യമുള്ള അംഗങ്ങളുടെ എണ്ണം 403 ആണ്. IAY. JRY. NWS. എന്നീ പരിപാടികളിലായി 65 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇനിയും 338 വീടുകളുടെ അപേക്ഷകൾ അനുവദിക്കാനുണ്ട്.

## നിർദ്ദേശങ്ങൾ

1. കരിങ്കല്ല് ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്നതുകൊണ്ട് ഇത് ബോൾഡറായും, വിവിധ വലുപ്പത്തിൽ മെറ്റലായും അവശേഷിക്കുന്ന പൊടികൊണ്ട് കെട്ടിട നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുവാനും സാധ്യതകൾ ഏറെയുണ്ട്. ഈ പഞ്ചായത്തിൽ നിന്ന് കിട്ടുന്ന

വെട്ടുകല്ല് ഇവിടെ ഉപയോഗിക്കുകയാണെങ്കിൽ നിർമ്മാണ ചെലവിൽ ഗണ്യമായ കുറവ് ഉണ്ടാകും. എന്നാൽ ഈ മേഖലയിൽ പഴയ കാലത്തെ പോലെയുള്ള സാങ്കേതിക വിദഗ്ദർ ഇന്ന് ഇല്ല.

2. ചെങ്കല്ല് വെട്ടിയെടുത്ത് നേരിട്ട് പണിയാൻ ആവശ്യമായ രീതിയിൽ രൂപാന്തരപ്പെടുത്താൻ കഴിഞ്ഞാൽ നിർമ്മാണ ചെലവ് ലഘൂകരിക്കാം.
3. ഈ പഞ്ചായത്തിൽ ഇഷ്ടികയും മണലും ഇല്ല. എന്നാൽ കരിങ്കല്ലിൽ നിന്നുള്ള പാറപ്പൊടി രൂപപ്പെടുത്തിയാൽ മണലിന്ന് പകരം ഉപയോഗിക്കാം.
4. പാഴ്മരങ്ങൾ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ബലപ്പെടുത്തി എടുത്താൽ കെട്ടിട നിർമ്മാണത്തിന്റെ മര ദൗർലഭ്യം ഒരു പരിധി വരെ പരിഹരിക്കാം.
5. പഞ്ചായത്ത് തലത്തിൽ ഹൗസിംഗ് സൊസൈറ്റികൾ രൂപീകരിച്ച് ആവശ്യമായ കെട്ടിട നിർമ്മാണ വസ്തുക്കൾ വിതരണം ചെയ്യുക. ഈ സൊസൈറ്റിയുടെ കീഴിൽ തൊഴിലാളികളെ ആധുനിക രീതിയിൽ പരിശീലിപ്പിച്ചെടുക്കുവാനുള്ള സാഹചര്യം ഉണ്ടാകണം. ആധുനിക രീതിയിലുള്ള ചിലവു കുറഞ്ഞ വീടുകളുടെ നിർമ്മാണത്തെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക.
6. കുറഞ്ഞ പലിശനിരക്കിൽ കെട്ടിട നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകാവുന്ന പൊതു മേഖലാ ബാങ്കുകളുടേയും സൊസൈറ്റികളുടേയും പ്രവർത്തനം കാര്യക്ഷമമാക്കണം.

## സാമൂഹ്യക്ഷേമം

പഞ്ചായത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികളിൽ പ്രധാനപ്പെട്ടവ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളും വിവിധ പെൻഷൻ പദ്ധതികളുമാണ്. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയായ സംയോജിത ഗ്രാമ വികസന പരിപാടി (IRDP) യെസംബന്ധിച്ച് 1992 മുതൽ 1996 വരെയുള്ള വിവരങ്ങൾ പട്ടികയിൽ കാണാം.

| സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | SC / ST കുടുംബങ്ങൾ | സാമ്പത്തിക സഹായം ലഭിച്ചവർ | സഹായം ലഭിച്ചതു കൊണ്ട് ദാരിദ്ര്യരേഖക്കു മുകളിൽ എണ്ണം | സഹായം ലഭിച്ച SC / ST കുടുംബങ്ങൾ | ദാരിദ്ര്യ രേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ |
|---|---|---|---|---|---|
| 2784 | 308 | 193 | 127 | 102 | 2657 |

### പ്രശ്നങ്ങൾ

1. IRDP സഹായത്തിനുള്ളവരുമാന പരിധി ഇപ്പോൾ ഉള്ളതു ശരിയല്ല.
2. വിവിധ സഹായ പദ്ധതികൾ യഥാസമയം അർഹരായവർക്ക് കിട്ടുന്നില്ല.
3. D.W.C.R.A പദ്ധതി ശരിയായ രീതിയിൽ പ്രാവർത്തികമായിട്ടില്ല.
4. ട്രൈസം പദ്ധതിയും ശരിയായ രീതിയിൽ പ്രാവർത്തികമായിട്ടില്ല.
5. ദേശസാൽകൃത ബാങ്കുകളുടെ ബ്രാഞ്ചുകൾ ഈ പഞ്ചായത്തിലില്ല.
6. ഒരു മാവേലി സ്റ്റോർ ഇല്ല.
7. വൃദ്ധ മന്ദിരങ്ങളോ, കമ്മ്യൂണിറ്റി ഹാളുകളോ ഇല്ല.

### നിർദ്ദേശങ്ങൾ

1. IRDP സഹിയത്തിനുള്ള വാർഷിക വരുമാന പരിധി ഇപ്പോൾ ഉള്ളതിൽ നിന്നും ഗണ്യമായി ഉയർത്തുക.
2. പാരമ്പര്യ തൊഴിലുകളിൽ ഗ്രാമീണ ജനതക്ക് സാങ്കേതിക വൈദഗദ്ധ്യം നൽകുന്ന 'ട്രൈസം' പോലെയുള്ള പദ്ധതികൾക്ക് രൂപം കൊടുക്കുക.
3. DWCRA പദ്ധതി പ്രകാരം ഗ്രാമീണ വനിത തൊഴിൽ അന്വേഷകർക്ക് വാർഡ് അടിസ്ഥാനത്തിൽ രണ്ട് യൂണിറ്റ് വീതം തുടങ്ങുക.
4. വിവിധ പെൻഷൻ പദ്ധതികൾ യഥാകാലം അർഹരായവർക്ക് നൽകാൻ വ്യവസ്ഥ ഉണ്ടാക്കുക.
5. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ രാജീവ് ദശലക്ഷപാർപ്പിട പദ്ധതി പ്രകാരം ഭവന നിർമ്മാണ വായ്പക്ക് അപേക്ഷ നൽകിയിട്ടുള്ളവർക്ക് എത്രയും പെട്ടന്ന് വായ്പ ലഭ്യമാക്കുക.

| പദ്ധതി | നൽകിയത് |
|---|---|
| വാർദ്ധക്യ പെൻഷൻ | 83 |
| വിധവ പെൻഷൻ | 73 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധന സഹായം | 7 |

6. ദേശസൽകൃ ബാങ്കുളുടെ ബ്രാഞ്ചുകൾ വിവിധ വാർഡുകളിൽ സ്ഥാപിക്കുക.
7. ഗ്രാമ സഭകളിൽ ധനകാര്യ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കുക.
8. കർഷക തൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ, ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ മുതലായവ ഗ്രാമ പഞ്ചായത്ത് മുഖേനെ അർഹതയുള്ളവർക്ക് മാത്രം നടപ്പിലാക്കുക.
9. തൊഴിലില്ലായ്മ വേതന വിതരണം ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുക.
10. തൊഴിൽ രഹിതരുടെരജിസ്ട്രേഷൻകോപ്പി പഞ്ചായത്തിൽ ലഭ്യമാക്കുക.
11. പഞ്ചായത്തു് പരിധിയിലുള്ള കുട്ടികളുടെ ജനനം മരണം മറ്റ് പഞ്ചായത്തിൽ വെച്ചു നടക്കുമ്പോൾ റജിസ്റ്റർ ചെയ്യുന്നതിന്റെ പകർപ്പ് അതാത് പഞ്ചായത്തിലേക്ക് ലഭ്യമാക്കുക.
12. പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ സ്ഥാപിക്കുക. അവശ്യ സാധന വിതരണം കാര്യക്ഷമമായി നടത്തുക.
13 വീട് അറ്റകുറ്റ പണികൾക്കുള്ള സഹായം അനുവദിക്കുക.
14. വൃദ്ധമന്ദിരങ്ങൾ, കമ്മ്യൂണിറ്റിഹാൾ, കളിസ്ഥലം മുതലായവ നിർമ്മിക്കുക.
15 പഞ്ചായത്തിന്റെ 'സ്റ്റേഡിയം' പുനരുദ്ധരിക്കുക.
16 പഞ്ചായത്തിലെ മുഴുവൻ വീടുകൾക്കും ആവശ്യമായ കക്കൂസ് നിർമ്മിച്ച് കൊടുക്കാനുള്ള പദ്ധതി ഉണ്ടാക്കുക.
17. മഹിളാ സമാജ പ്രവർത്തനം വിപുലീകരിക്കുക.
18. ലക്ഷം വീടുകളിലേക്കുള്ള റോഡുകൾ നന്നാക്കുക.
19. വിദ്യുച്ഛക്തി വിതരണം പഞ്ചായത്തിലെ ഏൽപ്പിക്കാനുള്ള നിയമ സംവിധാനം ഉണ്ടാക്കിക്കുക.
20. പഞ്ചായത്തിൽ 1 ഹെൽത്ത് ഇൻസ്പെക്ടറെ നിയമിക്കുക.
21. പ്രധാന ജംക്ഷനുകളിൽ സോഡിയം വേപ്പർ വിളക്കുകൾ സ്ഥാപിക്കുക.
22. വീടിന്ന് സ്ഥലമില്ലാത്തവർക്ക് സൗജന്യമായി സ്ഥലം നൽകുക.
23. റോഡുകളിൽ അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന കന്നുകാലികളെ നിരോധിക്കുക.
24. പച്ചക്കറി മാർക്കറ്റ് വിവിധ സ്ഥലങ്ങളിൽ ഏർപ്പെടുത്തുക.
25. ഗ്രന്ഥശാലകളുടെ പ്രവർത്തനം സജ്ജീവമാക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യുക.
26. പുകയില്ലാത്തതും, ഇന്ധന കാര്യക്ഷമമുള്ളതുമായ അടുപ്പുകൾ അവശ്യാനുസരണം സ്ഥാപിച്ച് കൊടുക്കുക.
27. പട്ടയം ലഭിക്കാത്തവർക്ക് പട്ടയം നൽകുക.
28. കലാ സാംസ്കാരിക സംഘടനകളെ പ്രോൽസാഹിപ്പിക്കുകയും രക്ത നിർണ്ണയ ക്യാമ്പുകൾ നടത്തുകയും ചെയ്യുക.
29. വനിത വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
30. കൊതുക് നശീകരണത്തിന് വേണ്ടതായ എർപ്പാടുകൾ ചെയ്യുക.
31. ട്രാഫിക് നിയമങ്ങളെകുറിച്ചിള്ള ബോധവൽക്കരണം നടത്തുക.
32. പഞ്ചായത്തിൽ അലഞ്ഞുതിരിഞ്ഞ് നടക്കുന്ന പട്ടികളെ നശിപ്പിക്കുന്നതിന് നടപടി ഊർജ്ജിതമായി എടുക്കുക.
33. പഞ്ചായത്തിന്റെ സാംസ്കാരിക നിലയം അർത്ഥവത്തായി പ്രവർത്തിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുക.

ഈ പഞ്ചായത്തിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിന് പഞ്ചായത്തിന് പുറമെ ജനപങ്കാളിത്തവും കൂടി ഉണ്ടാകണമെന്ന് നിർദ്ദേശിക്കുന്നു.

# 8. വിഭവസമാഹരണം

9-ാം പദ്ധതി ജനകീയ പദ്ധതിയാക്കി ലോകത്തിനുതന്നെ മാതൃകയാകത്തക്കവിധം കേരളത്തിലെ ഗ്രാമസഭകൾ പ്രവർത്തന നിരതരായിരിക്കുകയാണ്. ഇതനുസരിച്ച് മുണ്ടത്തിക്കോട് ഗ്രാമ പഞ്ചായത്ത്, പഞ്ചായത്തിലെ മുഴുവൻ മനുഷ്യ വിഭവശേഷിയും ഉപയോഗിച്ചുകൊണ്ട് ഈ പദ്ധതിയുടെ പ്രവർത്തനവുമായി മുന്നേറുകയാണ്. 23.37 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള നമ്മുടെപഞ്ചായത്തിൽ 10 വാർഡുകൾ ആണ് ഉള്ളത്. എരുമപ്പെട്ടി. വടക്കാഞ്ചേരി, തെക്കുംകര, കിള്ളന്നൂർ, അവണൂർ, വേലൂർ എന്നീ പഞ്ചായത്തുകളുടെ മധ്യത്തിൽസ്ഥിതി ചെയ്യുന്ന നമ്മുടെ പഞ്ചായത്ത് വിദ്യാഭ്യാസപരമായും, കലാ സാംസ്കാരിക രംഗങ്ങളിലും, കായികരംഗത്തും മുൻപന്തിയിലാണ്. 21,840 ജനങ്ങൾ പാർക്കുന്ന പഞ്ചായത്താണ് നമ്മുടേത് എങ്കിലും മെച്ചപ്പെട്ട ജീവിത നിലവാരവും, പുരോഗതിയും നേടാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നതാണ് വാസ്തവം. ഇതിനു പ്രധാന കാരണംനമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തിക പരിമിതിയാണ്. ഈ അവസ്ഥയിൽ നിന്ന് മോചനം നേടുന്നതിന് പഞ്ചായത്തിലെ മുഴുവൻ വിഭവങ്ങളും സമാഹരിച്ചുകൊണ്ട് മുന്നോട്ടുള്ള പ്രയാണം എങ്ങനെ ത്വരിതപ്പെടുത്താം എന്നതിനെ കുറിച്ചുള്ള ഹ്രസ്വമായ ഒരു വികസന റിപ്പോർട്ടാണ് ഈ വികസന സെമിനാറിൽ അവതരിപ്പിക്കുന്നത്.

## പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

നമ്മുടെ പഞ്ചായത്തിൽ ഓരോ അഞ്ചു വർഷം കൂടുമ്പോഴും നികുതിയിനത്തിൽ ഏകദേശം 25% വർദ്ധനവ് ഉണ്ടാകാറുണ്ടെങ്കിലും നികുതി സാധ്യതക്കനുസരിച്ച് വരുമാനം ഉണ്ടായിട്ടില്ല എന്ന് കാണുന്നു. ഇത് പരിഹരിക്കുന്നതിനു വേണ്ടി നികുതിയിനങ്ങളിൽ ചെറിയതോതിലുള്ള വർദ്ധനവ് വരുത്തുകയും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുകയും ചെയ്യേണ്ടതാണ്. പഞ്ചായത്ത് അതിർത്തിയിൽ ഉള്ള സ്ഥലങ്ങൾ കൈമാറ്റം ചെയ്യപ്പെടുമ്പോൾ വിലകുറച്ചു കാണിക്കുന്നതുകൊണ്ട് പഞ്ചായത്തിനു വളരെയധികം നഷ്ടം സംഭവിക്കുന്നുണ്ട്. ഈ പ്രവണത അവസാനിപ്പിക്കുന്നതിനു വേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. വിവിധയിനത്തിലുള്ള സർചാർജ്ജ് വർദ്ധിപ്പിച്ച് പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കാവുന്നതാണ്.

സർക്കാരിൽ നിന്ന് അൺടൈഡ് ഫണ്ട്, JRY ഫണ്ട് എന്നിവ ലഭിക്കുന്നുണ്ടെങ്കിലും അത് പഞ്ചായത്തിന്റെ വികസനത്തിന് പര്യാപ്തമല്ല. ഈ ഫണ്ടുകൾ ഉപയോഗിച്ച് നടക്കുന്ന പണികളിൽ ഭൂരിഭാഗവും കോൺട്രാക്ട് അടിസ്ഥാനത്തിലാണ് നടക്കുന്നത്. ഈ പണികൾ അതാതു പ്രദേശത്തെ സന്നദ്ധ പ്രവർത്തകരുടെ പങ്കാളിത്തത്തോടെ നടത്തുകയാണെങ്കിൽ പഞ്ചായത്തിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നതാണ്. സ്ഥാപന ചെലവിന്റെ തോതിൽ കാര്യമായ വർദ്ധന കാണുന്നില്ല. ജനക്ഷേമകരമായ വികസന പ്രവർത്തനങ്ങൾ നടത്താൻ പഞ്ചായത്ത് മുൻകയ്യെടുക്കുന്നുണ്ട്.

പ്രത്യക്ഷ ഉത്പാദന രംഗത്ത് നമ്മുടെ പഞ്ചായത്ത് സമീപ കാലത്ത് കാര്യമായ പ്രവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ല. ഇതിനുകാരണം പഞ്ചായത്തിന്റെ സാമ്പത്തിക പരിമിതിയാണ്. പഞ്ചായത്ത് അധീനതയിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടി വായ്പ എടുത്തിട്ടുണ്ട്. ഈ കെട്ടിടങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനം വായ്പ അടയ്ക്കുവാൻ പര്യാപ്തവുമാണ്. എങ്കിലും ഈ സംഖ്യ മറ്റു വികസന പ്രവർത്തനങ്ങൾക്കുപയോഗിച്ചതുകൊണ്ട് സമീപകാലത്ത് വായ്പാ തിരിച്ചടവ് ശരിയായ രീതിയിൽ നടക്കുന്നില്ല എന്നു കാണുന്നു. ഇക്കാര്യത്തിൽ പഞ്ചായത്ത് അധികൃതരുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ രണ്ടു വാണിജ്യ ബാങ്കുകളും ഒരു സഹകരണബാങ്കും പ്രവർത്തിക്കുന്നുണ്ട് കൂടാതെ രണ്ടു സഹകരണ വായ്പാ സംഘങ്ങളുമുണ്ട്. ഈ ബാങ്കുകളിൽ നിന്ന് പഞ്ചായത്തിലെ ആളുകളുടെ മൊത്തം ഡെപ്പോസിറ്റിന്റെ 15% മാത്രമേ വായ്പ നൽകുന്നുള്ളൂ. വ്യവസായ മേഖലക്കോ, വാണിജ്യ മേഖലക്കോ, കാർഷിക മേഖലക്കോ, വേണ്ട രീതിയിലുള്ള പ്രയോജനം ഈ ബാങ്കുകളിൽ നിന്ന് ലഭിക്കുന്നില്ല. സഹകരണ വായ്പാ സംഘങ്ങളിൽ ഒന്ന് നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും മറ്റൊന്നിന്റെ സ്ഥിതി വളരെ ശോചനീയമാണ്. ഉത്തരവാദപ്പെട്ട കേന്ദ്രങ്ങളിൽ സമ്മർദ്ദം ചെലുത്തി അതിനെ പുനരുദ്ധരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വേണ്ട രീതിയിലുള്ള വായ്പാ സൗകര്യം ലഭിക്കാത്തതുകൊണ്ട് സാധാരണക്കാർക്ക് സ്വകാര്യ പണമിടപാടുസ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി

വരുന്നു. ജനങ്ങളുടെ സൗകര്യം വർദ്ധിപ്പിക്കുന്ന തിനുവേണ്ടി പൊതു മേഖലയിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും ബാങ്കുകളുടെ ശാഖ തുടങ്ങാനുള്ള ശ്രമം നടത്തേണ്ടതാണ്.

ഏകദേശം അറന്നൂറോളം ആളുകൾ ഗൾഫ് രാജ്യങ്ങളിൽ ജോലിചെയ്യുന്നുണ്ട്. ഇത് ഏകദേശം പഞ്ചായത്തിലെ മൊത്തം ജനതയുടെ രണ്ടുശതമാനത്തോളം വരും ഗൾഫിൽ നിന്നുള്ള വരുമാനത്തിന്റെ ഭൂരിഭാഗവും, കെട്ടിട നിർമ്മാണ മേഖലയിലും, ഭൂമി വാങ്ങുന്നതിനുമാണ് ചെലവ ഴിക്കുന്നത്. പഞ്ചായത്ത് മുൻകയ്യെടുത്ത് അവരെ ബോധവൽക്കരണം നടത്തി, വ്യവസായമേഖല യിലേക്കും, കാർഷിക മേഖലയിലേക്കും ആകർഷി ക്കാനുള്ള ശ്രമം നടത്തേണ്ടതാണ്. നമ്മുടെപ ഞ്ചായത്തിലെ ജനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും, സന്നദ്ധ പ്രവർത്തകരുടെ സഹായം കൊണ്ടും പല പ്രവർത്തനങ്ങളും നടന്നിട്ടുണ്ട്.

പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി യും വിഭവ സമാഹരണവും മെച്ചപ്പെടുത്തുന്നതി നുവേണ്ടി ഗ്രാമസഭകളിൽ നിന്നുള്ള അഭിപ്രായ ങ്ങളും മറ്റു പൊതു നിർദ്ദേശങ്ങളും താഴെ കൊടു ക്കുന്നു.

1. പഞ്ചായത്ത് അടിസ്ഥാനത്തിൽ കാർഷിക ഉല്പന്നങ്ങളുടെ ചന്ത ആഴ്ചയിൽ ഒരുതവണ ഉണ്ടായാൽ കർഷകർക്ക് അവരവരുടെ ഉല്പ ന്നങ്ങൾ ഇടത്തട്ടുകാരില്ലാതെ വിറ്റഴിക്കാൻ സാധിക്കും.
2. പഞ്ചായത്തടിസ്ഥാനത്തിൽ കാർഷിക വിള കളുടെ സമാഹരണവും, സംസ്കരണവും വിപണനവും നടത്തുന്നതിനുള്ള സൗകര്യം ഉണ്ടാക്കേണ്ടതാണ്.
3. ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനാവ ശ്യമായ നടപടികളെടുക്കുക.
4. പരമ്പരാഗത കുടിൽ വ്യവസായങ്ങൾ പ്രോൽ സാഹിപ്പിക്കുക.
5. ദേശീയ സമ്പാദ്യ പദ്ധതിയിൽ നിന്നും വരുമാ നം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ജനങ്ങളെ ബോധവാന്മാരാക്കുക.
6. പഞ്ചായത്തു കുളങ്ങളിൽ മത്സ്യം വളർത്താ നുള്ള സാഹചര്യമൊരുക്കുക.
7. പഞ്ചായത്ത് ശ്മശാനത്തിനു സമീപത്തുള്ള പഞ്ചായത്തു വക തരിശു ഭൂമിയിൽ വിലപിടി പ്പുള്ള മരങ്ങൾ നട്ടുപിടിപ്പിക്കുക.
8. പഞ്ചായത്ത് വക ചന്ത സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് പണിയുക.
9. മെഡിക്കൽ കോളേജിനു സമീപമുള്ള പഞ്ചാ യത്തു ഭൂമിയിൽ കെട്ടിടങ്ങൾ പണിത് വാടക യ്ക്ക് കൊടുക്കുക.
10. പഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സിൽ നിന്നുള്ള വരുമാനവും ചിലവും ഒത്തുപോകുന്നില്ല. അതി നാൽ വാടക പുതുക്കേണ്ടതുണ്ട്.

# മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് വരവ് ചിലവ് കണക്കുകൾ

1 - 4 - 1995 മുതൽ 30 - 3 - 1996






# 9. ഊർജ്ജം & ഗതാഗതം

## ഊർജ്ജം

ഊർജ്ജമെന്നാൽ വൈദ്യുതി എന്ന വികലമായ ധാരണ ഇന്ന് സാധാരണ ജനങ്ങളുടെ മനസ്സിലുണ്ട്. മൊത്തം ഊർജ്ജ ഉപഭോഗത്തിൽ പാചകത്തിനായി നാം കൂടുതൽ ജൈവ ഊർജ്ജം ഉപയോഗിക്കുന്നു. അത് 90 ശതമാനത്തോളമാണ്. മറ്റ് ആവശ്യങ്ങൾ 10 ശതമാനം മാത്രം. വികസിത രാജ്യങ്ങളിൽ ഇത് നേരെമറിച്ചാണ്. ഊർജ്ജ ഉല്പാദനത്തിലും വിതരണത്തിലും മാത്രം ശ്രദ്ധ പതിയുന്ന ഇന്നത്തെ സ്ഥിതി മാറണം. ഊർജ്ജ സംരക്ഷണത്തിന് മുഖ്യമായ സ്ഥാനം നൽകേണ്ടതുണ്ട്.

10 വാർഡുകൾ ഉള്ള മുണ്ടത്തിക്കോട് ഗ്രാമ പഞ്ചായത്തിൽ 6012 വീടുകളുള്ളതിൽ 47.3 ശതമാനം വീടുകളും വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ളവയാണ്. 18 കോളനികൾ ഉള്ള ഈ പഞ്ചായത്തിലെ പല കോളനികളും ഭാഗികമായി വൈദ്യുതീകരിക്കാനുണ്ട്. ഉദ്ദേശം 600 ഹരിജൻ വീടുകളിൽ 30 ശതമാനം വീടുകളാണ് വൈദ്യുതീകരിച്ചിട്ടുള്ളത്.

### 1 വൈദ്യുതി.

പഞ്ചായത്തിൽ വാണിജ്യാടിസ്ഥാനത്തിൽ വൈദ്യുതി നിർമ്മിക്കുന്നില്ല. വൈദ്യുതിയുടെ ഉപഭോഗത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളായ സിഡ്കോ, സിൽക്ക്, കാർത്തിക അരിയുൽപാദനമിൽ, 52 ചെറുകിട സ്ഥാപനങ്ങളുമാണ് മുന്നിൽ നിൽക്കുന്നത്.

കാർഷിക രംഗത്ത് ആവശ്യമുള്ളതിന്റെ 25 ശതമാനം പോലും ഉപയോഗിക്കപ്പെടുന്നില്ല. ജല ലഭ്യത ധാരാളമുള്ള പല കൃഷിയിടങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.

ഗാർഹിക രംഗത്ത് ഉപയോഗിക്കുന്ന വൈദ്യുതിയുടെ 5 ശതമാനം ആഡംബരങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നു. വൈദ്യുതിയുടെ ദുർവ്യയം രണ്ടു ശതമാനമാണ്.

### തെരുവ് വിളക്കുകൾ.

403 ബൾബുകളും 160 ട്യൂബ്ലൈറ്റുകളും പഞ്ചായത്തിലുണ്ട്.

### ഗ്രാമ സഭയിലെ ചർച്ചകളിൽ വന്ന നിർദ്ദേശങ്ങൾ

1. നാല് ഇലക്ട്രിക് സെക്ഷനുകളുടെ കീഴിലാണ് മുണ്ടത്തിക്കോട് പഞ്ചായത്ത്. നാല് സെക്ഷനുകളും ഏകോപിപ്പിച്ച് ഒരു പുതിയ സെക്ഷൻ ഓഫീസ് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് സ്ഥാപിക്കുക.
2. ഹരിജനങ്ങൾക്ക് വീട് വയറിംഗ് ചെയ്യാൻ നൽകുന്നതുപോലുള്ള സഹായങ്ങൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാവർക്കും നൽകുക.
3. തെരുവുവിളക്കുകൾ കത്തിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്ന് ഗ്രാമ സഭകൾ ആവശ്യപ്പെട്ടു.
4. വോൾട്ടേജ് ക്ഷാമമുള്ള അരവൂർ, മിണാലൂർ പെരിങ്ങണ്ടൂർ,പാർളിക്കാട് മുതലായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
5. കൃഷിസ്ഥലങ്ങളായ അത്താണി ബൈപാസ് റോഡിന്റെ കിഴക്കുഭാഗം, പുതുരുത്തി ശങ്കുണ്ണിനായർ മെമ്മോറിയൽ റോഡിന്റെ വശത്തെ പാടം എന്നിവിടങ്ങളിൽ ലൈൻ വലിച്ച് മോട്ടോർ കണക്ഷൻ നൽകുക.
6. ഉപഭോക്താക്കൾ അധിവസിക്കുന്ന ഇടങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വിതരണശൃംഖലയുടെ ദൈർഘ്യം കുറച്ച് ഊർജ്ജം സംരക്ഷിക്കുക.

### മിനി ജലവൈദ്യുത പദ്ധതി

പത്തായകുണ്ട് ഡാമിൽ നിന്ന് ജലം ഉപയോഗിച്ച് വൈദ്യുതി ഉല്പാദന പദ്ധതി ആരംഭിക്കാൻ വേണ്ട പ്രാഥമിക സർവ്വേ നടത്തുക.

### നിർദ്ദേശങ്ങൾ

1. സ്ട്രീറ്റ് ലൈറ്റുകൾക്ക് ഗുണമേന്മയുള്ള ലാംബുകൾ ഉറപ്പുവരുത്തുക.
2. സ്ട്രീറ്റു ലൈറ്റുകൾക്ക് ഷെയ്ഡുകൾ ഉപയോഗിക്കുക.
3. കത്താത്ത തെരുവ് വിളക്കുകൾക്ക് നിലവിലുള്ള റിബേറ്റ് കൃത്യമായും വാങ്ങുവാനുള്ള സംവിധാനം ഉറപ്പുവരുത്തുക.

4. തെരുവ് വിളക്കുകൾക്കും മീറ്റർ റീഡിംഗ് സമ്പ്രദായം നടപ്പിലാക്കുക.
5. കുടിർ ജ്യോതി, റൂറൽ ഇലക്ട്രിഫിക്കേഷൻ മുതലായവ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുക.
6. കൃഷി ആവശ്യങ്ങൾക്ക് ഇലക്ട്രിക് കണക്ഷൻ ലഭിക്കുന്നതിൽ വരുന്ന കാലതാമസം ഒഴിവാക്കുക.

## II എണ്ണ

വാണിജ്യാടിസ്ഥാനത്തിൽ എണ്ണ ഈ ഗ്രാമ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്നില്ല. ഉപഭോഗത്തിൽ പൊതുമേഖല സ്ഥാപനമായ സിൽക്ക് പ്രതിമാസം ഒരു ലക്ഷം ലിറ്റർ ഓയിൽ ഉപയോഗിക്കുന്നു.

## മണ്ണെണ്ണ

ഗാർഹിക ഉപഭോഗത്തിൽ ഒരു ലക്ഷം ലിറ്റർ മണ്ണെണ്ണ ഉപയോഗിക്കുന്നു. കാർഷികാവശ്യങ്ങൾക്ക് നാല്പതിനായിരം ലിറ്റർ ഉപയോഗിക്കുന്നു. പരസ്യ വിപണിയിൽ നിന്ന് വാങ്ങി ഗാർഹിക, കാർഷിക, വ്യാവസായ രംഗത്ത് ഉപയോഗിക്കുന്നത് ഏകദേശം മൊത്തം ഉപഭോഗത്തിന്റെ 10 ശതമാനം വരും.

## III കൽക്കരി

കൽക്കരിയുടെ ഉപഭോഗം നാമമാത്രം ആണ്.

## IV വിറക്

വാണിജ്യാടിസ്ഥാനത്തിൽ വിറക് ഉല്പാദനമോ ഉപഭോഗമോ ഇല്ല. ഗാർഹിക രംഗത്ത് ഉപഭോഗം 90 മെട്രിക് ടൺ ആണ്. വ്യാവസായികരംഗത്ത് 1 ശതമാനം മാത്രമാണ് ഉപഭോഗം. 99 ശതമാനവും ഗാർഹിക രംഗത്ത് ഉപയോഗിക്കപ്പെടുന്നത് വിറകാണ്. കൃഷിയിടങ്ങളിൽ നിന്ന് 45 ശതമാനവും മറ്റ് മാർഗ്ഗങ്ങളിൽ നിന്ന് 55 ശതമാനവും വിറക് ശേഖരിക്കുന്നു. വില കിന്റലിന് 112.50 രൂപയാണ്. ദക്ഷതയേറിയ 2.5 ശതമാനം അടുപ്പുകൾ നിലവിലുണ്ട്. ഊർജ്ജ സംരക്ഷണത്തിനായിപ്രഷർകുക്കർ,ഘർഷണ രഹിത ഫുട്ട്വാൽവ് C. F. L. വിളക്ക്, സൗര റാന്തൽ തുടങ്ങിയവയുടെ ഉപയോഗംപ്രചരിപ്പിക്കുക. പഞ്ചായത്തിൽ പരിഷത്ത് അടുപ്പുകൾ 3000എണ്ണംസ്ഥാപിക്കാനുള്ളസാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയാൽഇതുവഴിവാർഷിക വിറക് ലാഭം 4500 ടൺ ആയിരിക്കും.

## നിർദ്ദേശങ്ങൾ.

ഊർജ്ജ സംരക്ഷണത്തിന് പുകയില്ലാത്ത പരിഷത്ത് അടുപ്പുകൾ പോലുള്ളവ വ്യാപകമായി സബ്സിഡി നൽകി പ്രചരിപ്പിക്കുക.

## വാതകം

ഗാർഹിക രംഗത്ത് ഉപയോഗിക്കുന്ന കുക്കിംഗ് ഗ്യാസ് 1 ശതമാനം വീടുകളിൽ മാത്രമാണ് ഉപയോഗിക്കുന്നത്.

പാചകത്തിന് ബയോഗ്യാസ് പ്ലാന്റുകൾ നിലവിലുള്ളത് കേവലം നാമമാത്രമാണ്.

## നിർദ്ദേശങ്ങൾ

പാചകത്തിന് ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡിയോടു കൂടിയ സഹായങ്ങളും ആശയ പ്രചരണവും നടത്തുക. കുക്കിംഗ് ഗ്യാസ് പഞ്ചായത്തിൽ ലഭിക്കുന്നതിന് വേണ്ട നടപടി ഉടൻ സ്വീകരിക്കുക.

# ഗതാഗതം

തൃശൂർ പട്ടണത്തിൽ നിന്ന് 12 കിലോമീറ്റർ വടക്കുമാറി തൃശൂർ-ഷൊർണ്ണൂർ പാതയ്ക്കരികിലായി സ്ഥിതി ചെയ്യുന്ന മുണ്ടത്തിക്കോട് ഗ്രാമ പഞ്ചായത്തിൽ 28.5 കി. മി. P. W. D റോഡുകളും, 12.3 കി. മി. ടാർ ചെയ്ത പഞ്ചായത്ത് റോഡുകളും, 3.5 കി. മി. മെറ്റൽ റോഡുകളും, 36.5 കി. മി. ചെമ്മൺ പാതകളുമാണ് ഉള്ളത്. വാഴാനി കനാൽ ബണ്ടിലൂടെ 13 കി. മി. ദൂരം റോഡുണ്ട്. ഈ റോഡുകളത്രയും അറ്റകുറ്റ പണികൾ വർഷാവർഷം നടത്താത്തതുകൊണ്ട് ഗതാഗതയോഗ്യവുമല്ല. പുതുതായി ടാർ ചെയ്ത പഞ്ചായത്തു (ടാർ ചെയ്ത) റോഡുകൾ മാത്രമാണ് സുഖ സഞ്ചാര യോഗ്യമായവ.

പഞ്ചായത്തിന്റെ കിഴക്കുഭാഗത്തു കൂടി പോകുന്ന ഡബിൾ റെയിൽവെയുടെ ദൂരം ഏകദേശം 5 കി. മി. ആണ്. 3 റെയിൽവെ ക്രോസുകൾ നിലവിലുണ്ട്. ജില്ലാ ആസ്ഥാനമായ തൃശൂരിലേക്ക് പോകുന്ന എല്ലാ റോഡുകളും ഈ മൂന്ന

## വൈദ്യുതീകരിച്ച വീടുകൾ




## ഊർജ്ജ ഉപഭോഗം (പാചകം)



റോഡുകളുടെ വിവരങ്ങൾ




അവലംബം പഞ്ചായത്ത് റോഡ് റജിസ്റ്റർ

റെയിൽവേ ക്രോസുകൾ ഗതാഗത തടസം സൃഷ്ടിക്കുന്നു. രണ്ട് റെയിൽവേ മേൽപാലം നിർമ്മിച്ചാൽ യാത്രാക്ലേശം പരിഹരിക്കാവുന്നതാണ്. കുറാഞ്ചേരി മേൽപാലം പകുതി പണി തീർന്ന് വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. P. W. D. അപ്രോച്ച് റോഡ് ഇതുവരെ നിർമ്മിച്ചിട്ടില്ല.

## 1. ബൈപാസ് റോഡ്

തിരുത്തിപറമ്പ്, അരവൂർ – കോഴിപറമ്പ് – മുണ്ടത്തിക്കോട് അമ്പലനട റോഡ് ഗ്രാമപഞ്ചായത്തിന്റെ നടുഭാഗത്തു കൂടി പോകുന്നു. വികസിച്ചു വരുന്ന മെഡിക്കൽ കോളേജിന്റേയും അത്താണി വ്യവസായ എസ്റ്റേറ്റിന്റേയും തിരക്കിൽ നിന്നും അല്പം മാറി അത്താണി–മുണ്ടത്തിക്കോട് റോഡിനും, വടക്കാഞ്ചേരി –വേലൂർ റോഡിനും സമാന്തരമായി നടുഭാഗത്തു കൂടി നിലവിലുള്ള റോഡ് വികസിപ്പിച്ച് ബൈപാസ് റോഡ് നിർമ്മിക്കണം. ജല സമ്പത്ത് ഈ മേഖലയുടെ ഒരു സവിശേഷതയായതിനാൽ വികസനത്തിന് വളരെ ഉത്തമമാണ്.

## 2. ഓവർ ബ്രിഡ്ജ് / അപ്രോച്ച് റോഡ്.

കുറാഞ്ചേരി ഓവർ ബ്രിഡ്ജ്, അപ്രോച്ച് റോഡ് എന്നിവ അടിയന്തിരമായി പണിതീർത്ത് പാർളിക്കാട് റെയിൽവെ ഗേയ്റ്റ് തീർക്കുന്ന ഗതാഗത കുരുക്കിൽ നിന്ന് രക്ഷനേടുവാനും അത്താണി റെയിൽവേ ഗെയ്റ്റിൽ നിന്നും മെഡിക്കൽ കോളേജിലേക്ക് സുഗമമായി യാത്ര ചെയ്യുന്നതിന് ഒരു ഓവർ ബ്രിഡ്ജ് പണി തീർക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുക.

## 3. ബസ്സ് സ്റ്റാൻഡ്

മുണ്ടത്തിക്കോട് സെന്ററിലും, മെഡിക്കൽ കോളേജ് പരിസരത്തും ഓരോ ബസ് സ്റ്റാൻഡ് പണിയുക.

## 4. ടാക്സി സ്റ്റാൻഡ്

അത്താണിയിൽ ഓട്ടോറിക്ഷ, ജീപ്പ്, കാറ്, എന്നിവക്ക് ടാക്സി സ്റ്റാൻഡ് നിർമ്മിക്കണം.

## 5. റെയിൽവേ നടപ്പാലം

മിണാലൂർ ബൈപാസ്സ് മുതൽ റെയിൽവേ ക്രോസ് ചെയ്യുന്നതിന് റെയിൽവേ നടപ്പാലം നിർമ്മിക്കണം.

## 6. ഇറിഗേഷൻ കനാൽ റോഡുകൾ

1,3,7,8,9 വാർഡുകളിൽ ഗതാഗത യോഗ്യമായ ഇറിഗേഷൻ വക റോഡുകൾ ടാർ ചെയ്ത് സഞ്ചാര യോഗ്യമാക്കുവാൻ വേണ്ട നടപടികൾ എടുക്കുക.

## 7. ഇലക്ട്രിക് പോസ്റ്റുകൾ കൊണ്ടുള്ള തടസ്സങ്ങൾ

2,9,വാർഡുകളിൽ ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിസിറ്റി വക പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ നടപടി എടുക്കുക.

## 8. മറ്റ് നിർദ്ദേശങ്ങൾ

(1) റോഡ് നിർമ്മാണത്തിൽ കഴിയുന്നിടത്തോളം ജനകീയ പങ്കാളിത്തം ഉപയോഗിക്കണം.
(2) റോഡ് സംരക്ഷണ ചുമതല ജനങ്ങൾക്ക് നൽകുക.
(3) സാംസ്കാരിക രംഗത്തും,കലാ, കായികരംഗത്തും പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് റോഡ് സംരക്ഷണം ഒരിനമാക്കി പ്രവർത്തിക്കാൻ പ്രചോദനം നൽകുക.
(4) റോഡുകളുടെ നാശത്തിന് മനഃപൂർവ്വം കാരണക്കാരുടെ പേരിൽ നടപടികൾ സ്വീകരിക്കുക.

# മുണ്ടത്തിക്കോട് പഞ്ചായത്ത്

## റോഡുകൾ



# 10. വ്യവസായം

കൃഷി, വ്യവസായം, സേവനം എന്നീ മേഖലകളിലുള്ള വികസനമാണ് ഒരു രാജ്യത്തിന്റെ അഭിവൃദ്ധിക്ക് നിദാനമായിട്ടുള്ളത്. അതിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന വ്യവസായത്തിന് കേരളം അഭിമുഖീകരിക്കുന്ന എല്ലാ പ്രതിസന്ധികളും മുണ്ടത്തിക്കോട് പഞ്ചായത്തിനേയും ബാധിച്ചിട്ടുണ്ട്. ഊർജ്ജ ദൗർബല്യം, കൂലി വർദ്ധന, അടിസ്ഥാന സൗകര്യങ്ങളുടെ കമ്മി, അദ്ധ്വാനിക്കാനുള്ള വിമുഖത തുടങ്ങിയവയാണ് വ്യവസായ വികസനത്തിന് തടസ്സം നിൽക്കുന്നത്.

മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നമ്മുടെ പഞ്ചായത്തിൽ എത്രമാത്രം ബാധിച്ചിട്ടുണ്ട് എന്ന് നോക്കാം. വളരെയധികം പരമ്പരാഗത തൊഴിൽ ചെയ്തുവന്നിരുന്ന അല്ലെങ്കിൽ ധാരാളം തൊഴിലാളികൾ ഉണ്ടായിരുന്ന നമ്മുടെ പഞ്ചായത്തിൽ പരമ്പരാഗത കുടിൽ വ്യവസായങ്ങൾ 2 എണ്ണവും, പരമ്പരാഗത ചെറുകിട സ്ഥാപനങ്ങൾ 3 എണ്ണവും മാത്രമാണ് ഇപ്പോൾ ഉള്ളത്. തൊഴിലാളികളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ ഇത് വളരെ കുറവു തന്നെയാണ്. പ്രോൽസാഹനക്കുറവാണ് ഇതിനു കാരണമെന്ന് ഞങ്ങൾ വിലയിരുത്തുന്നു. പരമ്പരാഗത തൊഴിലാളികൾക്ക് അർഹമായ പരിഗണന നൽകുന്നതിന് നാം ഇനിയും വൈകിക്കൂടാ. പരമ്പരാഗത വ്യവസായങ്ങളിൽ പ്രധാനമായ കുട്ടനെയ്ത്ത്, മരസാമഗ്രികളുടെ നിർമ്മാണം, കളിമൺ ഉല്പന്നങ്ങൾ, കാർഷികോപകരണങ്ങളുടെ നിർമ്മാണം എന്നീ മേഖലയിൽ ധാരാളം തൊഴിൽ സാധ്യത കാണുന്നുണ്ട്.

ആധുനിക ചെറുകിട മേഖലയിൽ വ്യവസായങ്ങൾ ഉണ്ടെങ്കിലും അവയിൽ നല്ലൊരു ശതമാനം സേവന യൂണിറ്റുകൾ ആകുന്നു. അതായത് ധാന്യം പൊടിക്കൽ, നെല്ല് കുത്ത്, കൊപ്ര ആട്ടൽ എന്നിവ തന്നെയുമല്ല. ആ മേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം നാമമാത്രവും ആണ്. ബാക്കി വരുന്ന ഒരു ചെറിയ ശതമാനം മാത്രമാണ് ആധുനിക ചെറുകിട ഉല്പാദന മേഖലയിൽ ഉള്ളത് എന്ന വസ്തുത മറക്കരുത്. നമ്മുടെ പഞ്ചായത്തിലെ അസംസ്കൃത വസ്തുക്കളുടെ ലഭ്യത വെച്ച് നോക്കുമ്പോൾ (ഉദാഹരണമായി, തേങ്ങ, അടയ്ക്ക,മാമ്പഴം, കശുവണ്ടി, റബ്ബർ, കരിങ്കല്ല്, തെങ്ങ്, പന എന്നിവ) ചെറുകിട വ്യവസായങ്ങൾക്ക് പ്രോൽസാഹനം കൊടുക്കണം എന്നത് സംശയമില്ലാത്ത കാര്യമാണ്. മാത്രമല്ല മേൽപറഞ്ഞിട്ടുള്ള വസ്തുക്കൾ ഇവിടെ ലഭ്യമായിട്ടും, അവയുടെ ഉല്പന്നങ്ങൾക്കായി നമ്മൾ മറ്റു സ്ഥലങ്ങളെ (മറ്റു സംസ്ഥാനങ്ങളെ പോലും) ആശ്രയിക്കുന്നു എന്നത് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ട ഒരു സംഗതിയായി ഞങ്ങൾ വിലയിരുത്തുന്നു. അസംസ്കൃത വസ്തുക്കൾ, ഉൽപ്പാദനം, വിപണനം എന്നിവ ഒരേ സ്ഥലത്തിൽ ഉണ്ടാവുകയാണെങ്കിൽ നമുക്ക് പല നഷ്ടങ്ങളും ഒഴിവാക്കാവുന്നതാണ്. അതിനുവേണ്ട സാങ്കേതിക വിദ്യ മാത്രമാണ് നമുക്ക് ലഭിക്കേണ്ടത്. സാങ്കേതിക വിദഗ്ദരും സാങ്കേതിക വിദ്യയും ലഭിക്കുമെങ്കിൽ നമുക്ക് എന്തുകൊണ്ട് മേൽപറഞ്ഞ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചു കൊണ്ടുള്ള ഉൽപാദനം, വിപണനം എന്നിവ നടത്തിക്കൂടാ എന്ന് കാര്യമായി തന്നെ ചിന്തിക്കേണ്ടതാണ്.

ആധുനിക സൗകര്യങ്ങളോടു കൂടി പ്രവർത്തിക്കുന്ന സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കേരള (ചുരുക്കത്തിൽ സിൽക്ക്) എന്ന പേരിൽ ഒരു പൊതു മേഖല വ്യവസായ സ്ഥാപനം നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. ആ സ്ഥാപനത്തിൽ പഞ്ചായത്തിന് അകത്തും പുറത്തുമായി 262 പുരുഷന്മാരും 10 സ്ത്രീകളും തൊഴിലെടുക്കുന്നു. വ്യവസായിക തൊഴിൽ ലഭ്യത കണക്കിലെടുക്കുമ്പോൾ പമ്മുടെ പഞ്ചായത്ത് പരിധിയിൽ തൊഴിലെടുക്കുന്നവരിൽ 69% പേരും ഏക പൊതു മേഖലയിൽ തൊഴിലെടുക്കുന്നു. പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ ഒരു ശതമാനത്തിന് താഴെ മാത്രമാണ് ആധുനിക വ്യവസായിക രംഗത്ത് തൊഴിൽലഭിച്ചിട്ടുള്ളത്. നമ്മുടെ പൊതുമേഖലാസ്ഥാപനത്തിന് പല അനുബന്ധ യൂണിറ്റിന് സാദ്ധ്യത ഉണ്ടായിരുന്നിട്ടും അത് പ്രയോജനപ്പെടുത്തിയില്ല എന്നത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒരു പോരായ്മ തന്നെയാണ്. ഇത് പരിഹരിക്കുന്നതിനുള്ള പദ്ധതികൾ രൂപപ്പെടുത്തേണ്ടത് അനിവാര്യമാണ്.

പൊതുവെ വ്യവസായ രംഗത്തെ നോക്കി കാണുമ്പോൾ നമ്മടെ പഞ്ചായത്തിൽ ഒരു പൊതു മേഖലാ സ്ഥാപനവും 84 സ്വകാര്യ സ്ഥാപനങ്ങളും 2 സഹകരണ സ്ഥാപനവും പ്രവർത്തിച്ചു വരുന്നതായി കാണാം. ആകെ ഉള്ള 87 സ്ഥാപനങ്ങളിൽ ആയി തൊഴിലെടുക്കുന്ന 771

ജീവനക്കാരിൽ 611 പേർ പുരുഷന്മാരും, 160 പേർ സ്ത്രീകളും ആകുന്നു. വ്യവസായിക തൊഴിൽ മേഖലയിലുള്ള ഈ സ്ത്രീ പുരുഷ അന്തരം പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ട സംഗതിയാണ്. ഈ അന്തരം കുറക്കുന്നതിന് ആവശ്യമായ പദ്ധതികൾ നാം ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല വ്യവസായ രംഗത്ത്‌വളരെയധികം പുരോഗതി പ്രാപിക്കുവാൻ സഹകരണ മേഖലക്ക് കഴിയുന്നതാണ്. എന്നാൽ നമുക്ക് സഹകരണ മേഖലയിൽ ഒന്നും ചെയ്യുവാൻ കഴിഞ്ഞിട്ടില്ല എന്ന് തന്നെ പറയാം. മേൽ പറഞ്ഞ കണക്കുകൾക്കായി പട്ടികയും, കൂലി വർദ്ധനവ് സൂചിപ്പിക്കുന്ന ഒരു ഗ്രാഫും ചേർത്തിട്ടുണ്ട്. എല്ലാ മേഖലയേയും ബാധിച്ചിട്ടുള്ളതു പോലെ വർദ്ധിച്ച കൂലി നിരക്ക് പരമ്പരാഗത തൊഴിലിനേയും സാരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ കാർഷിക രംഗത്തേയും മറ്റു ചില ആധുനിക ചെറുകിട വ്യവസായങ്ങളെയും ബാധിച്ചിട്ടുള്ളതായി കാണുന്നു.

പഞ്ചായത്തിൽ നില നിന്നിരുന്നതും എന്നാൽ ഇപ്പോൾ പ്രവർത്തിക്കാത്തതുമായ ചില വ്യവസായങ്ങറള കുറിച്ച് ഒന്നു പരിശോധിക്കാം. പുതുരുത്തിയിലുള്ള അപ്സര സോപ്പ് വർക്സ്, വിപണനം കാര്യക്ഷമമാക്കാൻ കഴിയാതെ നഷ്ടം വന്ന് നിറുത്തേണ്ടി വന്നു. അവിടെ തന്നെയുള്ള കൈത്തറി നെയ്ത്ത്, പുൽപ്പായ നെയ്ത്ത് എന്നിവയ്ക്കുവേണ്ടി നിർമ്മിച്ച ഇൻഡസ്ട്രീയൽ ട്രെനിംഗ് സ്കൂൾ ഇന്ന് പ്രവർത്തിക്കുന്നില്ല. അതുപോലെത്തന്നെ പട്ടിക ജാതി, പട്ടിക വർഗ്ഗ ക്ഷേമ വകുപ്പിന്റെ കൈത്തറി നെയ്ത്തുശാല, ലീല വയർ നെയിൽ പ്രോഡക്ടസ് എന്നിവ ഇന്ന് പ്രവർത്തിക്കുന്നില്ല. സഹകരണാടിസ്ഥാനത്തിൽ അത്താണിയിൽ പ്രവർത്തിച്ചിരുന്ന മരസാമഗ്രികളുടെ നിർമ്മാണസ്ഥാപനം, റെഡിമെയ്ഡ് വസ്തുക്കളുടെ നിർമ്മാണം, വൈരക്കൽ നിർമ്മാണം എന്നീ വ്യവസായ സ്ഥാപനങ്ങൾ ഇല്ലാതായിട്ടുണ്ട്. കാര്യക്ഷമമായ മേനേജ്മെന്റ് സംവിധാനത്തിന്റെ അഭാവം മൂലമാണ് ഇത് സംഭവിച്ചിട്ടുള്ളത്. കുറാഞ്ചേരിയിൽ പ്രവർത്തിച്ചിരുന്ന മൈറ്റി സെ്കയിൽ എന്ന സ്ഥാപനം, കൂലി കുറഞ്ഞ സ്ഥലം നോക്കി മാറ്റുകയുംചെയ്തിട്ടുണ്ട്. മേൽ സൂചിപ്പിച്ചതിൽ നിന്നും, വ്യവസായങ്ങളോടുള്ള നമ്മുടെ സമീപനം വളരെ മാറ്റം വരുത്തേണ്ടിയിരിക്കുന്നു. എന്ന് കാണാം. നിലച്ചുപോയ ഓരോ വ്യവസായത്തിന്റേയും ഉത്തരവാദിത്വത്തിൽ നിന്നും നമുക്ക് പിറകോട്ടു പോകാനാവില്ല. വ്യവസായങ്ങൾ രാജ്യത്തിന്റെ അഭിവൃദ്ധിയെ മുന്നോട്ടു നയിക്കുമെങ്കിൽ, വ്യവസായ വികസനത്തിനു വേണ്ടി, നമുക്ക് താഴെ പറയുന്ന പ്രശ്നങ്ങൾ, പരിഹാരങ്ങൾ, സാധ്യതകൾ, ഗ്രാമ സഭാ നിർദ്ദേശങ്ങൾ എന്നിവ പഠിച്ച് നല്ല വികസന പദ്ധതികൾക്ക് തുടക്കം കുറിക്കാം.

| മുണ്ടത്തിക്കോട് ഗ്രാമ പഞ്ചായത്ത് 1996 | | |
|---|---|---|
| തൊഴിൽ പങ്കിളിത്തം(അവലംബം1991 സെൻസസ്) | | |
| പ്രവർത്തന മേഖല | | എണ്ണം |
| കൃഷിക്കാർ | | 859 |
| കർഷക തൊഴിലാളികൾ | | 2165 |
| പരമ്പരാഗത തൊഴിലാളികൾ | | 160 |
| ഖനനം, ക്വാറി തൊഴിലാളികൾ | | 131 |
| മാനുഫാക്ച്ചറിംഗ്, സർവ്വീസിംഗ്, റിപ്പയറിംഗ് | ഗാർഹിക വ്യവസായം | 306 |
| | മറ്റുള്ളവ | 1154 |
| കെട്ടിട നിർമ്മാണം | | 430 |
| വ്യവസായം, വാണിജ്യം | | 643 |
| ഗതഗതം, വാർത്താവിനിമയം | | 410 |
| കോൺട്രാക്ട് പണിക്കാർ | | 678 |
| മറ്റു തൊഴിലാളികൾ | | 898 |
| തൊഴിലില്ലാത്തവർ | | 13996 |
| സ്ഥിരം തൊഴിലാളികൾ | | 7166 |

കൂലി നിരക്ക് ഗ്രാഫ്



## മുണ്ടത്തിക്കോട് ഗ്രാമ പഞ്ചായത്ത് - നിലവിലുള്ള വ്യവസായ വിവര പട്ടിക നവംബർ 1996

| വാർഡ് | | I | II | III | IV | V | VI | VII | VIII | IX | X | ആകെ | പവർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | വാർഡ് | HP |
| പരമ്പരാഗത വ്യവസായം | കുടിൽ വ്യവസായം | 1 | -- | -- | -- | -- | -- | 1 | -- | -- | -- | 2 | I | 96.5 |
| | ചെറുകിട വ്യവസായം | -- | -- | 1 | -- | -- | 2 | -- | -- | -- | -- | 3 | II | 291.5 |
| | ഫാക്ടറി | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | III | 223.5 |
| ആധുനിക വ്യവസായം | ചെറുകിട | 12 | 14 | 10 | 8 | 12 | 5 | 4 | 6 | 3 | 5 | 79 | IV | 28.0 |
| | ഫാക്ടറി | -- | -- | 1 | -- | 1 | -- | -- | -- | -- | -- | 2 | V | 2536.5 |
| സ്വകാര്യ മേഖല | | 12 | 14 | 11 | 8 | 13 | 7 | 5 | 6 | 3 | 5 | 84 | VI | 57.5 |
| സഹകരണ മേഖല | | 1 | -- | 1 | -- | -- | -- | -- | -- | -- | -- | 2 | VII | 31.0 |
| പെതു മേഖല | | -- | -- | -- | -- | 1 | -- | -- | -- | -- | -- | 1 | VIII | 140.5 |
| തൊഴിലാളി | പുരുഷൻ | 22 | 70 | 35 | 20 | 381 | 29 | 11 | 21 | 3 | 19 | 611 | IX | 32.5 |
| | സ്ത്രീ | 60 | 22 | 7 | 7 | 30 | 14 | 3 | -- | -- | 17 | 160 | X | 34.5 |
| | ആകെ | 82 | 92 | 42 | 27 | 411 | 43 | 14 | 21 | 3 | 36 | 771 | | ആകെ 3472.0 |
| കൊപ്ര, നെല്ലുകുത്തൽ, ധാന്യം പൊടിക്കൽ | | 6 | 5 | 1 | 1 | 3 | 1 | 1 | 3 | 3 | 3 | 27 | | |
| തീപ്പെട്ടി, മെഴുകുതിരി, ഇഷ്ടിക നിർമ്മാണം, കല്ലൊര | | -- | 3 | 1 | 1 | 1 | 3 | 2 | -- | -- | 2 | 13 | | |
| വെൽഡിംങ്ങ്, ഓട്ടോ ഷോപ്പ് | | 2 | -- | -- | 4 | 7 | 2 | 2 | -- | -- | -- | 17 | | |
| ആണി, പ്ലാസ്റ്റിക്, ക്വാറി, ഹോളോ ബ്രിക്സ് | | 5 | 6 | 9 | 2 | 3 | 1 | -- | 3 | -- | -- | 29 | | |

## A. പ്രശ്നങ്ങൾ

1. പഞ്ചായത്ത് തലത്തിലുള്ള വ്യവസായിക ആസൂത്രണത്തിന്റെ അഭാവം വളരെയധികം ബാധിച്ചിട്ടുണ്ട്.
2. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വ്യവസായങ്ങൾക്ക് സാമ്പത്തിക സഹായം വേണ്ടത്ര ലഭിക്കുന്നില്ല.
3. തൊഴിൽ സംരംഭകർ എന്ന നിലയിൽ ആരും മുന്നോട്ടു വരുന്നില്ല.
4. വ്യവസായ സംരംഭകർക്കും സ്വയം തൊഴിൽ കണ്ടെത്തുന്നവർക്കും ആവശ്യമായ പ്രോൽസാഹനം ഇല്ല. (അഭ്യസ്ത വിദ്യാ – പ്രചോദന സംവിധാനം ഇല്ല).
5. സംരംഭകർക്ക് വ്യവസായാനുമതിക്ക് കാലതാമസം നേരിടുന്നു.
6. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ അഭാവം.
7. ചെറുകിട വ്യവസായങ്ങൾക്ക് ആവശ്യമായ പ്രായോഗിക പരിശീലനം നൽകാൻസംവിധാനം ഇല്ല. (ഉദാ: ടൈലറിംഗ്, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, ഗൃഹോപകരണങ്ങൾ, കളിമൺ ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവ)
8. പഞ്ചായത്തിലെ പലയിടങ്ങളിലും കറന്റ് ലഭ്യത ഇല്ലായ്മ, വോൾട്ടേജ് ക്ഷാമം എന്നിവ നേരിടുന്നു.
9. മൂന്നാം വാർഡിലെ സതേൺ കണ്ടെയ്നേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും പരിസര മലിനീകരണം ഉണ്ടാകുന്നു.

## B. സാധ്യതകൾ

1. ചെറിയ വ്യവസായ എസ്റ്റേറ്റിന് സ്ഥലവും സൗകര്യവും പല വാർഡുകളിലും ഉണ്ട്.
2. വികേന്ദ്രീകൃത വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ സാധ്യത കാണുന്നു. വികേന്ദ്രീകൃത വ്യവസായത്തെ കുറിച്ച് പറയുകയാണെങ്കിൽ കേന്ദ്രീകൃതമായ ഒരു മദർ യൂണിറ്റ് അതിന്റെ കീഴിൽ വികേന്ദ്രീകൃത നിർമ്മാണവും ഉണ്ടായിരിക്കും. ഗുണ നിലവാര പരിശോധന, അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തൽ, വിപണനം എന്നിവ മദർ യൂണിറ്റഏറ്റെടുക്കണം. ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, അതായത് ചോക്ക്, ഇൻവെർട്ടർ, സ്റ്റെബിലൈസർ എന്നിവയുടെ അസംബ്ലിങ്, റബ്ബർ ബേയിസ്ഡ് ഉൽപ്പന്നങ്ങൾ എന്നിവ ഇതിന്റെ കീഴിൽ കൊണ്ടുവരാവുന്നതാണ്.
3. അസംസ്കൃത വസ്തുക്കളുടെ ലഭ്യത ധാരാളം ഈ പഞ്ചായത്തിൽ ഉണ്ട്. (ഉദാഹരണമായി, റബ്ബർ, അടയ്ക്ക, തേങ്ങ, കരിങ്കല്ല്, മാമ്പഴം, കശുവണ്ടി, മരം, തെങ്ങ്, പന എന്നിവ) ഇവ ഉപയോഗപ്രദമാക്കണം.
4. വൻകിട ഫാക്ടറിയുടെ അനുബന്ധ യൂണിറ്റുകൾക്ക് സാധ്യത ഉണ്ട് (സിൽക്ക്)
5. കളിമൺ ഉൽപന്നങ്ങളുടെ നിർമ്മാണം നവീകരിക്കേണ്ടതുണ്ട് (ഉദാഹരണം സെറാമിക്ക് ടൈൽസ്, ഇഷ്ടികകൾ എന്നിവ)
6. നൂൽ നൂൽക്കൽ, നെയ്ത്ത് എന്നിവ വനിതകൾക്കായി ഇനിയും തുടങ്ങാനുള്ള സാധ്യതയുണ്ട്.
7. കളിക്കോപ്പ്, കൗതുക വസ്തുക്കൾ എന്നിവയുടെ നിർമ്മാണം.

## ഗ്രാമ സഭാ നിർദ്ദേശങ്ങൾ

1. ചെറിയ തോതിലുള്ള ഒരു ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് പഞ്ചായത്തിന് വേണം. താഴെ പറയുന്ന വ്യവസായങ്ങൾ അതിലുൾപ്പെടുത്തണം.

   (a) റബ്ബർ ഉൽപ്പന്നങ്ങൾ, (റബ്ബർ ബാന്റ്,ബ്രഷുകൾ, ഗ്ലൗസ്സ്, ചെരിപ്പ്, ഓട്ടോ മൊബൈൽ ബുഷുകൾ, ഫർണീച്ചർ ബുഷുകൾ, ബലൂൺ എന്നിവ) റബ്ബർ തടി സംസ്കരണ യൂണിറ്റ്.
   (b) ഇലക്ട്രിക്കൽ ഉപകരണങ്ങളും അതുപോലെ ഇലക്ട്രോണിക് ഉപകരണങ്ങളും (ഇൻവെർട്ടർ, സ്റ്റെബിലൈസർ, ഇലക്ട്രോണിക് ചോക്ക്)
   (c) പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ – പോളിത്തീൻ പൈപ്പ് (പഴയ അസംസ്കൃത സാധനങ്ങൾ, പ്ലാസ്റ്റിക് – കടലാസ് എന്നിവ ഉപയോഗിച്ച്)

2. കുടിൽ വ്യവസായങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി താഴെ പറയുന്നവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ വേണം. റെഡി മെയ്ഡ്,കറി പൗഡർ, ജാം, സ്ക്വാഷ്, അച്ചാർ, ജ്യൂസ്, ഹരിജനങ്ങക്കുവേണ്ടി, ഈറ്റ, മുള, എന്നിവ കൊണ്ടുള്ള കുട്ട നിർമ്മാണം, ഷട്ടർ സോൾവെന്റ്, ബീഡി എന്നിവ.

3. കംബാര കോളനിയെ കേന്ദ്രീകരിച്ച് കളിമൺ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിൽക്കുന്ന ഒരു യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ വേണം.

4. പെരിങ്ങണ്ടൂർ – മുണ്ടത്തിക്കോട് പാടത്ത് ഇഷ്ടികക്കുള്ള മണ്ണ് ഉള്ളതിനാൽ ഇഷ്ടിക നിർമ്മാണയൂണിറ്റ് തുടങ്ങാം. മണ്ണ് അവിടെ നിന്നും എടുത്ത് വെള്ളം സംഭരിക്കുവാനും, അതിൽ മീൻ വളർത്തുവാനും സാധിക്കും.

6. ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കണം. മോഡേൺ റൈസ് മില്ലിൽ നിന്നും ഇതിനാവശ്യ മായ അസംസ്കൃത പദാർത്ഥങ്ങൾ ലഭ്യമാണ്.

7. സിമന്റ് ഉൽപ്പന്നങ്ങളുടെ ഒരു യൂണിറ്റ് വേണം.

8. തെനംപറമ്പ് കോളനി പരിസരത്ത് സ്ഥിതി ചെയ്യുന്ന ഖാദി കേന്ദ്രം പുനരുജ്ജീവിപ്പിക്കണം.

9. ഖാദി ഇൻഡസ്ട്രീസിന്റെ കീഴിൽ ഇനിയും യൂണിറ്റുകൾ പഞ്ചായത്തിൽ സ്ഥാപിക്കണം.

10. വീട്ടാവശ്യത്തിനു വേണ്ടി ചാണകം ഉപയോഗിച്ച് ഓരോ ബയോ ഗ്യാസ് പ്ലാന്റ്, കുറെ വീടുകളെ കേന്ദ്രീകരിച്ച് കൊണ്ട് വേണം.

11. ബോഡി ബിൽഡിംഗ്, സർവ്വീസ് സ്റ്റേഷൻ എന്നിവ പഞ്ചായത്തിൽ വേണം.

12. പഞ്ചായത്തിൽ ഒരു ബേക്കറി വ്യവസായം വേണം.

13. ഒരു ആയുർവേദ ഔഷധ നിർമ്മാണ യൂണിറ്റ് വേണം.

14. കരിങ്കല്ലിൽ നിന്ന് കിട്ടുന്ന പൊടി ഉപയോഗിച്ച് ഇഷ്ടിക ഉണ്ടാക്കുന്ന ഒരു യൂണിറ്റ് വേണം.

15. മിൽമയുടെ കീഴിൽ ഉപവ്യവസായങ്ങൾ വേണം.

16. പ്ലാസ്റ്റിക് ചൂരൽ ഉപയോഗിച്ച് ഫർണീച്ചർ നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ് വേണം.

17. ചിരട്ട, വാഴനാര് ഉപയോഗിച്ച് കൊണ്ടുള്ള കൗതുക വസ്തുക്കളുടെ ഒരു നിർമ്മാണ യൂണിറ്റ് വേണം.

18. ഖാദി ബോർഡ് കൊടുത്തിട്ടുള്ള ചർക്കകൾ പ്രവർത്തിക്കാത്തതു കാരണം പ്രവർത്തിക്കുന്ന ചർക്കകൾ കൊടുക്കണം.

19. സിൽക്കിന്റെ അനുബന്ധ യൂണിറ്റുകൾ വേണം.

20. പഞ്ചായത്തിൽ ഒരു വ്യവസായ വികസന ഉപദേശക സമിതി രൂപീകരിച്ച് പ്രവർത്തിക്കണം. അഭ്യസ്ത വിദ്യരായവരെ രജിസ്റ്റർ ചെയ്യുവാനും, സ്വയം തൊഴിൽ കണ്ടെത്തുന്നവർക്ക് സഹായം നൽകുവാനം പ്രയോഗിക പരിശീലനം നൽകുവാനും ഇത് ഉപകരിക്കുന്നതാണ്.

21. പഞ്ചായത്തിൽ ഒരു പൊതു വിപണന കേന്ദ്രം ഉണ്ടാവണം.

22. വിദ്യാലയങ്ങളിൽ (ക്രാഫ്റ്റ്) തൊഴിൽ പരിശീലനം നൽകുവാനുള്ള ഏർപ്പാടുണ്ടാക്കണം.

23. ഗ്രാനൈറ്റ്, നിർമ്മാണ യൂണിറ്റ് വേണം.

24. പഞ്ചായത്തിൽ ഒരു ബീഡിവ്യവസായ യൂണിറ്റ് നിർമ്മിച്ച് സഹകരണ സംഘം വഴി ബീഡി സംഭരണവും വിതരണവും നടത്തി വനിതകൾക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്തുക.

# 11. ആരോഗ്യം - കുടിവെള്ളം

## ആരോഗ്യം

ആരോഗ്യ രക്ഷാരംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ച ഒരു സംസ്ഥാനമാണ് കേരളം. ഇന്നും സംസ്ഥാന ബഡ്ജറ്റിന്റെ 17% ആരോഗ്യ രക്ഷക്ക് ചെലവാക്കുന്നു. സാമ്പത്തികമായ പിന്നോക്കാവസ്ഥ തുടരുമ്പോൾ തന്നെ ആരോഗ്യ രംഗത്ത് ഈ സംസ്ഥാനത്തിന് ഉജ്ജ്വലമായ മുന്നേറ്റം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അംഗീകൃത മാനദണ്ഡങ്ങളായ പൊതു ശിശുമരണ നിരക്കുകൾ, ആയുർദൈർഘ്യം എന്നിവയുടെ കണക്ക് ഇത് വ്യക്തമാക്കുന്നു. ഉയർന്ന സാക്ഷരത, മെച്ചപ്പെട്ട സ്ത്രീ വിദ്യഭ്യാസ നിലവാരം, സർക്കാർ ധർമാശുപത്രികൾ വഹിച്ച പങ്ക് എന്നിവ ഇവിടത്തെ ജനങ്ങളുടെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിൽ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. എന്നാൽ കുറഞ്ഞ മരണ നിരക്ക്, കൂടിയ രോഗ സാദ്ധ്യത എന്ന പ്രത്യേക പ്രതിഭാസമാണ് ഇപ്പോൾ കണ്ടുവരുന്നത്. ഉയർന്ന രോഗാതുരത, പ്രത്യേകിച്ച് പകർച്ചവ്യാധികളുടെ തിരിച്ചുവരവ്, സാമ്പത്തിക പരാധീനതമൂലം ഉണ്ടായ പൊതുജനാരോഗ്യ സംവിധാനങ്ങളുടെ തകർച്ച സ്വകാര്യ മേഖലയുടെ ക്രമാതീതമായ വളർച്ച, ചികിൽസാ ചിലവിലുള്ള വൻപിച്ച വർധന, ഇതിന്റെ ഫലമായിദുർബല വിഭാഗക്കാർക്ക് ആതുരസേവനം നിഷേധിക്കപ്പെടുന്ന അവസ്ഥ ഇവയെല്ലാം നമ്മുടെ സംസ്ഥാന ആരോഗ്യ രംഗത്ത് നേരിടുന്ന ചുരുക്കി പറയാവുന്ന പ്രതിസന്ധികളാണ്. പഞ്ചായത്ത് രാജ് സംവിധാനം വഴി പ്രഥമിക ആരോഗ്യ കേന്ദ്രങ്ങൾ പഞ്ചായത്തുകളുടെ മേൽ നോട്ടത്തിൽ വരുമെന്നതിനാൽ ജന പങ്കാളിത്തത്തോടെ പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്താനുള്ള സാധ്യത ജനകീയ ആസൂത്രണ പ്രസ്ഥാനം ഉറപ്പാക്കിയിരിക്കുകയാണ്.

മുണ്ടത്തിക്കോട് പഞ്ചായത്തിന്റെ ആരോഗ്യ രക്ഷാ സംവിധാനം സംസ്ഥാനത്തേതിൽ നിന്ന് ഭിന്നമല്ല എന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. നേട്ടങ്ങളോടൊപ്പം തന്നെ കോട്ടങ്ങളും ധാരാളം ഉള്ളതായി കാണപ്പെടുന്നു. ഒരു കാലത്ത് പൊതു മരണങ്ങളിൽപ്പെട്ട പട്ടിണി മരണങ്ങൾ, പേ വിഷബാധാ മരണങ്ങൾ പകർച്ചവ്യാധികൾ മൂലമുള്ള കൂട്ട മരണങ്ങൾ, ശിശു മരണങ്ങൾ, മാതൃമരണങ്ങൾ എന്നിവയെല്ലാം ഈ പഞ്ചായത്തിലും അമിതമായി കാണപ്പെട്ടിരുന്നു. ജനസംഖ്യാ നിയന്ത്രണ മാർഗ്ഗങ്ങളെ അന്നുള്ളവർ വിമർശിച്ചിരുന്നു. ദൈവം തരുന്ന കുട്ടികളെ എണ്ണത്തിൽ എത്രയായാലും കൈനീട്ടി വാങ്ങുക എന്ന അന്ധ വിശ്വാസം അന്നത്തെ സ്ത്രീകളിൽ വേരുറച്ചിരുന്നു. പകർച്ച വ്യാധികളെ ദേവീ കോപമായി ചിത്രീകരിച്ചിരുന്ന അവസ്ഥയും നിലനിന്നിരുന്നു. അന്നുള്ളവർ പ്രസവത്തിനായി ആശുപത്രികളെ സമീപിച്ചിരുന്നില്ല. തുടർച്ചയായ പ്രസവം, വീടുകളിലെ പ്രസവം മൂല ഉണ്ടാകുന്ന അമിതമായ രക്തസ്രാവം തടയാൻപറ്റാത്ത അവസ്ഥ എന്നിവ മാതൃമരണങ്ങൾക്ക് മതിയായ കാരണങ്ങളായിരുന്നു. ശുചിത്വമില്ലായ്മയും, പോഷകാഹാര ദൗർലഭ്യവും കാരണം ശിശുമരണങ്ങൾ വ്യാപകമായിരുന്നു. പൊതുസ്ഥലങ്ങളിലെ മലവിസർജ്ജനം, അന്ധവിശ്വാസങ്ങൾ, ശുദ്ധജല ദൗർലഭ്യം, ശുചിത്വ ബോധക്കുറവ് എന്നിവയെല്ലാം അന്നത്തെ ആരോഗ്യ നിലവാരം മോശമാക്കിയിരുന്നു. എന്നാൽ ആരോഗ്യ രംഗത്തെ തുടർച്ചയായുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ ആരോഗ്യസ്ഥിതിയെ വളരെയേറെ മെച്ചപ്പെടുത്താൻ സഹായകമായിട്ടുണ്ട്.

ഈ ഗ്രാമ പഞ്ചായത്തിലെ ആരോഗ്യ മേഖലയെ പൊതുവായി അവലോകനം ചെയ്യുമ്പോൾ താഴെ പറയുന്ന പട്ടിക വഴി പല വസ്തുതകളും മനസ്സിലാക്കാവുന്നതാണ്. പോയ വർഷത്തെ ലഭ്യമായ കണക്കുകളാണ് ഈ വസ്തുതകൾക്ക് ആധാരമായിട്ടുള്ളത്.

പട്ടിക - 1

1995 - 96 ലെ ജനന മരണ വൈകല്യ നിരക്ക്

| ജനനം | പൊതു മരണം | ശിശു മരണം | മാതൃ മരണം | വൈകല്യം |
|---|---|---|---|---|
| 13 | 7.5 | 6 | 1 | 10.5 |

പട്ടിക – 2

1995 – 96 ലെ കുട്ടികളുടെ പ്രായ ഘടന

| വയസ്സ് | വയസ്സ് | വയസ്സ് |
|---|---|---|
| 0 – 1 | 1 – 5 | 5 – 12 |
| 339 | 1474 | 2803 |

പട്ടിക – 3

1995 – 96 ലെ 18 വയസ്സുമുതൽ 44 വയസ്സു വരെയുള്ള ദമ്പതികൾ

| ദമ്പതികൾ | അതിൽ ഒരു കുട്ടി ഉള്ളവർ | 2 കുട്ടികൾ ഉള്ളവർ | 2ൽ കൂടുതൽ കുട്ടികളുള്ളവർ | കുട്ടികൾ ഇല്ലാത്തവർ |
|---|---|---|---|---|
| 2832 | 664 | 1222 | 677 | 269 |

പട്ടിക – 4

1995 – 96 വരെ കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാരുടെ വിവരങ്ങൾ

| ആകെ അമ്മമാർ | അതിൽ ഒരു കുട്ടി ഉള്ളവർ | 2 കുട്ടികൾ ഉള്ളവർ | 2ൽ കൂടുതൽ കുട്ടികളുള്ളവർ |
|---|---|---|---|
| 1972 | 252 | 1096 | 624 |

കുട്ടികളുടെ ജനനസമയത്തുള്ള തൂക്കം നല്ല നിലവാരത്തിലാണെങ്കിലും പോഷകാഹാര കുറവുമൂലം വളരുന്ന കുട്ടികളുടെ തൂക്കം മോശപ്പെട്ടതാണ്. പ്രതിരോധ സംവിധാനങ്ങൾ വ്യാപകമാക്കിയതുമൂലം, ടെറ്റനസ്, പോളിയോ എന്നിവ ഒരു പരിധിവരെ നിർമ്മാർജ്ജനം ചെയ്യാൻ സാധിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ നിലനിൽക്കുന്ന രോഗാതുരത രണ്ടായി തരം തിരിക്കാം. ശ്വാസകോശ രോഗങ്ങൾ, ജലജന്യരോഗങ്ങൾ വയറിളക്കം, ക്ഷയം, കുഷ്ഠം, മഞ്ഞപ്പിത്തം, എലിപ്പനി, മന്ത്, മലേറിയ തുടങ്ങിയ പകർച്ച വ്യാധികൾ അവിട വിടെ കാണപ്പെടുന്നു. പോഷണവുമായി ബന്ധപ്പെട്ട വിളർച്ച, അയഡിന്റെ അഭാവം മൂലമുണ്ടാകുന്ന രോഗങ്ങൾ, പ്രമേഹം, ഉയർന്ന രക്ത സമ്മർദ്ധം, അർബുദം, കരൾവീക്കം, ഹൃദ്രോഗം, അന്ധത, ലഹരിപദാർത്ഥങ്ങൾ ഉപയോഗിച്ചുണ്ടാകുന്ന രോഗങ്ങൾ, അപകടങ്ങൾ എന്നീ പകർച്ച വ്യാധികളല്ലാത്തവയും ഇവിടെ കാണപ്പെടുന്നു.

കുടിവെള്ള ദൗർലഭ്യം, പൊതുസ്ഥലങ്ങളിലെ മല വിസർജ്ജനം, പാഴ്‌വസ്തുക്കളുടേയും, വിസർജ്ജ്യ വസ്തുക്കളുടേയും നിർമ്മാർജ്ജന രീതികൾ, പുകവലി, മയക്കുമരുന്ന്, മദ്യപാനം എന്നിവയുടെ ഉപയോഗ വ്യാപ്തി, കുറ്റകൃത്യങ്ങളുടെ വ്യാപ്തി, കുടുംബ ബന്ധങ്ങളുടെ ശിഥിലത, കീടനാശിനികളുടെ അമിതമായ ഉപയോഗം, ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർ എന്നിവയെല്ലാം തന്നെ നമ്മുടെ പഞ്ചായത്തിലെ ആരോഗ്യനിലവാരവുമായി ബന്ധപ്പെട്ടു കിടക്കുന്നു.

ചികിൽസാ സംവിധാനം

| വിഭാഗം | ആശുപത്രി | | ഡിസ്പൻസറി | | മാതൃ ശിശു സംരക്ഷണം | |
|---|---|---|---|---|---|---|
| | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം |
| മെഡിക്കൽ കോളേജ് | 1 | — | — | — | 5 | — |
| ഇ.എസ്.ഐ. | 1 | — | — | — | — | — |
| അലോപതി | — | — | 1 | 1 | — | — |
| ആയുർവേദം | — | — | 1 | — | — | — |
| | 2 | — | 2 | 1 | 5 | — |

ഈ ഗ്രാമ പഞ്ചായത്തിൽ പരമ്പരാഗത വൈദ്യന്മാരായി പത്തുപേരോളമുണ്ട്. ആയുർവേദ ചികിൽസാരംഗത്ത് ഗണ്യമായ സംഭാവനകൾ ഇവർ നൽകുന്നുണ്ട്. രോഗം നിർണയിച്ചു മരുന്നുകൾ നൽകുന്ന സംവിധാനം മാത്രമെ നിലവിലുള്ളൂ. കിടത്തി ചികിൽസിക്കുവാനുള്ള സംവിധാനങ്ങളൊന്നും ഇന്നു നിലവിലില്ല. മരുന്നുകളുടെ ലഭ്യതക്ക് അലോപതി വിഭാഗത്തിൽ ഏഴു ഷോപ്പുകളും, നാട്ടുചികിൽസക്ക് രണ്ടു ഷോപ്പുകളും ആയുർവേദ വിഭാഗത്തിൽ ആറു കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിലെ ചില സംഘടനകൾ രോഗ നിർണ്ണയ ക്യാമ്പുകളും, രക്ത ഗ്രൂപ്പ് നിർണയ ക്യാമ്പുകളും, നേത്ര ചികിൽസാ ക്യാമ്പുകളും നടത്തി വരാറുണ്ട്. പക്ഷേ വ്യക്തമിയ കണക്കുകൾ ലഭ്യമല്ല.

അമ്പലപുരത്ത് പോപ്പ് പോൾ മേഴ്സി ഹോം, ശാന്തിവനം, ആശാനിലയം എന്നി രണ്ടു സ്ഥാപനങ്ങൾ, ബുദ്ധിക്ക് മാന്ദ്യം സംഭവിച്ച കുട്ടികളെ സ്വയം പര്യാപ്തതയിലെത്തിക്കുവാനും

അതു വഴി ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുത്തുവാനും സജ്ജമാക്കുന്നുണ്ട്. 1993 ൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ വിലയിരുത്തി സംസ്ഥാന ഗവൺമെന്റ് സംസ്ഥാനത്തെ ഏറ്റവും നല്ല ഹേൻഡികേപ്പ്ഡ് സ്ഥാപനമായി ഈ സ്ഥാപനത്തെ തിരഞ്ഞെടുത്തിട്ടുണ്ട്. ഇവിടെ തന്നെ പോപ്പ് പോൾ പീസ് ഹോം എന്ന സ്ഥാപനത്തിൽ അംഗ വൈകല്ല്യം സംഭവിച്ച് തീരെ ചലിക്കുവാൻ കഴിയാത്ത കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ളവരെ ചികിൽസിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സമൂഹ നന്മയെ മുൻ നിർത്തിയിട്ടുള്ള ഇവരുടെ പ്രവർത്തനങ്ങൾ സ്തുത്യർഹമാണ്.

## പ്രശ്നങ്ങൾ

1. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനു സ്വന്തമായ കെട്ടിടം ഇല്ല. ഇപ്പോൾ താൽക്കാലികമായി ഒരു സ്വകാര്യ വ്യക്തിയുടെ വീട്ടിൽ പ്രവർത്തിക്കുന്നു.
2. അഞ്ച് ഉപകേന്ദ്രങ്ങൾ ഉള്ളതിൽ 4 എണ്ണത്തിനു സ്വന്തമായ കെട്ടിടങ്ങളോ മറ്റു സൗകര്യങ്ങളൊ ഇല്ല.
3. ഈ സബ് സെന്ററുകളിൽ ജോലി ചെയ്യുന്നവർ എരുമപ്പെട്ടി, വേലൂർ എന്നീ കേന്ദ്രങ്ങളിലെ ജീവനക്കാരാണ്
4. ആരോഗ്യ കേന്ദ്രത്തിലും ആയുർവേദ ഡിസ്പൻസറിയിലും മരുന്നുകളുടെ ലഭ്യത വിരളമാണ്.
5. ആയുർവേദ ഡിസ്പെൻസറിക്ക് സ്വന്തമായ സ്ഥലത്തിൽ കെട്ടിട നിർമ്മാണം തുടങ്ങിയിട്ടുണ്ടെങ്കിലും പണികൾ മന്ദഗതിയിലാണ്.
6. പത്തൊൻപത് അംഗൻവാടികളിൽ പതിനെട്ടണ്ണത്തിനും സ്വന്തമായി കെട്ടിടങ്ങളില്ല.
7. തെരുവു നായ്ക്കളുടെ ശല്ല്യം പഞ്ചായത്തിലുടനീളം ക്രമാതീതമായി വർദ്ധിച്ചുവരുന്നു.
8. പൊതു ശ്മശാനങ്ങൾ ഉള്ളത് ഉപയോഗ ശൂന്യമായി കിടക്കുന്നു.
9. ഡ്രെനേജ് പദ്ധതി മൊത്തം പഞ്ചായത്തിൽ ഇല്ല.
10. അത്താണി, ആര്യംപാടം മുണ്ടത്തിക്കോട് സെന്റർ എന്നിവിടങ്ങളിൽ കംഫർട്ടുസ്റ്റെഷൻ സൗകര്യങ്ങൾ ഇല്ല.
11. പഞ്ചായത്തിലെ പ്രധാനപ്പെട്ട കവലകളിൽ ഡസ്റ്റ്ബിൻ സ്ഥാപിക്കേണ്ടതാണ്. ഉള്ളവ നിറയുന്നതനുസരിച്ചു നീക്കം ചെയ്തുകാണുന്നില്ല.
12. പുകവലി, കള്ളവാറ്റ്, ചാരായ വിൽപന എന്നിവ വ്യാപകമായി കാണുന്നു.
13. പഞ്ചായത്തിൽ കക്കൂസ്, കുളിമുറി സൗകര്യങ്ങൾ ഇല്ലാത്ത വീടുകൾ ധാരാളമുള്ളതായി കാണുന്നു.
14. ഹെൽത്ത് വർക്കർമാർ വീടുകൾ സന്ദർശിച്ച് നിർദ്ദേശങ്ങൾ കൊടുക്കുന്നതായി കാണുന്നില്ല.
15. കൊതുകു ശല്ല്യവും, ഈച്ച ശല്ല്യവും പഞ്ചായത്തിൽ ഉടനീളം അനുഭവപ്പെടുന്നുണ്ട്.
16. ആരോഗ്യ ക്യാമ്പുകൾ തീരെ നടത്തി കാണുന്നില്ല.
17. രോഗനിർണ്ണയം, ബ്ലഡ് ഗ്രൂപ്പ്, നേത്ര രോഗം എന്നിവയ്ക്ക് പഞ്ചായത്തിൽ ക്യാമ്പുകൾ നടത്തേണ്ടതാണ്.
18. മുഴുവൻ സമയം പ്രവർത്തിക്കുന്ന ഡോക്ടറും, സ്റ്റാഫും ആരോഗ്യ കേന്ദ്രത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.
19. ഹോമിയോ ചികിൽസ, പ്രകൃതി ചികിൽസ എന്നിവക്ക് സൗകര്യങ്ങളില്ല.
20. മലിന ജലം കവലകളിൽ കെട്ടിക്കിടക്കുന്നു.
21. പരിസര മലിനീകരണ പ്രശ്നങ്ങൾ ചില വാർഡുകളിൽ ഉണ്ട്.
22. പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിലുള്ള കുറാഞ്ചേരി നിവാസികൾക്ക് ആരോഗ്യ സംരക്ഷണത്തിനു വേണ്ടി മെഡിക്കൽ കോളേജിലേക്കോ താലൂക്കാശുപത്രിയിലേക്കോ പോകുവാൻ ഗതാഗത സൗകര്യം അപര്യാപ്തമാണ്.
23. മെഡിക്കൽ കോളേജു പരിസരം വൃത്തിയായി സൂക്ഷിക്കുന്നില്ല.
24. മെഡിക്കൽ കോളേജിൽ പോകുന്ന രോഗികൾക്ക് റെയിൽവേ ഗേയ്റ്റ് അടഞ്ഞുകിടക്കുമ്പോഴുണ്ടാകുന്ന ദുരവസ്ഥക്ക് പരിഹാരം കാണേണ്ടതാണ്.
25. മെഡിക്കൽ കോളേജാശുപത്രിയിൽ ഭാഗികമായ പ്രവർത്തനങ്ങളേ നടത്തുന്നുള്ളു.

## പരിഹാരങ്ങൾ

1. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനു വേണ്ടി കെട്ടിടം പണിയുവാൻ അമ്പതു സെന്റ് സ്ഥലം പുതുരുത്തിയിൽ ഒരു വ്യക്തി സൗജന്യമായി നൽകിയിട്ടുണ്ട്. ഇതിൽ കെട്ടിടം പണി തുടങ്ങേണ്ടതാണ്.
2. രണ്ടു വാർഡുകൾക്ക് ഒരു ഉപകേന്ദ്രം എന്ന നിലക്ക് ഈ പഞ്ചായത്തിൽ നിലവിലുണ്ട്. ഇതിൽ ഒരു ഉപകേന്ദ്രത്തിന് സ്വന്തമായ കെട്ടിടവും സ്റ്റാഫും ഉണ്ട്. ബാക്കി ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം ഉണ്ടാക്കേണ്ടതാണ്.
3. കെട്ടിടമായാൽ ആ സ്ഥാപനങ്ങളിലേക്ക് സ്വന്തമായി സ്റ്റാഫിനെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ കീഴിൽതന്നെ നിയമിക്കേണ്ടതാണ്.
4. ആരോഗ്യ കേന്ദ്രത്തിലും ആയുർവേദ ഡിസ്

പൻസറിയിലും മരുന്നുകൾ തീരുന്ന മുറയ്ക്ക് മരുന്നുകളുടെ ലഭ്യത സൗഹൃത സമിതിവഴി പഞ്ചായത്തു ഫണ്ടിൽ നിന്നും കൊടുക്കേണ്ടതാണ്.

5. അംഗൻവാടികൾക്ക് മൂന്നുസെന്റ് സ്ഥലം സൗജന്യമായി നൽകിയാൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കെട്ടിട നിർമ്മാണത്തിനു സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ലഭിക്കുന്ന തുക കഴിച്ചു ബാക്കി സംഖ്യ നൽകി അംഗൻവാടികളുടെ പ്രവർത്തനം സുഖമമാക്കണം.

6. നായ പിടുത്തക്കാരെ പഞ്ചായത്തിൽ നിന്നുതന്നെ കണ്ടു പിടിച്ച് ജന പങ്കാളിത്തത്തോടു കൂടി നായ പിടുത്തം ഉറപ്പുവരുത്തി തെരുവു നായ്ക്കളുടെ ശല്ല്യം ഇല്ലാതാക്കേണ്ടതാണ്. ഡൊമസ്റ്റിക് നായകൾക്ക് ലൈസൻസ് നൽകി കുത്തി വെയ്പ്പും നടത്തേണ്ടതാണ്.

7. പൊതുശ്മശാനങ്ങൾ ഉപയോഗിക്കുവാൻ ബോധവൽക്കരണം നടത്തണം.

8. ഡ്രൈനേജ് പദ്ധതി പൊതു ജനപങ്കാളിത്തത്തോടെ പഞ്ചായത്തു ഭരണ സമിതിയുടെ നേതൃത്വത്തിൽ നടത്താവുന്നതാണ്.

9. പഞ്ചായത്തിലെ പ്രധാനപ്പെട്ട കവലകളെല്ലാം വൃത്തിയാക്കുന്നതിനായി പഞ്ചായത്തിന്റെ കീഴിൽ തന്നെ ഒരു സ്വീപ്പറെ നിയമിക്കുക.ഓരോ ഡസ്റ്റ് ബിൻ സ്ഥാപിക്കുകയും നിറയുന്നതനുസരിച്ച് അവ പരിസര മലിനീകരണ പ്രശ്നം ഉണ്ടാക്കാത്ത ഒരു സ്ഥലം കണ്ടെത്തി നിക്ഷേപിക്കുകയും ചെയ്യുക. ഇത് നല്ല കമ്പോസ്റ്റ് വളമാക്കി മാറ്റി കൃഷിക്ക് ഉപയുക്തമാക്കാൻ വേണ്ട ഒരു പദ്ധതി ആവിഷ്കരിക്കണം.

10. പുകവലി, കള്ളവാറ്റ് , ചാരായ വില്പന എന്നിവ തടയാൻ ആരോഗ്യവകുപ്പുമായി സഹകരിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം നടത്താൻ പഞ്ചായത്ത് തലത്തിൽ സംവിധാനങ്ങൾ ചെയ്യാൻ കഴിയേണ്ടതാണ്.

11. പഞ്ചായത്തിലെ കക്കൂസ്, കുളിമുറി ഇല്ലാത്ത വീടുകൾക്കെല്ലാം ചിലവ്കുറഞ്ഞ രീതിയിൽ അവ നിർമ്മിച്ചു കൊടുക്കാൻ നിർമിതി കേന്ദ്രം, കോസ്റ്റ് ഫോർഡ് എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് ഒരു പദ്ധതി ആവിഷ്കരിക്കണം.

12. ഹെൽത്ത് വർക്കർമാർക്ക് വേണ്ട നിർദ്ദേശങ്ങൾ പഞ്ചായത്ത് സമിതിയും, ആരോഗ്യ വകുപ്പ് മേധാവികളും സഹകരിച്ച് നൽകേണ്ടതാണ്.

13. മലിന ജലം കെട്ടി കിടക്കുന്നത് തടയുകയും വേണ്ട വിധം മരുന്നു തളി വ്യാപകമാക്കുകയും ചെയ്യാനുള്ള നിർദ്ദേശങ്ങൾ ആരോഗ്യവകുപ്പിന് കർശനമായി നൽകി അത് പ്രാവർത്തികമാക്കുന്നുണ്ടോ എന്നുള്ളത് സംരക്ഷണ സമിതി വഴി പരിശോധിക്കേണ്ടതാണ്.

14. ആരോഗ്യവകുപ്പിൻ കീഴിലുള്ള ഉദ്യോഗസ്ഥർ ആരോഗ്യ ക്ലാസ്സുകൾ മാസം തോറും നടത്തുന്നുണ്ട് എന്നാണ് അറിയിച്ചത്. ഇത്തരം ക്ലാസ്സുകൾ നടത്തുമ്പോൾ അതിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാനായി വീടുകൾ തോറും പ്രചരണം നടത്തണം. ഇത്തരം ക്ലാസ്സുകൾ അംഗൻ വാടികളിൽ നടത്തുന്നത് കൂടുതൽ ഉപകാരപ്രദമായിരിക്കുകയും ചെയ്യും.

15. രോഗ നിർണ്ണയം, ബ്ലഡ് ഗ്രൂപ്പ് നിർണ്ണയം, നേത്ര ചികിൽസ എന്നിവക്കുള്ള ക്യാംപുകൾ സന്നദ്ധ സംഘടനകൾ വിവിധ സാമൂഹ്യ രാഷ്ട്രീയ സംഘടനകൾ, പ്രവർത്തകർ, സ്ക്കൂളുകൾ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരെല്ലാം സഹകരിച്ച് പ്രചരണം നടത്തി ചെയ്യാവുന്നതാണ്. പഞ്ചായത്ത് തലത്തിൽ ഇത്തരം കാര്യങ്ങൾക്ക് പ്രോൽസാഹനം നൽകണം.

16. ഇപ്പോൾ ആരോഗ്യ കേന്ദ്രത്തിൽ ഉച്ചവരെ മാത്രമേ ഡോക്ടറുടെ സേവനം ലഭിക്കുന്നുള്ളൂ. ഒരു മുഴുവൻ സമയ സേവനം ലഭിക്കുന്ന ഒരു ആരോഗ്യ കേന്ദ്രമായി ഈ സ്ഥാപനത്തെ ഉയർത്തുകയും അതിന് സഹായമാകുന്ന വിധം ഡോക്ടർ മറ്റു സ്റ്റാഫുകൾ എന്നിവരേയും നിയമിക്കാൻ പഞ്ചായത്ത് സമിതി ആരോഗ്യ വകുപ്പ് മേധാവികൾക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുത്ത് ചെയ്യിക്കാവുന്നതാണ്.

17 ഇന്ന് പഞ്ചായത്തിൽ ഹോമിയോ ചികിൽസക്കും, പ്രകൃതി ചികിൽസക്കും വേണ്ട സൗകര്യങ്ങൾ ലഭ്യമല്ല. ഇത്തരം ചികിൽസാ സൗകര്യങ്ങളും പഞ്ചായത്തിൽ ഉണ്ടാകേണ്ടത് ജനങ്ങൾക്ക് അത്യാവശ്യമാണ്. പഞ്ചായത്ത് ഭരണ സമിതി ഒരു ഹോമിയോ ഡിസ്പൻസറിയും, ഒരു പ്രകൃതി ചികിൽസാ കേന്ദ്രവും നിർമിക്കാൻ വേണ്ട നടപടികൾ ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

18. കവലകളിലുള്ള വീടുകളും, ഹോട്ടൽ തുടങ്ങിയ വ്യാപാരസ്ഥാപനങ്ങളും മലിനജലം പുറത്തേക്ക് ഒഴുക്കി വിടാതെ സോക്കറ്റ് പിറ്റ് സംവിധാനം വഴി സ്വന്തം പറമ്പുകളിൽ തന്നെ നിമജ്ജനം ചെയ്യണമെന്ന് നിർബന്ധമാക്കുക. ഇതിന് വേണ്ട സംവിധാനം ഇല്ലാത്തവർ റോഡുകളിലേക്ക് വിടുകയാണെങ്കിൽ ആ ഭാഗത്ത് ഡ്രെയിനേജ് സംവിധാനം വഴി അഴുക്ക് ജലം ഒഴുക്കി കളയാൻ സൗകര്യങ്ങൾ ചെയ്യണം.

19. ആരോഗ്യ സ്ഥാപനങ്ങളിലെ പ്രവർത്തകർ പരിസരമലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്ഥാപനങ്ങൾ നടത്തുന്നവർക്ക് ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുക.

20. പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിലുള്ള കുറാഞ്ചേരി നിവാസികൾക്ക് കുറാഞ്ചേരി ആര്യംപാടം വഴി മെഡിക്കൽ കോളേജിലെ

ത്താൻ ബസ് സൗകര്യം എർപ്പെടുത്താൻ പഞ്ചായത്ത് സമിതി വേണ്ട നടപടി സ്വീകരിക്കുക.

21. മെഡിക്കൽ കോളേജ് ജീവനക്കാർ ഡിസ്പോസബിൾ സിറിഞ്ചുകൾ, കൈയുറകൾ, മറ്റ് പാഴ്വസ്തുക്കൾ എന്നിവ മെഡിൽ കോളേജ് പരിസരത്തു തന്നെ വലിച്ചെറിയുന്നു. ഇത് മൂലം പരിസരവാസികൾ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. ഇതു മാത്രമല്ല ഇത്തരം സിറിഞ്ചുകളും, കൈയുറകളും ശേഖരിച്ച് ചിലർ വീണ്ടും വിപണിയിലെത്തിക്കുന്നു. ഹോസ്പിറ്റൽ സൂപ്രണ്ട് വഴി അവിടെയുള്ള ജീവനക്കാർക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുത്ത് അത്തരം പാഴ്വസ്തുക്കൾ കുഴികുത്തി അവയെല്ലാം സംസ്കരിച്ച് കളയുന്നതിനുള്ള ഏർപാടുകളും ചെയ്യിക്കുക.

22. മെഡിക്കൽ കോളേജ് ഇന്ന് രണ്ട് സ്ഥലങ്ങളായി പ്രവർത്തിക്കുന്നു. അപകടകേസുകളും പ്രസവകേസുകളും എല്ലാം തൃശൂരിലെ മെഡിക്കൽ കോളേജ് ആശുപത്രിയിലും മറ്റുള്ളവ മുളംകുന്നത്തുകാവ് മെഡിക്കൽ കോളേജ് ആശുപത്രിയിലും പരിശോധിക്കുന്നു. ഇത് മനസ്സിലാക്കാത്ത രോഗികൾ അങ്ങോട്ടുമിങ്ങോട്ടുമായി നട്ടം തിരിയുകയാണ്. എല്ലാ വകുപ്പുകളും മുളംകുന്നത്തുകാവ് മെഡിക്കൽ കോളേജിലേക്ക് മാറ്റാൻ വേണ്ട നടപടികൾ ദ്രുതഗതിയിൽ ചെയ്യണം.

## കുടിവെള്ളം

കിണറുകൾ, കുളങ്ങൾ, നീരുറവകൾ, അരുവികൾ, ചെറു ജലാശയങ്ങൾ, നദികൾ എന്നിവ കേരളീയരുടെ പരമ്പരാഗത ജലസ്രോതസ്സുകളാണ്. ജനസംഖ്യാ വർദ്ധന, ജല ഉപയോഗരീതിയിൽ വന്നമാറ്റം തുടങ്ങി പല കാരണങ്ങളും ഈ പരമ്പരാഗത ജല സ്രോതസ്സുകളുടെ ജലസമ്പത്ത് ഗണ്യമായി കുറച്ചു. അങ്ങിനെ ജലലഭ്യതയിൽ സമ്പന്നമായ കേരളം ഇന്ന് അഭിമുഖീകരിക്കുന്ന അതി രൂക്ഷമായ പ്രശ്നങ്ങളാണ് കുടിവെള്ളക്ഷാമവും, വരൾച്ചയും. സംസ്ഥാനാടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിനു വരുന്ന ഭാരിച്ച ചിലവും, കാല ദൈർഘ്യവും മൂലം അതിനൊരു പരിഹാരം കണ്ടെത്താൻ പെട്ടെന്ന് കഴിഞ്ഞെന്ന് വരില്ല. അതിനാൽ സംസ്ഥാനത്തെ ഓരോ ഗ്രാമവും ജല സമ്പത്തിന്റെ കാര്യത്തിൽ സ്വാശ്രയത്വം നേടേണ്ടത് അത്യാവശ്യമാണെന്ന കാര്യത്തിൽ തർക്കമില്ല.

വളരെ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ നിറഞ്ഞ ഒരു പഞ്ചായത്താണ് മുണ്ടത്തിക്കോട് പഞ്ചായത്ത്. നമ്മുടെ പഞ്ചായത്തിലെ മുഖ്യ കുടിനീർ സ്രോതസ്സുകൾ കിണറുകൾ ആണ്. ഏകദേശം 500 വീടുകളിൽ സ്വന്തമായി കിണറുകൾ ഉണ്ട്. കുറെ വീട്ടുകാർ അയൽക്കിണറുകളേയോ മറ്റു പൊതു വിതരണ സംവിധാനങ്ങളേയോ ആണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. വേനൽക്കാലാരംഭത്തോടെ സ്വന്തമായി കിണറുകളുള്ളവരിൽ പലവരും പൊതു വിതരണ സംവിധാനങ്ങളെത്തന്നെ ആശ്രയിക്കുന്നു. മറ്റു ചിലർ കിലോ മീറ്ററോളം താണ്ടി വീടുകളിലേക്ക് അത്യാവശ്യത്തിന് വേണ്ടിവരുന്ന ജലം സംഭരിക്കുന്നു. നിലവിലുള്ള പൊതുവിതരണ സംവിധാനങ്ങൾ അപര്യാപ്തമാണ്. ഇവയിലൂടെ വേനൽക്കാലത്ത് വേണ്ടത്ര വെള്ളം വിതരണം ചെയ്യാൻ കഴിയാറില്ല.

### പ്രശ്നങ്ങൾ

1. കടങ്ങോട് സമഗ്ര ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കാൻ വേണ്ട പണികൾ മന്ദഗതിയിലാണ്.
2. പീച്ചി ശുദ്ധജല വിതരണ പദ്ധതി മെഡിക്കൽ കോളേജിലേക്ക് മാത്രമല്ലാതെ മറ്റു ഭാഗങ്ങളിലേക്ക് നീട്ടാനുള്ള ആവശ്യം പരിഗണിക്കുന്നില്ല.
3. പഞ്ചായത്തിലെ പല വാർഡുകളിലും ഉള്ള കുളങ്ങളെല്ലാം ഉപയോഗശൂന്യമായി കിടക്കുന്നു.
4. പല ചിറകളും കെട്ടി സംരക്ഷിച്ച് ഉപയോഗയോഗ്യമാക്കുന്നില്ല.
5. പഞ്ചായത്ത് കിണറുകൾ താഴ്ത്തി ചുറ്റുമതിൽ കെട്ടി ശുദ്ധജല ക്ഷാമം പരിഹരിക്കാൻ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല.
6. പുതിയ പഞ്ചായത്ത് കിണറുകൾ കുഴിക്കുന്നില്ല.

### പരിഹാരങ്ങൾ

1. കടങ്ങോട് ശുദ്ധജല വിതരണ പദ്ധതി എത്രയും വേഗത്തിൽ പ്രാവർത്തികമാക്കുന്ന പക്ഷം ഈ പഞ്ചായത്തിലെ ശുദ്ധജല ക്ഷാമം പരിപൂർണ്ണമായും പരിഹരിക്കാൻ കഴിയും. ഈ പദ്ധതിയുടെ പണികൾ എത്രയും വേഗം പൂർത്തീകരിച്ച് പദ്ധതി നടപ്പിൽ വരുത്താനുള്ള അടിയന്തിര നടപടികൾ ചെയ്യേണ്ടതാണ്.
2. പീച്ചിയിൽ നിന്നുള്ള ശുദ്ധജലം അത്താണി പരിസരത്തിൽ കൂടി മെഡിക്കൽ കോളേജിൽ എത്തി നിൽക്കുന്നു. ഈ ജലവിതരണം പഞ്ചായത്തിലെ 1,2,3,4,5,6 വാർഡുകളിലേക്ക് എത്തിക്കുന്നതിനുള്ള സംവിധാനം ചെയ്യണം.
3. 7-ാം വാർഡിലെ പട്ടിച്ചിറ കുളം ഈ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശത്ത് സ്ഥിതിചെയ്യുന്നതാണ്. ഇതിൽ ധാരാളം

ഭൂഗർഭജലം ഉണ്ട്. ഇത് വിപുലീകരിച്ച് ഇതിലെ ശുദ്ധജലം തൊട്ടടുത്ത കുന്നിൻ മുകളിൽ ടാങ്ക് കെട്ടി അതിലേക്ക് പമ്പ് ചെയ്ത്, ജലം ശുദ്ധീകരിച്ച് പൊതു ടാപ്പുകൾ വഴി പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലേക്കും എത്തിക്കാൻ സാധിക്കും. ഇത് പഞ്ചായത്തിലെ മൊത്തം ജനങ്ങളുടേയും ജലക്ഷാമം പരിഹരിക്കാനുതകും. ചിലവ് കുറച്ച് ചെയ്യുവാനും സാധിക്കും.

4. 2-ാം വാർഡിലുള്ള ചാത്തൻ ചിറക്കു സമീപം കിണർ കുത്തി വെള്ളം പമ്പ് ചെയ്ത് ഇപ്പോൾ നിലവിലുള്ള കാരക്കുന്ന് കോളനി ടാങ്കിലേക്ക് യോജിപ്പിക്കുകയാണെങ്കിൽ ഒന്ന്, രണ്ട് വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

5. കല്ലിടത്ത് ചിറ (1 -ാം വാർഡ്) നന്നാക്കി യാൽ കുടിനീർ ക്ഷാമം പരിഹരിക്കാവുന്നതാണ്.

6. 2 -ാം വാർഡിലെ കേരകുളം, 5 -ാം വാർഡിലെ അയ്യൻകളം, 6 -ാം വാർഡിലെ ചുള്ളിക്കോട് കുളം, 9 -ാം വാർഡിലെ മാങ്കുളം, 10 -ാം വാർഡിലെ കോതകുളം, പുത്തൻകുളം, നരിയൻ കുളം എന്നിവ ശുദ്ധീകരിച്ച് ശുദ്ധജല വിതരണം സജ്ജീവമാക്കിയാൽ 5,6,7,8,9,10 എന്നീ വാർഡുകളിലെ കുടി വെള്ളക്ഷാമം പൂർണമായും പരിഹരിക്കാൻ കഴിയും.

7. ആരോഗ്യ പ്രഷവർത്തകർ അതത് സമയങ്ങളിൽ പൊതു കിണറുകളിലേയും, സ്വകാര്യ കിണറുകളിലേയും വെള്ളം ശുദ്ധീകരിക്കാൻ വേണ്ട ബോധവൽക്കരണം വീടുകൾ തോറും നടത്തുക.

8. വെള്ളം കിട്ടാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പഞ്ചായത്ത് കിണറുകൾ കുഴിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

9. വാഴാനി കനാലിലെ വെള്ളം മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽതുറന്നുവിട്ടാൽ 6,7,8,9,10,1, 2, 4 എന്നീ വാർഡുകളിലെ കുടിവെള്ള പ്രശ്നം ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ്.

10. പെരിങ്ങണ്ടൂർ പ്രദേശത്ത് വീരകുളത്തിൽ കുഴൽകിണർ കുഴിച്ചു പൈപ്പ് ലയിൻ ഇട്ടാൽ ആ പ്രദേശത്ത് കുടിനീർ പ്രശ്നം പരിഹരിക്കാവുന്നതാണ്.

11. പൈപ്പുകളുടെ അറ്റ കുറ്റ പണികൾ യഥാ സമയം നടത്തേണ്ടതാണ്.

12. നിലവിലുള്ള പഞ്ചായത്തു കിണറുകൾ റിപ്പയർ ചെയ്യേണ്ടതാണ്.

13. എട്ടാം വാർഡിലെ കൈതത്തോടു ചിറ നന്നാക്കുകയും ജല സംഭരണി കെട്ടി അതിൽ വെള്ളം സംഭരിച്ചു പൈപ്പു വഴി വിതരണം ചെയ്യേണ്ടതുമാണ്.

14. പഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന ചിലഭാഗങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിച്ചു കുടിനീർ പ്രശ്നം പരിഹരിക്കേണ്ടതാണ്.

### കുടിവെള്ള സ്രോതസ്സുകൾ

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | പൊതു കിണറുകൾ | 62 |
| 2 | ടാപ്പുകൾ | 78 |
| 3 | ഉറവകൾ | ഇല്ല |
| 4 | കുഴൽ കിണറുകൾ | 24 |
| 5 | കുളങ്ങൾ | 27 |

# 12. കൃഷിയും ജലസേചനവും

## ആമുഖം

ഏകദേശം അമ്പതു വർഷം മുമ്പ് 80% ആളുകളും കൃഷിയെ മാത്രം ആശ്രയിച്ചു ജീവിച്ചിരുന്ന ഒരു കാർഷിക മേഖലയായിരുന്നു മുണ്ടത്തിക്കോട് പഞ്ചായത്ത്. രണ്ടു പൂവൽ കൃഷി ചെയ്തിരുന്ന നെൽപ്പാടങ്ങളും അപൂർവ്വം ചില സ്ഥലങ്ങളിൽ നാടൻ രീതിയിലുള്ള ജലസേചനത്തോടെ പുഞ്ചകൃഷിയും കരഭൂമിയിൽ കവുങ്ങ്, തെങ്ങ്, വാഴ, കുരുമുളക്, വീട്ടാവശ്യത്തിനുള്ള പച്ചക്കറികൾ ചേന, ചേമ്പ്, കൂർക്ക, തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങൾ എന്നിവയും കൂടിയ ഒരു സമ്മിശ്ര കൃഷിരീതിയാണു് കർഷകർ അനുവർത്തി ച്ചിരുന്നതു്. കന്നുകാലി വളർത്തലും കൃഷിയുടെ ഭാഗമായിരുന്നു. ഈർപ്പമുള്ള പാടശേഖരങ്ങളിലും അപൂർവ്വം ചില പറമ്പുകളിലും നെല്ലു് (മോഡേൺ) ചാമ, എള്ളു്, മുതിര, ഉഴുന്നു് തുടങ്ങിയവയും കൃഷി ചെയ്തിരുന്നു. കൃഷി മുഖ്യ തൊഴിലായി അംഗീകരിച്ചിരുന്ന അന്നത്തെ കാലത്തു് കൂടുതൽ കർഷകരും പശുവും തൊഴുത്തും ഉള്ളവരായിരുന്നു. സമൂഹത്തിൽ മാന്യതയും, അംഗീകാരവും ഇവർക്കു് ഉണ്ടായിരുന്നു. കർഷക കുടുംബങ്ങളിൽ സ്ത്രീ-പുരുഷ ഭേദമന്യേ എല്ലാവരും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുന്നു. അന്നു ജലസേചനത്തിനു മഴയേയാണു പ്രധാനമായും ആശ്രയിച്ചിരുന്നതു്. കൃഷിയിടങ്ങളിലെ കുളങ്ങളിൽ നിന്നും, കിണറുകളിൽ നിന്നും, നാടൻ രീതികളായ കാളത്തേക്കും, തുലാത്തേക്കും നടത്തിയാണ് ജലസേചനം നടത്തിയിരുന്നത്.

## ഇന്നത്തെ വിളച്ചേരുവ

ഇരുപ്പൂവും മുപ്പൂവും കൃഷി ചെയ്തിരുന്ന നിലങ്ങൾ ഒരു പൂ കൃഷി ചെയ്യുന്ന സാഹചര്യത്തിലാണു് എത്തിച്ചേർന്നിരിക്കുന്നതു്. ജലസേചന സൗകര്യത്തിൻെറ അഭാവം, വർദ്ധിച്ച കൂലിച്ചിലവു് തൊഴിലാളികളുടെ ദൗർലഭ്യം എന്നിവയെല്ലാം ഇതിനു കാരണമാണ്. നെൽകൃഷിയുടെ വിസ്തൃതി ഓരോ വർഷവും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഒന്നാം വിളക്കാലത്ത് കൂടുതൽ ലാഭകരമായ കൂർക്കകൃഷി വ്യാപിച്ചിട്ടുണ്ട്.

കരഭൂമിയിലാണെങ്കിൽ തെങ്ങ് കൃഷി വർദ്ധിച്ചിട്ടുണ്ട്. ജലദൗർലഭ്യമുള്ള കുന്നിൻ പ്രദേശങ്ങളിൽ കൃഷി ചെയ്തിരുന്ന കശുമാവിന് പകരം റബർകൃഷി വ്യാപിച്ചിട്ടുണ്ട്. വ്യാപകമായ രോഗബാധ മൂലം കുരുമുളക് കൃഷിയുടെ വിസ്തീർണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിലും കൂടുതൽ സ്ഥലങ്ങളിൽ കുരുമുളക് പുതിയതായി വച്ചുപിടിപ്പിച്ചിട്ടുണ്ട്. പണ്ട് കൃഷി ചെയ്തിരുന്ന എള്ള്, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവയുടെ വിസ്തൃതിയിൽ വലിയ കുറവ് വന്നിട്ടുണ്ട്.

ജനങ്ങളുടെ മുഖ്യാഹാരം അരിയാണ്. ഏറ്റവും ചുരുങ്ങിയത് 2030 മെട്രിക് ടൺ അരി ഒരു വർഷം ഇവിടെ ആവശ്യമുണ്ട്. മൊത്തം ആവശ്യകതയുടെ 35.5% മാത്രമേ ഇവിടെ ഉൽപാദിപ്പിക്കുന്നുള്ളൂ (പട്ടിക 1 കാണുക)

## ഉല്പാദന ക്ഷമത

പ്രധാന ഭക്ഷ്യവിളയായ നെൽകൃഷിയുടെ കാര്യത്തിൽ ഉൽപാദന ക്ഷമതയിൽ ഗണ്യമായ വർദ്ധനവൊന്നും വന്നിട്ടില്ല. വർദ്ധിച്ച കൂലിച്ചിലവ്, ജലസേചന നിർഗ്ഗമന സൗകര്യത്തിൻെറ അഭാവം, തൊഴിലാളികളുടെ ക്ഷാമം, സമീകൃത വള പ്രയോഗത്തിൻെറ അഭാവം ജൈവ വളത്തിൻെറ ഉപയോഗത്തിൽ വന്ന കുറവ്, ശാസ്ത്രീയമായ സസ്യ സംരക്ഷണ പ്രവർത്തനങ്ങളുടെ കുറവ്, ശാസ്ത്രീയ കൃഷി രീതികളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിൽ വന്നിട്ടുള്ള കുറവ് എന്നിവയെല്ലാം ഉൽപാദനത്തിൽ വന്നിട്ടുള്ള കുറവിനു കാരണമായിരിക്കുന്നു.

കരഭൂമിയിലെ കൃഷിയുടെ കാര്യത്തിലും ജലസേചന സൗകര്യത്തിൻെറ അഭാവം തന്നെയാണ് ഉല്പാദനക്ഷമത കുറയുന്നതിനു പ്രധാന കാരണമായികാണുന്നത്. ഉല്പാദന ക്ഷമത കുറഞ്ഞവ മാറ്റി പുതിയത് വച്ചുപിടിപ്പിക്കുന്നതിനോ നിലവിലുള്ള വിളകളുടെ ഉല്പാദനം കൂടുന്നതിനുവേണ്ട പരിചരണം നൽകുന്നതിനോ പൊതുവേ കർഷകർ ശ്രദ്ധിക്കുന്നില്ല. ഭൂമിയുടെ ഉടമസ്ഥതയിൽ വന്ന മാറ്റവും കൃഷിയിടങ്ങൾ പുരയിടങ്ങളായി മാറിയതും ഇതിനു കാരണമായിട്ടുണ്ട്.

കൃഷി രക്തത്തിൽ അലിഞ്ഞു

## മുണ്ടത്തിക്കോട് പഞ്ചായത്ത്

## കനാൽ - തോട് മാപ്പ്




## 1986 – 93 മഴ



## കൃഷിക്ക് ഉപയുക്ത സ്ഥലങ്ങൾ




## അരിയുടെ ലഭ്യത



ചേർന്നിരുന്ന കർഷക കുടുംബങ്ങളിലെ പുതിയ തലമുറ കാർഷിക രംഗത്തേക്കു് വരാത്തതും ഉൽപാദന ക്ഷമത കുറയുന്നതിന് ഒരു പ്രധാന കാരണമാണ്. കാലാവസ്ഥയിൽ വന്നിട്ടുള്ള മാറ്റവും ഉല്പാദനക്ഷമതയിൽ കുറവുണ്ടാക്കിയിട്ടുണ്ട്.

## ജലസേചന സൗകര്യങ്ങൾ

ഈ പഞ്ചായത്തിലെ 1, 2, 4, 6, 7, 8, 9, 10 എന്നീ വാർഡുകൾ വാഴാനി ജലസേചന പദ്ധതിയുടേയും 3, 4, എന്നീ വാർഡുകൾ പീച്ചി പദ്ധതിയുടേയും 3, 4, 5, 6, 7 എന്നീ വാർഡുകൾ പത്താഴക്കുണ്ട് ചെറുകിട ജലസേചന പദ്ധതിയുടേയും ആയക്കെട്ടിൽ വരുന്നു. വാഴാനി ഡാമിൻെറ അറ്റകുറ്റ പണികൾ ചെയ്യാത്തതും, മണ്ണു മാറ്റാത്തും, പത്താഴക്കുണ്ട് ഡാമിൻെറ ചോർച്ച അടക്കാത്തതും മൂലം ഈ പദ്ധതികളുടെ ആവിർഭാവത്തോടെ ഉണർന്ന കാർഷിക മേഖല ഇപ്പോൾ തളർന്നുകൊണ്ടിരിക്കുകയാണ്. പീച്ചി പദ്ധതിയുടെ കാര്യത്തിലാണെങ്കിൽ 3-ാം വാർഡിൽ അവസാനിക്കുന്ന കനാലിൽ വർഷങ്ങളായി വെള്ളം എത്താറില്ല.

കൃഷിക്ക് വെള്ളം കൊണ്ടുപോകുന്ന കനാലുകളിലും തോടുകളിലും വേണ്ടത്ര ചീപ്പുകളും തടയണകളും ഇല്ലാത്തതും നിലവിലുള്ളവതന്നെ അറ്റകുറ്റപണി ചെയ്യാത്തതും കൃഷിയെ ദോഷകരമായി ബാധിക്കുന്നു.

പാടശേഖരങ്ങളിൽ നിലവിലുള്ള പല ജലസേചന ജലനിർഗ്ഗമന തോടുകളും ആഴവും വീതിയും കുറഞ്ഞ് ദോഷകരമായ അവസ്ഥയിൽ എത്തിയിരിക്കുകയാണ്.

കരഭൂമിയുടെ കാര്യത്തിൽ കിണറുകളുടേയും കുളങ്ങളുടേയും എണ്ണം വർദ്ധിച്ചിട്ടുണ്ട്. പമ്പ്സെറ്റ് ഉപയോഗിച്ച് കൃഷി ചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. എങ്കിലും പണ്ടു കൃഷിക്കുപയുക്തമായിരുന്ന പൊന്നുകുളം, പട്ടിച്ചിറക്കുളം, ചക്കൻകുളം, തന്നാംപോറ്റച്ചിറ എന്നു തുടങ്ങി ഒട്ടനവധി കുളങ്ങൾ ജീർണ്ണാവസ്ഥയിലാണ് (പട്ടിക 2 കാണുക)

## ഉല്പന്നങ്ങളുടെ വിലയും വിപണനവും

ഉല്പന്നങ്ങളുടെ വിലയും ഉല്പാദനച്ചിലവും കണക്കിലെടുക്കുമ്പോൾ കർഷകർക്ക് യഥാർത്ഥ വില കിട്ടാത്ത അവസ്ഥയാണ്. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പ്രധാനമായും ഇരുപത് കിലോമീറ്ററോളം അകലെയുള്ള തൃശൂർ കുന്നംകുളം മാർക്കറ്റുകളെയാണ് കൃഷിക്കാർ ആശ്രയിക്കുന്നത്.

ഇടത്തട്ടുകാർ കർഷകരെ ചൂഷണം ചെയ്യുന്ന അവസ്ഥയാണ് ഇന്നു നിലനിൽക്കുന്നത്. നെൽകൃഷിയുടെ കാര്യത്തിലും തെങ്ങ്, കവുങ്ങ്, കുരുമുളക് എന്നീ വൃക്ഷവിളകളുടെ കാര്യത്തിലും ഈ അവസ്ഥ നിലനിൽക്കുന്നു. നെല്ലിൻെറ കാര്യത്തിൽ അത്താണിയിൽ വന്നിട്ടുള്ള മോഡേൺ റൈസ് മിൽ കർഷകർക്ക് ആശ്വാസമായിട്ടുണ്ടെങ്കിലും മില്ലിൻെറ പ്രവർത്തനം പ്രാരംഭ ദശയിലായതുകൊണ്ട് കർഷകർക്ക് പ്രയോജനം വേണ്ടരീതിയിൽ കിട്ടുന്നില്ല. ആര്യം പാടത്ത് സഹകരണ മേഖലയിൽ അടക്ക മാർക്കറ്റ് വന്നത് കർഷകർക്ക് അല്പം ആശ്വാസമായിട്ടുണ്ട് എന്നുള്ളത് ശ്രദ്ധാർഹമാണ്. പച്ചക്കറികൾ, നാളികേരം, കിഴങ്ങുവർഗ്ഗങ്ങൾ, കശുവണ്ടി എന്നീ ഉല്പന്നങ്ങളുടെ കാര്യത്തിൽ വിപണനത്തിനു് യാതൊരു സംവിധാനവും നിലവിലില്ല.

## കാർഷിക ബന്ധങ്ങൾ

കണക്കുകൾ പരിശോധിക്കുമ്പോൾ മുണ്ടത്തിക്കോട് പഞ്ചായത്തിലെ ഭൂരിഭാഗം കർഷകരും ഒരു ഹെക്ടറിനു താഴെവരുന്ന ചെറുകിട കർഷകരാണ് (പട്ടിക 3 കാണുക).

സ്വയം പണിയെടുക്കുന്ന കർഷകരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. കർഷക കുടുംബങ്ങളിൽ സ്ത്രീയും പുരുഷനും കുട്ടികളും കാർഷിക മേഖലയുമായി ബന്ധപ്പെട്ട രംഗങ്ങളിൽ ജോലി ചെയ്തിരുന്ന പഴയ അവസ്ഥ മാറി മുഴുവനും തൊഴിലാളികളെ ആശ്രയിച്ച് പണിയെടുക്കുന്ന അവസ്ഥ വന്നതുകൊണ്ട് കർഷക തൊഴിലാളികളുടെ ക്ഷാമം രൂക്ഷമാണ്. കൂടുതൽ ആകർഷകമായ മറ്റു മേഖലകളിലേക്ക് കർഷക തൊഴിലാളികൾ പോയതും വിദ്യാഭ്യാസമുള്ളവർക്ക് പറ്റാത്ത മേഖലയാണ് ഇതെന്ന ധാരണ സമൂഹത്തിൽ വന്നതും മൂലം യഥാർത്ഥ കർഷകത്തൊഴിലാളികളുടെ എണ്ണം ശുഷ്കമായിക്കൊണ്ടിരിക്കുകയാണ്.

## കൂലി സേവന വ്യവസ്ഥകൾ

ഇന്ന് പഞ്ചായത്തിൽ നിലനിൽക്കുന്ന ശരാശരി കൂലി സേവന വ്യവസ്ഥകൾ താഴെപറയും പ്രകാരമാണ്.

| ക്രമ നമ്പർ | പണിയുടെ പേര് | കൂലി |
|---|---|---|
| 01. | ഉഴവ്-ട്രാക്ടർ | 180 രൂ. ഒരു മണിക്കൂറിന് |
| 02. | ഉഴവ് ടില്ലർ | 140 രൂ. ഒരു മണിക്കൂറിന് |
| 03. | ഉഴവ് കന്നുകാലി | 200 രൂ. രണ്ടുചാൽ |
| 04. | കിളക്കൽ | 110 രൂ. ആണിന്നു 1 ദിവസം |
| 05 | ഞാറുനടൽ | 60 രൂ. സ്ത്രീക്ക് ഒരു ദിവസം |
| 06 | കളപറി | 60 രൂ. സ്ത്രീക്ക് ഒരു ദിവസം |
| 07 | കൊയ്ത്ത് | ഒന്നര പറ നെല്ല് സ്ത്രീക്ക് ഒരു ദിവസം |
| 08 | മെതി | ഒന്നര പറ നെല്ല് സ്ത്രീക്ക് ഒരു ദിവസം |
| 09 | തേങ്ങയിടൽ | 3 രൂപ ഒരു തെങ്ങിന് |
| 10 | തെങ്ങ് നന്നാക്കൽ | 5 രൂപ ഒരു തെങ്ങിന് |
| 11 | അടക്കാപറിക്കൽ | 20 രൂപ 1000 അടക്കക്ക് |
| 12 | കീടനാശിനി തളിക്കൽ | 150 രൂപ ആണിന് |
| 13 | റബ്ബർവെട്ട് | ഒരു മരത്തിന് 25 പൈസ. |

## വള ഉപഭോഗം

രാസ വളങ്ങളുടെ കാര്യത്തിൽ മൊത്തത്തിലുള്ള ഉപഭോഗത്തിൽ വമ്പിച്ച വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ വളം ചെയ്യുന്നതിനോ സമീകൃതമായി വളം ചെയ്യുന്നതിനോ മിക്ക കർഷകരും ശ്രദ്ധിക്കുന്നില്ല.

ജൈവവളങ്ങളുടെ വിലക്കൂടുതലും വേണ്ടത്ര ലഭ്യമല്ലാത്ത അവസ്ഥയും ജൈവവളങ്ങൾ കൃഷിയിടങ്ങളിൽ എത്തിക്കുന്നതിനുള്ള വർദ്ധിച്ച കൂലിച്ചിലവും മൂലം ജൈവവളങ്ങൾ വേണ്ടത്ര രീതിയിൽ ഉപയോഗിക്കുന്നതിന് കർഷകർക്ക് കഴിയാത്ത അവസ്ഥയാണ്.

പഞ്ചായത്തിൽ സഹകരണ മേഖലയിലും, സ്വകാര്യമേഖലയിലും കൂടി നാല് വളം വില്പനശാലകൾ നിലവിലുണ്ട്.

## സസ്യസംരക്ഷണ മരുന്നുകളുടെ ഉപഭോഗം

ശാസ്ത്രീയമായ കീടനാശിനി പ്രയോഗങ്ങളെക്കുറിച്ച് ഭൂരിഭാഗം കർഷകരും അജ്ഞരാണ്. പഞ്ചായത്തിൽ സഹകരണ മേഖലയിൽ രണ്ടും, സ്വകാര്യമേഖലയിൽ ഒന്നുമായി മൂന്ന് കീടനാശിനി വില്പനകേന്ദ്രങ്ങൾ ഉണ്ട്. കൂടാതെ കൃഷിഭവൻ വഴിയും കീടനാശിനികൾ വിതരണം ചെയ്യുന്നുണ്ട്.

കീടനാശിനികളുടെ ഉപഭോഗത്തിൽ വന്ന വർദ്ധനവ് ചില പ്രദേശങ്ങളിൽവലിയ പരിസ്ഥിതി പ്രശ്നത്തിലേക്കും മലിനീകരണ പ്രശ്നത്തിലേക്കും എത്തിച്ചിട്ടുണ്ട്.

## രോഗങ്ങൾ, കീടങ്ങൾ

നെൽകൃഷിക്ക് ഇലചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ പുഴു, ചാഴി തുടങ്ങിയ കീടങ്ങളുടെ ആക്രമങ്ങൾ രൂക്ഷമായി കാണാറുണ്ട്. ബ്ലാസ്റ്റ്, പോളകരിച്ചിൽ തുടങ്ങിയ രോഗങ്ങളും സാധാരണയായി കാണാറുണ്ട്. തെങ്ങുകൃഷിയെ സംബന്ധിച്ചാണെങ്കിൽ മണ്ടചീയൽ, ചെന്നീരൊലിപ്പ് തുടങ്ങിയ രോഗങ്ങൾ അവിടെ ഇവിടെയായി കാണുന്നുണ്ട്. കൊമ്പൻ ചെല്ലിയുടേയും, ചെമ്പൻ ചെല്ലിയുടേയും ആക്രമണം തെങ്ങിൻ തോട്ടത്തിൽ സാധാരണമാണ്.

കവുങ്ങിന് മഹാളി, കുരുമുളകിന്റെ ദ്രുതവാട്ടം, വാഴയുടെ കൂമ്പടപ്പ് തുടങ്ങിയ രോഗങ്ങളും സാധാരണയായി കാണാറുണ്ട്. പുതിയതായി വന്നിട്ടുള്ള തടതുരപ്പൻ പുഴുവിന്റെ ആക്രമണം നേന്ത്രവാഴ കൃഷിയെ കാര്യമായി ബാധിച്ചിട്ടുണ്ട്.

## വായ്പാസൗകര്യങ്ങൾ

ഈ പഞ്ചായത്തിൽ കർഷകർക്ക് വായ്പ ലഭിക്കുന്നതിന് നിലവിലുള്ള ധനകാര്യ സ്ഥാപനങ്ങൾ പട്ടിക 4-ൽ കൊടുത്ത പ്രകാരമാണ്.

കർഷകർക്ക് വായ്പകൾ അനുവദിക്കുന്ന കാര്യത്തിൽ പെരിങ്ങണ്ടൂർ സഹകരണ ബാങ്ക് മറ്റുബാങ്കുകളേക്കാൾ മുൻപന്തിയിലാണ്.

പുതുരുത്തി സഹകരണ ബാങ്കിൻെറ ശോച്യാവസ്ഥമൂലം കർഷകർക്ക് കാര്യമായ പ്രയോജനമൊന്നും ലഭിക്കുന്നില്ല.

കമ്മേഴ്സ്യൽ ബാങ്കുകൾ ഈ രംഗത്ത് അല്പമൊക്കെ സേവനം കാഴ്ചവെക്കുന്നുണ്ടെങ്കിലും യഥാർത്ഥ കർഷകർക്ക് വായ്പകൾ അനുവദിക്കുന്നതിൽ ഇത്തരം ബാങ്കുകൾ പൊതുവെ വിമുഖരാണ്.

## കർഷക സംരംഭങ്ങൾ

നെൽകൃഷി രംഗത്ത് ഗ്രൂപ്പ്ഫാമിംഗ് പ്രവർത്തനവുമായി ബന്ധപ്പെട്ട് 18 പാടശേഖര സമിതികൾ നിലവിലുണ്ട്. അവ പട്ടിക 5-ൽ പറയുന്ന പ്രകാരമാണ്.

ഇതിനു പുറമെ തെങ്ങുകൃഷിയിൽ കൂട്ടായ പ്രവർത്തനത്തിനായി വാർഡുതോറും കേര സമിതികൾ രൂപീകരിച്ചിരുന്നു. പിന്നീട് പഞ്ചായത്ത് തലത്തിൽ പുതിയ കേരസമിതി വന്നപ്പോൾ ഈ സമിതിയുടെ പ്രവർത്തനം ഇല്ലാതായി.

പാടശേഖര സമിതികളിൽ അപൂർവ്വം ചില സമിതികൾ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച്ചവെക്കുന്നുണ്ടെങ്കിലും പൊതുവെ ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളൊന്നും തന്നെ നടക്കുന്നില്ല.

## നടപ്പു പദ്ധതികളുടെ അവലോകനം

93-94, 94-95, 95-96 എന്നീ സാമ്പത്തിക വർഷങ്ങളിൽ കൃഷിഭവൻ വഴി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

കൃഷി വികസനത്തിനായി വിവിധ പദ്ധതികളിൽക്കൂടി ലക്ഷക്കണക്കിനു രൂപ ചിലവഴിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥ ഗുണഭോക്താക്കൾ പല പദ്ധതികളെക്കുറിച്ചും ശരിയായി അറിയാത്തതായി കാണുന്നു.

കൃഷിഭവനിൽ വേണ്ടത്ര ഫീൽഡ് ഉദ്യോഗസ്ഥന്മാരുടെ അഭാവം അപ്പോഴപ്പോൾ വരുന്ന പദ്ധതികൾ കർഷകരെ അറിയിക്കുന്നതിന് വീഴ്ച്ച വരുന്നതിൽ പ്രധാനകാരണമാണ്.

കർഷകർക്ക് ആവശ്യമുള്ള നടീൽ വസ്തുക്കളും വിത്തുകളും വേണ്ടസമയത്ത് കർഷകർക്ക് ലഭ്യമാക്കാൻ കൃഷിഭവനു് സാധിക്കുന്നില്ല. പലപ്പോഴും കർഷകർക്ക് ആവശ്യമില്ലാത്ത സമയത്താണ് നടീൽ വസ്തുക്കൾ കൃഷിഭവൻ വഴി വരുന്നത്. നടീൽ വസ്തുക്കളുടെ ആവശ്യകത കണക്കിലെടുക്കാതെ ജില്ലയിൽ നിന്നും ഒരേ രീതിയിൽ വിതരണം ചെയ്യുന്നതുമൂലം ഈ ഇനത്തിൽ ഗവൺമെൻറ് ചിലവഴിക്കുന്ന പണത്തിൻെറ നല്ലൊരു പങ്ക് പാഴായി പോകുകയാണ്.

## കാർഷിക മേഖലയിലെ പ്രശ്നങ്ങൾ:

1. ഈ പഞ്ചായത്തിൽ എല്ലാ വിളകളുടേയും ഉല്പാദനം മൊത്തത്തിൽ കുറഞ്ഞുവരുന്നു.

2. നെൽകൃഷി ലാഭകരമല്ലാത്തതുകൊണ്ടും ജലസേചനസൗകര്യങ്ങളുടെ അഭാവം കൊണ്ടും നെൽപ്പാടങ്ങൾ വൻതോതിൽ നികത്തി കരഭൂമികളായി രൂപാന്തരപ്പെടുത്തുന്നു.

3. കർഷകർ കൃഷി ഉപേക്ഷിച്ച് മറ്റു മേഖലകളിലേക്ക് പോകുന്നു. കർഷക കുടുംബങ്ങളിലെ യുവതലമുറ കൃഷിയിൽ നിന്നും വിട്ടുപോകുന്നു.

4. ജലസേചനത്തിൻെറ അഭാവം മൊത്തത്തിൽ എല്ലാ വാർഡുകളിലും നിലനിൽക്കുന്നു. പീച്ചി, വാഴാനി, പത്താഴക്കുണ്ട് എന്നീ ജലസേചന പദ്ധതികളുടെ പ്രയോജനം കർഷകർക്ക് വേണ്ട രീതിയിൽ ലഭിക്കുന്നില്ല.

5. എല്ലാ പാടശേഖരങ്ങളിലും നിലവിലുള്ള തോടുകളും, ചാലുകളും കുളങ്ങളും ട്രാക്ടറുകൾ ഇറക്കുന്നതിനുള്ള വഴികളും തൂർന്നു പോകുകയോ അനധികൃതമായി കയ്യേറ്റം ചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ട്. തോടുകളും ചാലുകളും ഉപയോഗശൂന്യമാകുന്നതുകൊണ്ട് ഒന്നാം വിളക്കാലത്ത് വെള്ളപ്പൊക്കവും രണ്ടാം വിളക്കാലത്ത് ഉണക്കവും സംഭവിക്കുന്നു.

6. നിലവിലുള്ള തോടുകളിൽ ചീപ്പുകളും തടയണകളും ഇല്ലാത്തതും ഉള്ളതുതന്നെ ശരിയായ അറ്റകുറ്റപണി നടത്താതും ഈ പഞ്ചായത്തിലെ വലിയ പ്രശ്നമായി നിലനിൽക്കുന്നു. ചെറുകിട ജലസേചന പദ്ധതികളുടെ നടത്തിപ്പിനും മേൽനോട്ടത്തിനും വേണ്ടത്ര ഉദ്യോഗസ്ഥന്മാരില്ല.

7. ഉല്പന്നങ്ങൾക്ക് വിലക്കുറവും ഉൽപന്നങ്ങളുടെ വിപണിയിൽ ഇടത്തട്ടുകാരുടെ

ചൂഷണവും മൂലം ഈ പഞ്ചായത്തിലെ കർഷകർക്ക് ഉല്പന്നങ്ങൾക്ക് ശരിയായ വില ലഭിക്കുന്നില്ല. ഉല്പന്നങ്ങളുടെ സംസ്കരണത്തിനുള്ള അഭാവം മൂലം ഉല്പന്നങ്ങൾ പെട്ടന്ന് വിറ്റഴിക്കേണ്ട അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്.

8. കർഷകത്തൊഴിലാളികളെ വേണ്ടത്ര ലഭിക്കാത്തതു മൂലം കർഷകർ സമയാസമയങ്ങളിൽ കൃഷിപ്പണികൾ നടത്തുന്നതിന് ബുദ്ധിമുട്ടുന്നു.

9. ഈ പഞ്ചായത്തിൽ പൊതുവെ മണ്ണിന് ഫലപുഷ്ടി കുറവാണ്.

10. 1, 7, 8, 9, 10 എന്നീ വാർഡുകളിൽ മണ്ണൊലിപ്പുകൊണ്ടുള്ള ദൂഷ്യഫലങ്ങളുണ്ട്. മാത്രമല്ല മിക്കവാറും എല്ലാ വാർഡുകളിലും ജനുവരി മുതൽ മേയ് വരെ രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്നു.

11. നമ്മുടെ പഞ്ചായത്തിൽ ഒരു വിധം എല്ലാ പച്ചക്കറികളും നന്നായി വളരുമെങ്കിലും പച്ചക്കറി കൃഷി ചെയ്യുന്ന സ്ഥലം വളരെക്കുറവാണ്. അതിനാൽ ജനങ്ങൾ പച്ചക്കറി പുറമെനിന്ന് വാങ്ങിക്കുന്നു.

12. കൃഷി മെച്ചപ്പെടുത്തുന്നതിനും കാർഷിക മേഖലയെ പരിപോഷിപ്പിക്കുന്നതിനും കർഷകർക്ക് സമയാസമയങ്ങളിൽ വായ്പ ലഭിക്കുന്നില്ല. ഈ രംഗത്ത് സഹകരണ സംഘങ്ങളുടെ പ്രവർത്തനം കുറച്ചൊക്കെ ഉണ്ടെങ്കിലും പൊതുമേഖലാ ബാങ്കുകൾ യഥാർത്ഥ കർഷകരെ അവഗണിക്കുകയാണ്.

13. വിള സാന്ദ്രതയുടെ കാര്യത്തിൽ നിലങ്ങളിലും കരഭൂമികളിലും നിലവിലുള്ള വിള സാന്ദ്രത വളരെക്കുറവാണ്. ഇടവിള കൃഷികൾ വളരെക്കുറവാണ്.

14. ഉദ്ദേശം 80 ഹെക്ടറോളം ഭൂമി തരിശായിക്കിടക്കുന്നു.

15. ശാസ്ത്രീയ കൃഷി രീതികളെക്കുറിച്ച് പ്രചാരണം പല രീതിയിൽ നടത്തുന്നുണ്ടെങ്കിലും കൃഷി ലാഭകരമാക്കുന്നതിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങളെക്കുറിച്ച് കർഷകർ അജ്ഞരാണ്.

16. മുണ്ടത്തിക്കോട് പഞ്ചായത്തിൽ പല ഭാഗങ്ങളിലും ആരംഭിച്ചിട്ടുള്ള മെറ്റൽ ക്രഷറുകൾ കൃഷിക്ക് ദൂര വ്യാപകമായ ദോഷഫലങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

17. പഞ്ചായത്തിലെ സർക്കാർ വനങ്ങളിൽ വ്യാപകമായി അക്കേഷ്യ, യൂക്കാലിപ്റ്റസ് എന്നീ മരങ്ങൾ വെച്ചു പിടിപ്പിച്ചതുമൂലം മണ്ണിൻെറ ഫലപുഷ്ടി കുറയുകയും മണ്ണൊലിപ്പ് കൂടുകയും വെള്ളത്തിൻെറ ലഭ്യത കുറയുകയും ചെയ്തിട്ടുണ്ട്. ഇത് മൂലം അപൂർവമായ പല ഔഷധച്ചെടികളും നശിച്ചു പോവുകയും രൂക്ഷമായ പരിസ്ഥിതി പ്രശ്നം ഉളവാക്കുകയും ചെയ്തിട്ടുണ്ട്.

18. കൃഷിയാവശ്യത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനു കാലതാമസം നേരിടുന്നതിന് പാടശേഖരങ്ങളിലേക്ക് വൈദ്യുതി എത്താത്തതും മൂലം കർഷകർ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നു.

19. ഈ പഞ്ചായത്തിൽ പല പ്രദേശങ്ങളിലും വെള്ളക്കെട്ട് അനുഭവപ്പെടുന്നു.

## പ്രശ്ന പരിഹാരങ്ങൾക്കുള്ള നിർദ്ദേശങ്ങൾ

1. a) മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി സമീകൃത വളപ്രയോഗം നടത്തുന്നതിനു വേണ്ട ബോധവൽക്കരണം നടത്തുക.

b) ജൈവ വളങ്ങളുടെ ഉപയോഗത്തിന് പ്രോത്സാഹനം കൊടുക്കുകയും പച്ചിലവളം, കംമ്പോസ്റ്റ് തുടങ്ങിയ ജൈവവളങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

c) പാടശേഖരങ്ങളിലേക്കു് അനുയോജ്യമായ അത്യുല്പാദനശേഷിയുള്ള വിത്തുകളുടെ ലഭ്യത ഉറപ്പുവരുത്തുക.

d) നമ്മുടെ പഞ്ചായത്തിലെക്ക് വേണ്ട നെൽവിത്തുകൾ ഇവിടെത്തന്നെ ഉണ്ടാക്കുന്നതിനുള്ള നടപടി എടുക്കുക.

e) കരവിളകളുടെ കാര്യത്തിൽ ഉല്പാദനം കുറഞ്ഞവ നീക്കി അധിക വിളവുതരുന്ന ഇനങ്ങൾ വച്ചു പിടിപ്പിക്കുന്നതിനു പ്രോത്സാഹനം നൽകുക.

f) പഞ്ചായത്തടിസ്ഥാനത്തിൽ ഗുണമേന്മയുള്ള തൈകൾ വിതരണം ചെയ്യുന്നതിന് നഴ്സറികൾ തുടങ്ങുക.

g) സസ്യസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വേണ്ട ബോധവൽക്കരണം നടത്തുക. ഇതിനായി അംഗീകൃത ഏജൻസികളെ ചുമതലപ്പെടുത്തുക. അമിതമായതും അനാവശ്യവുമായ കീടനാശിനി പ്രയോഗം നിരുത്സാഹപ്പെടുത്തുക.

h) ജലസേചനം വർദ്ധിപ്പിച്ചാൽതന്നെ ഉല്പാദനം 50% വർദ്ധിക്കും എന്നതുകൊണ്ട് ജലസേചനം വർദ്ധിപ്പിക്കുന്നതിനു് കിണറുകൾ കുഴിക്കുന്നതിനും, പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനും, നിലവിലുള്ള കിണറുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും ധന സഹായം നൽകുക. കിണറുകളുടെ വലിപ്പത്തിൻെറ പരിധി ആവശ്യാനുസരണം നിർണ്ണയിക്കാൻ കർഷകർക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കണം.

2. a) നെൽകൃഷി ലാഭകരമാക്കുന്നതിനു് ഗ്രൂപ്പ് ഫാമിംഗ് സമിതികളുടെ പ്രവർത്തനം വിപുലപ്പെടുത്തുകയും ചിട്ടപ്പെടുത്തുകയും ചെയ്യുക. ഏറ്റവും നല്ല രീതിയിൽ ഗ്രൂപ്പ് ഫാമിംഗ് തത്വങ്ങൾ പ്രാവർത്തികമാക്കുന്ന പാട ശേഖരങ്ങൾക്ക് പഞ്ചായത്തടിസ്ഥാനത്തിൽ അവാർഡുകൾ നൽകി ഗ്രൂപ്പ് ഫാമിംഗ് പാടശേഖരങ്ങളെ മത്സരബുദ്ധിയോടെ പ്രവർത്തിക്കാൻ വേണ്ട സാഹചര്യം ഉണ്ടാക്കുക.

b) നെൽപ്പാടങ്ങൾ നികത്തുന്നതുകൊണ്ടുള്ള ദൂരവ്യാപകമായ ദൂഷ്യഫലങ്ങളെക്കുറിച്ചു് ബോധവൽക്കരണം നടത്തുക.

c) നെൽപ്പാടങ്ങൾ നികത്തുന്നതിനെതിരെ നിലവിലുള്ള നിയമം ശരിയായി നടപ്പിലാക്കാൻവേണ്ട നടപടികൾ കൈക്കൊള്ളുക.

3. a) നൂതന കാർഷിക സംരംഭങ്ങളായ ഓർക്കിഡ് കൃഷി, കുറ്റിമുല്ല കൃഷി, ഔഷധ സസ്യകൃഷി, പഴവർഗ്ഗ സംസ്ക്കരണം തുടങ്ങിയ മേഖലകളിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനു് വേണ്ട ബോധവൽക്കരണ പരിപാടികളും പ്രചരണവും നടത്തുക.

b) യുവതി യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിന് കാർഷികമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് വായ്പാ സൗകര്യം, ഇൻഷ്വറൻസ് സംരക്ഷണം, പെൻഷൻ ആനുകൂല്യങ്ങൾ തുടങ്ങിയവ നടപ്പിലാക്കുക.

c) സ്കൂൾ തലങ്ങളിൽ തന്നെ കാർഷിക മേഖലയുടെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുന്നതിനും ഈ മേഖലയിലേക്ക് കുട്ടികളെ ആകർഷിക്കുന്നതിനും വേണ്ട നടപടികൾ എടുക്കുക.

4 a) 3, 4, 5, 6, 7 എന്നീ വാർഡുകളുടെ ജലസേചന പ്രശ്നം ഒട്ടാകെ പരിഹരിക്കാൻ കഴിയുന്ന പത്താഴക്കുണ്ട് ഡാമിൻെറ ചോർച്ച അടച്ച് അറ്റകുറ്റ പണികൾ ചെയ്യുന്നതിനു് ഏറ്റവും മുൻഗണന നൽകേണ്ടതാണ്.

b) വാഴാനി ഡാമിലെ മണ്ണു നീക്കി ജലസംഭരണ ശേഷി വർദ്ധിപ്പിക്കുകയും അറ്റകുറ്റ പണി ചെയ്യുകയും ഡാമിനോടനുബന്ധിച്ചുള്ള കനാലുകൾ റിപ്പയറുകൾ നടത്താത്ത സ്ഥലങ്ങളിൽ നടത്തുകയും ചെയ്താൽ കൂടുതൽ പ്രദേശത്തേക്ക് പ്രയോജനം ലഭിക്കും.

c) കനാൽവെള്ളം ദുരുപയോഗപ്പെടുത്തുന്നത് തടയാൻ പരിശോധനയും നിയമ നടപടിയും കർശനമാക്കണം.

d) പീച്ചി വലതു മെയിൻ ബ്രാഞ്ച് കനാലിൻെറ വെളപ്പായ ബ്രാഞ്ച് കനാൽ അവസാനിക്കുന്നത് ഈ പഞ്ചായത്തിലെ മൂന്നാം വാർഡിൽപ്പെട്ട പെരിങ്ങണ്ടൂരിലാണെങ്കിലും ഈ കനാലിൽക്കൂടി വർഷങ്ങളായി വെള്ളം ലഭിക്കുന്നില്ല. ഇവിടേക്ക് വെള്ളം വിടുകയാണെങ്കിൽ 3, 4 വാർഡുകളിലെ ജലസേചന പ്രശ്നത്തിനു് ഒട്ടാകെ പരിഹാരമുണ്ടാകും.

e) പീച്ചി, വാഴാനി കനാലുകളിൽക്കൂടി വേനൽക്കാലത്ത് മൂന്നോ നാലോ തവണ വെള്ളം വിടുകയാണെങ്കിൽ കൂടുതൽ സ്ഥലത്ത് പുഞ്ചകൃഷി സാദ്ധ്യമാകുമെന്നതിനു പുറമെ കരവിളയായ തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ തുടങ്ങിയവയുടെ ജലസേചനത്തിനു സൗകര്യമുണ്ടാകുമെന്നു മാത്രമല്ല സമീപ പ്രദേശങ്ങളിലെ കുടിനീർ പ്രശ്നവും പരിഹരിക്കാൻ കഴിയും.

5. പാടശേഖരാടിസ്ഥാനത്തിൽ നിലവിലുള്ള തോടുകളുടേയും, ചാലുകളുടേയും, കുളങ്ങളുടേയും പനരുദ്ധാരണ പ്രവർത്തനം നടത്തുക. നിലവിലുള്ള തോടുകൾ പൂർവ്വ സ്ഥിതയിലാക്കുകയും സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ പുതിയ തോടുകൾ നിർമ്മിക്കുകയും ചെയ്യുക. പാടശേഖരങ്ങളിൽ ട്രാക്ടറുകൾ

ഇറങ്ങുന്നതിനു റാമ്പുകൾ നിർമ്മിക്കുക.

6. നിലവിലുള്ള തോടുകൾ ആവശ്യാനുസരണം തടയണകളും ചീപ്പുകളും നിർമ്മിക്കുക, നിലവിലുള്ള ചീപ്പുകളുടേയും തടയണകളുടേയും അറ്റകുറ്റപണി ചെയത് സംരക്ഷണ ചുമതല പാടശേഖര സമിതികളെ ഏൽപ്പിക്കുക

7. ചെറുകിട ജലസേചന പ്രവർത്തനങ്ങളുടെ നടത്തിപ്പും മേൽനോട്ടവും നടത്തുന്നതിനു വേണ്ടി പഞ്ചായത്തു തലത്തിൽ ഒരു മൈനർ ഇറിഗേഷൻ സെഷൻ ഓഫീസ് അനുവദിക്കുക, കർഷകരുടെ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും സഹകരണാടിസ്ഥാനത്തിൽ കർഷകരുടെ സംഘങ്ങൾ രൂപീകരിക്കുന്നതിനു വേണ്ട നടപടികളെടുക്കുക ഇതിലേക്കായി നിലവിലുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്താൻവേണ്ട സാഹചര്യം ഉണ്ടാക്കുക, കേര സമിതികൾ വാർഡ് തോറും ഉണ്ടാക്കി ഈ രംഗത്ത് പ്രവർത്തനം വിപുലപ്പെടുത്തുക.

8. കാർഷിക മേഖലയിലെ തൊഴിലാളികളെ പഞ്ചായത്ത് തലത്തിൽ ഒരു അംഗീകൃത ഏജൻസിയുടെ കീഴിൽ കൊണ്ടുവന്ന് കൃഷിക്കാർക്കാവശ്യാനുസരണം തൊഴിലാളികളെ ലഭ്യമാക്കുന്നതിനുവേണ്ട സാഹചര്യം ഉണ്ടാക്കുക, പാടശേഖര സമിതികളുടെ ഒരു കോ-ഓർഡിനേഷൻ കമ്മറ്റി പഞ്ചായത്തു തലത്തിൽ രൂപീകരിച്ച് തൊഴിലാളികളുടെ നിയന്ത്രണം ഈ കമ്മറ്റിക്ക് വിട്ടു കൊടുക്കുക.

കൃഷിപ്പണികൾ ലഘൂകരിക്കുന്ന തരത്തിലുള്ള മെതിയന്ത്രം, കൊയ്ത്ത്യന്ത്രം, ഞാറുനടൽ യന്ത്രം തുടങ്ങിയവയുടെ ഉപയോഗത്തിനു പ്രചാരം നൽകുക.

9. മണ്ണിൻെറ ഫലപുഷ്ടി വർദ്ധിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും ജൈവവളങ്ങളുടെ ഉപയോഗത്തിന് പ്രാധാന്യം നൽകുക.

10. ശാസ്ത്രീയമായ മണ്ണു സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുക. മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾക്കു് ധനസഹായം നൽകുക. വരൾച്ചയുട രുക്ഷത കുറക്കുന്നവിധം മഴ ലഭിക്കുന്ന മാസങ്ങളിൽ ജല സംരക്ഷണം നടത്തുന്നതിന് വേണ്ട ബോധവൽക്കരണം നടപ്പിലാക്കുക.

11. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വീട്ടുവളപ്പിലെ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തു മോഡൽ പദ്ധതി നടപ്പിലാക്കുക.

പച്ചക്കറി വ്യാവസായിക അടിസ്ഥാനത്തിൽ ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കാൻ വേണ്ട നടപടി എടുക്കുക.

12. വായ്പകൾവിതരണം ചെയ്യുന്നതിന് പൊതുമേഖലാ ബാങ്കുകളും സഹകരണ ബാങ്കുകളും മടിക്കുന്നതിൻെറ പ്രധാന കാരണം വായ്പകൾ എടുത്ത കർഷകർ തിരിച്ചടക്കുന്നതിൽ കാണിക്കുന്ന അനാസ്ഥയാണെന്നതിനാൽ വായ്പകൾ യഥാസമയം തിരിച്ചടക്കുന്നതിനും യഥാർത്ഥ കർഷകരെ കണ്ടെത്തി ഉല്പാദനപരമായ കാര്യങ്ങൾക്ക് വായ്പകൾ കാലതാമസം കൂടാതെ അനുവദിക്കുന്നതിനും ധനകാര്യ സ്ഥാപനങ്ങളെ പ്രേരിപ്പിക്കുക, കർഷകരോട് തികച്ചും അവഗണന കാണിക്കുന്ന പൊതു മേഖലാ ബാങ്കുകളുടെ ചിത്രം സംസ്ഥാന ബാങ്കിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയിൽ പെടുത്തുക.

13. തരിശ്ശായിക്കിടക്കുന്ന ഭൂമികളിൽ മാവ്, പ്ലാവ്, കശുമാവ് തുടങ്ങിയ വൃക്ഷവിളകൾ, തീറ്റപ്പുൽ കൃഷി, പച്ചില വളകൃഷി എന്നിവ നടത്താനുള്ള സാദ്ധ്യതകൾ കണ്ടെത്തി നടപ്പിലാക്കുക.

14. കൃഷി ഭവനിലെ ഉദ്യോഗസ്ഥന്മാരുടെ കുറവ് നികത്തുന്നതിനും ഉദ്യോഗസ്ഥന്മാർക്ക് ഫീൽഡ്തല പ്രവർത്തനങ്ങൾക്ക് സാഹചര്യം ഉണ്ടാക്കുന്നതിന് ഒരു ക്ലർക്കിനേയും പിയൂണിനേയും നിയമിക്കുന്നതിനും വേണ്ട നടപടികളെടുക്കുക, കൃഷി ഭവനിൽക്കൂടി വരുന്ന കാര്യങ്ങൾ അറിയിക്കുന്നതന് വാർഡ് തലത്തിൽ വാർത്താബോർഡ് സ്ഥാപിക്കുക.

15. പാടശേഖരങ്ങളിലെ വിള സാന്ദ്രത വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടികളെടുക്കുക. ഇടവിളകൾ പ്രോത്സാഹിപ്പിച്ച് കരഭൂമികളിലെ വിള സാന്ദ്രത വർദ്ധിപ്പിക്കുക.

16. പരിസ്ഥിതി പ്രശ്നമുണ്ടാക്കുന്ന മെറ്റൽ ഗ്രൂപ്പുകൾ നിരോധിക്കുക.

17. റിസർച്ച് വനപ്രദേശങ്ങളിൽ അക്വേഷ്യ, യൂക്കാലി എന്നിവക്ക് പകരം തേക്ക്, മാവ്, കശുമാവ്, പ്ലാവ്, വീട്ടി തുടങ്ങിയ വൃക്ഷങ്ങൾ

വച്ചുപിടിപ്പിക്കുന്നതിന് നടപടിയെടുക്കുക.

18. കൃഷിയാവശ്യത്തിനു വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും, പാടശേഖരങ്ങളിലേക്ക് വൈദ്യുതി എത്തിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുക. അല്ലാത്തയിടങ്ങളിൽ കൃഷിയാവശ്യത്തിനു മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിൽ ഇപ്പോൾ നിലവിലുള്ള പ്രശ്നം പരിഹരിച്ച് മണ്ണെണ്ണ ആവശ്യത്തിനു ലഭിക്കാൻ വേണ്ട നടപടിയെടുക്കുക.

19. വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി ചെറുകിട ജലസേചന പദ്ധതിയിൽ ഉൾപ്പെടുത്തി ഡ്രെയിനേജ് ചാലുകൾ നിർമ്മിക്കുക.

പട്ടിക 1.

| ക്രമ നമ്പർ | വിളയുടെ പേര് | വിസ്തീർണ്ണം 49 1986 ഉൽപാദന ക്ഷമത | | വിസ്തീർണ്ണം 49 1996 ഉൽപാദന ക്ഷമത | |
|---|---|---|---|---|---|
| 1 | നെല്ല് വിരിപ്പ് | 650 | 1800 കി /ഹെ | 410 | 1900 കി /ഹെ |
| 2 | " മുണ്ടകൻ | 700 | 2000 കി /ഹെ | 435 | 2300 കി /ഹെ |
| 3 | " പുഞ്ച | 15 | 2800 കി /ഹെ | 10 | 2600 കി /ഹെ |
| 4 | തെങ്ങ് | 350 | 6000 തേങ്ങ/ഹെ | 452 | 5400 തേങ്ങ/ഹെ |
| 5 | കവുങ്ങ് | 205 | 850 കി /ഹെ | 285 | 900 കി /ഹെ |
| 6 | കുരുമുളക് | 30 | 300 കി /ഹെ | 20 | 250 കി /ഹെ |
| 7 | വാഴ | 15 | 6520 കി /ഹെ | 25 | 7820 കി /ഹെ |
| 8 | എള്ള് | 10 | 300 കി /ഹെ | 5 | 250 കി /ഹെ |
| 9 | പയർ | 15 | --- | 7 | --- |
| 10 | കശുമാവ് | 55 | 500 കി /ഹെ | 30 | 820 കി /ഹെ |
| 11 | റബർ | 25 | --- | 75 | --- |
| 12 | പച്ചക്കറി | 20 | --- | 15 | --- |
| 13 | ഇഞ്ചി | 3 | --- | 5 | --- |
| 14 | മഞ്ഞൾ | 1 | --- | 2 | --- |
| 15 | കൂർക്ക | 15 | --- | 50 | --- |
| 16 | മരച്ചീനി | 15 | --- | 3 | --- |
| 17 | മാവ് | 10.4 | --- | 12 | --- |

പട്ടിക 2

| | I | II | III | IV | V | VI | VII | VIII | IX | X | Total |
|---|---|---|---|---|---|---|---|---|---|---|---|
| ജലസേചന കിണർ | 194 | 246 | 113 | 232 | 236 | 214 | 160 | 175 | 118 | 118 | 1806 |
| കുഴൽ കിണർ | 3 | 3 | 2 | 2 | 2 | 2 | 2 | 3 | 3 | 2 | 24 |
| ജലസേചന പമ്പ് സെറ്റുകൾ (മോട്ടാർ) | 42 | 46 | 53 | 58 | 48 | 29 | 32 | 20 | 19 | 18 | 365 |
| ഓയിൽ എഞ്ചിൻ | 30 | 35 | 30 | 28 | 34 | 33 | 35 | 40 | 32 | 23 | 320 |
| കുളങ്ങൾ | 5 | 2 | 3 | 3 | 3 | 2 | 3 | 2 | 2 | 3 | 27 |

പട്ടിക 3

| ഇനം | I | II | III | IV | V | VI | VII | VIII | IX | X | Total |
|---|---|---|---|---|---|---|---|---|---|---|---|
| 1 ഹെ | 363 | 460 | 353 | 412 | 466 | 274 | 350 | 413 | 329 | 320 | 3280 |
| 1-2 ഹെ | 35 | 40 | 25 | 55 | 35 | 30 | 40 | 30 | 23 | 22 | 335 |
| 2 ഹെക്ടറിനു മീതെ | 4 | 4 | - | 4 | 3 | 2 | 4 | 4 | 3 | 2 | 30 |
| ആകെ | | | | | | | | | | | 3645 |

പട്ടിക 4

| ബാങ്കിൻെറ പേര് | സഹകരണ മേഖല | ബന്ധപ്പെട്ട വാർഡുകൾ |
|---|---|---|
| പുതുരുത്തി സഹകരണബാങ്ക് | സഹകരണ മേഖല | I, II, VIII, IX, X |
| പെരിങ്ങണ്ടൂർ സഹകരണ ബാങ്ക് | സഹകരണ മേഖല | I, III, IV, VI, VI, VII, VIII |
| കാത്തലിക് സിറിയൻ ബാങ്ക് മുണ്ടത്തിക്കോട് | --- | I, II, IX, X |
| ധനലക്ഷ്മി ബാങ്ക് - അത്താണി | --- | III, IV, V, VI, |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ വടക്കാഞ്ചേരി | --- | VII, VIII |
| ജില്ല സഹകരണ ബാങ്ക് | സഹകരണ മേഖല | എല്ലാ വാർഡുകളിലും |

പട്ടിക 5

| ക്രമ നമ്പർ | പാടശേഖരത്തിൻെറ പേര് | വാർഡ് നമ്പർ | രജി. നമ്പർ | കൃഷിക്കാരുടെ എണ്ണം | വിസ്തീർണ്ണം(ഹെ) |
|---|---|---|---|---|---|
| 1 | കല്ലിടത്തുപടി പുലികുന്നത്ത് താഴം പാടശേഖരം | I | 329/89 | 120 | 30 |
| 2 | എസ്.എൻ. കർഷകസമിതി | I | 258/85 | 25 | 10 |
| 3 | രാജഗിരി കർഷകസമിതി | I | 153/85 | 33 | 10 |
| 4 | മുണ്ടത്തിക്കോട് തെക്കുമുറി പാടശേഖരം | II | 96/91 | 75 | 25 |
| 5 | ആര്യംപാടം പയ്യങ്കണ്ടം കർഷകസമിതി | II | 251/86 | 25 | 8 |
| 6 | മുണ്ടത്തിക്കോട് സെൻറർ പാടശേഖരം | II | 252/86 | 45 | 15 |
| 7 | ചുങ്കം മാവിൻചോട് സമിതി | II | 276/86 | 90 | 27 |
| 8 | പെരിങ്ങണ്ടൂർ പടിഞ്ഞാറെ പാടശേഖരം | III | 946/90 | 42 | 20 |
| 9 | പെരിങ്ങണ്ടൂർ പാടശേഖരം | III, IV | 959/90 | 90 | 40 |
| 10 | ചോറക്കാട് കർഷകസമിതി | IV | 405/89 | 35 | 20 |
| 11 | ആസോക് തൊണ്ടിപാടം | IV | 419/89 | 90 | 24 |
| 12 | മിണാലൂർ തെക്കേക്കര പാടശേഖരം | V | 4/91 | 115 | 30 |
| 13 | മിണാലൂർ വടക്കേക്കര പാടശേഖരം | VI, V | 352/89 | 91 | 30 |
| 14 | പാർളിക്കാട് കിഴക്കേ പാടശേഖരം | VII, VIII | 683/91 | 115 | 40 |
| 15 | പാർളിക്കാട് പടിഞ്ഞാറെ കർഷകസമിതി | VIII | 259/86 | 75 | 24 |
| 16 | വട്ടേക്കാട്ട് ചിറസമിതി | IX, VIII | 200/+86 | 60 | 20 |
| 17 | പുതുരുത്തി കിഴക്കേ പാടശേഖരം | IX | 89/91 | 110 | 20 |
| 18 | പുതുരുത്തി പടിഞ്ഞാറെ പാടശേഖരം | IX, X | 46/96 | 115 | 20 |

# ഉപസംഹാരം

ഒമ്പതാം പഞ്ചവത്സര പദ്ധതിക്കു വേണ്ടി ധൃതഗതിയിൽ നടത്തിയ സമയബന്ധിത ആസൂത്രണ വികസന പരിപാടി എന്തൊക്കെ പരിമിതികൾ ഉണ്ടെങ്കിലും, മുൻ വികസന പരിപാടിയേക്കാൾ മെച്ചപ്പെട്ടതാണെന്നതിൽ തർക്കമില്ല. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിനിടയിൽ ബോധ്യപ്പെട്ട ചില കാര്യങ്ങൾ പൊതു ചർച്ചക്കായി വെക്കുന്നു.

## 1. സാമൂഹ്യ ഇച്ഛാശക്തി

ഏതു പരിപാടിയുടേയും വിജയത്തിന്റെ തോത് സാമൂഹ്യ ഇച്ഛാശക്തിയുടെ തീക്ഷണതക്ക് ആനുപാതികമാണ്. സാമൂഹ്യ ഇച്ഛാശക്തി രാഷ്ട്രീയ ഇച്ഛാശക്തിയുടെ പ്രതിഫലനവുമാണ്. ഈ ചുറ്റുപാടിൽ അനുകൂല സാമൂഹ്യ പശ്ചാത്തലം സൃഷ്ടിക്കാൻ കഴിഞ്ഞെങ്കിൽ മാത്രമെ പദ്ധതികൾ പരിപൂർണ്ണ വിജയത്തിലെത്തിക്കാൻ കഴിയുകയുള്ളൂ. അതിനാൽ പ്രചാരണ ബോധവല്ക്കരണ പരിപാടി തുടർന്ന് നടപ്പിലാക്കേണ്ടതാണ്.

## 2. ദുർഗ്രഹത ഇല്ലാത്ത വിവരശേഖരം

അതായത് പ്രദേശത്തിന്റെ അടിസ്ഥാന വിവരങ്ങൾ (മണ്ണ്, വെള്ളം, സസ്യജന്തു ജാലങ്ങൾ, പ്രകൃതി ദത്ത മനുഷ്യ നിർമ്മിത വിഭവങ്ങൾ, അവയുടെ ഉപഭോഗം, ശേഷി തുടങ്ങിയ എത്രയോ കാര്യങ്ങൾ) വ്യക്തമായി അറിഞ്ഞാലേ ഇത്തരമൊരു പദ്ധതി കുറ്റമറ്റ രീതിയിൽ ആവിഷ്കരിക്കാനാകൂ. കേന്ദ്രീകൃത ഏജൻസികൾ ശേഖരിക്കുന്ന ചട്ടപ്പടി വിവരങ്ങൾ ചില പൊതു നിഗമനങ്ങളിലെത്താൻ സഹായിക്കുമെങ്കിലും പ്രാദേശിക ആസൂത്രണത്തിന് ഉതകില്ല. ദുർഗ്രഹത തീരെ കുറച്ച്, ഗ്രാമത്തിന് വേണ്ട വിവരങ്ങൾ ഗ്രാമീണർക്ക് മനസ്സിലാകും വിധം ജനകീയ പങ്കാളിത്തത്തോടെ ശേഖരിച്ച് ക്രോഡീകരിക്കേണ്ടതുണ്ട്. ചുരുക്കത്തിൽ വിഭവ ഭൂപട നിർമ്മാണം, സാമൂഹിക സാമ്പത്തിക സർവ്വേ ഉടൻ നടത്താൻ തീരുമാനമെടുക്കേണ്ടതാണ്.

## 3. ഉപഭോക്താക്കൾ നടത്തിപ്പുകാരാകണം.

ഭരണ കർത്താക്കളും വിദഗ്ധരും ഉദ്യോഗസ്ഥ വൃന്ദവും ഒക്കെ ജനങ്ങൾക്കുവേണ്ടി കാര്യങ്ങൾ 'നടത്തിക്കുന്ന'വരായാണ്ഇന്ന് പ്രവർത്തിക്കുന്നത്. അവർ 'നടത്തിക്കുന്ന'വരായതുകൊണ്ട് നടത്താൻ ഇടനിലക്കാരും വേണം. ഈ നില മാറ്റി ഗുണഭോക്താക്കൾ തന്നെ നടത്തിപ്പുകാരാകണം. അതിന് പ്രാദേശിക നേതൃത്വവും കാര്യക്ഷമതയും വളരണം. ഉദ്യോഗസ്ഥർ ജനങ്ങളുടെ സഹായികൾ മാത്രമെ ആകാവൂ.

## 4. വേണം ഒരു സമഗ്ര പദ്ധതി.

ഓരോ വകുപ്പും ഓരോ പ്രത്യേക സാമ്രാജ്യമായാണ് ഇന്ന് പ്രവർത്തിക്കുന്നത്. ഉപദേശിക്കാൻ കൃഷിവകുപ്പ്, ജലസേചനത്തിന് മറ്റൊരു വകുപ്പ്, ജലം എത്തിക്കാൻ വേറൊരു വകുപ്പ്, വിത്തും വളവും മറ്റ് വിഭവങ്ങളും കൈകാര്യം ചെയ്യാൻ എണ്ണിയാൽ തീരാത്ത വകുപ്പുകൾ വേറെയും. പഞ്ചായത്തടിസ്ഥാനത്തിൽ കൃഷി മാത്രമല്ല എല്ലാ വകുപ്പുകളുടെയും ഫലപ്രദമായ ഏകീകരണം സാധ്യമാക്കണം. ഓരൊരുത്തർക്കും ഓരോ പദ്ധതി എന്നതിനു പകരം എല്ലാ വകുപ്പുകളും ചേർന്ന് ഒരു സമഗ്ര പദ്ധതി ഉണ്ടാകേണ്ടിയിരിക്കുന്നു.

## 5. ഉടൻ ചെയ്യാവുന്നത്

9-ാം പഞ്ചവത്സര പദ്ധതി പൂർത്തിയാക്കി നമ്മുടെ പഞ്ചായത്തിന് കിട്ടുന്ന വിഹിതവും പദ്ധതിയും വരുന്നത് കാത്തു നിൽക്കാതെ ഇപ്പോഴുള്ള അധികാരങ്ങളും വിഭവങ്ങളും വെച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ചെയ്യാൻ ആലോചിക്കാവുന്നതാണ്.

### 1. അടുക്കളത്തോട്ട നിർമ്മാണം

കൃഷിഭവൻ, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, ജന പങ്കാളിത്തം എന്നിവയുടെ കൂട്ടായ പരിശ്രമം ഉണ്ടായാൽ ഇത് വിജയിപ്പിക്കാം.

### 2. വ്യവസായ ഉപദേശക സമിതി

തൊഴിൽ സംരംഭകർക്ക് വിദഗ്ദമായ നിർദ്ദേശങ്ങളും സഹായങ്ങളും ചെയ്തു കൊടുക്കുവാൻ സാങ്കേതിക വിദഗ്ദരെ ഉൾപ്പെടുത്തി വ്യവസായ ഉപദേശക സമിതി രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ്.

### 3. പുകയേൽക്കാത്ത ദക്ഷത കൂടിയ അടുപ്പ്.

ഊർജ്ജ സംരക്ഷണം, ഉൽപ്പാദനത്തോടൊപ്പം പ്രാധാന്യ മർഹിക്കുന്ന ഒന്നാണ്. പുകയേൽക്കാത്ത പരിഷത് അടുപ്പുകൾ അനർട്ടിന്റെ സഹായത്തോടു കൂടി പഞ്ചായത്തിൽ വ്യാപകമാക്കാവുന്നതാണ്.

### 4. ആരോഗ്യ പരിപാടി

മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ , രോഗ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ ജനപങ്കാളിത്തത്തോടെ നടപ്പാക്കാവുന്നതാണ്.

### 5 വിദ്യാഭ്യാസകോംപ്ലക്സ്

പഞ്ചായത്തിൽ എല്ലാ സ്കൂളുകളേയും ബന്ധിപ്പിച്ചു കൊണ്ട് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന്, പഴയ സർക്കാർ പദ്ധതിക്കു പകരം ജനകീയ പഞ്ചായത്ത് വിദ്യാഭ്യാസ കോംപ്ലക്സ് ഫലപ്രദമായി നടത്താവുന്നതാണ്.

### 6. കലാ കായിക സാംസ്കാരിക വേദി

നമ്മുടെ പഞ്ചായത്തിൽ ഒട്ടേറെ ക്ലബ്ബുകളും വായനശാലകളും പ്രവർത്തനം മുരടിച്ചു നിൽക്കുകയോ വാർഷികം മാത്രം നടത്തുകയോ ചെയ്യുന്നവയായിട്ടുണ്ട്. ഇവയെ പഞ്ചായത്തടിസ്ഥാനത്തിൽ കോർത്തിണക്കുകയും പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതും ജനകീയ വികസന പരിപാടിയുൾപ്പെടെ കലാ കായിക സാംസ്കാരിക പ്രവർത്തനം ഊർജ്ജിതമായി നടത്തുവാൻ ശ്രമിക്കാവുന്നതുമാണ്.

ഇതുപോലെ എത്രയെത്ര പദ്ധതികൾ നമ്മൾക്ക് ചെയ്യാൻ സാധിക്കും! ആലോചിക്കാൻ ഒരു വഴിമരുന്നിട്ടു എന്നുമാത്രം ഇതിനേക്കാൾ കൂടുതൽ ജനോപകാരപ്രദമായവ കണ്ടെത്തി പദ്ധതികൾക്ക് തുടക്കമിടാൻ നമുക്ക് കഴിഞ്ഞാൽ ഈ പഞ്ചായത്തിൽ സമഗ്രവികസനം നമുക്ക് കൈവരുത്തുവാൻ കഴിയും! അതിനുമുൻകാലങ്ങളിലെ സാംസ്കാരിക പൈതൃകവും സാമൂഹ്യ ഇച്ഛാശക്തിയും നമുക്ക് ആവേശം പകരട്ടെ.

ലോകത്തിൽ ആദ്യമായി നടക്കുന്ന ഈ പരീക്ഷണം വൻ വിജയമാക്കിതീർക്കാൻ ആത്മാർത്ഥമായി ശ്രമിക്കുന്ന എല്ലാവർക്കും നന്ദി. ഒരു വികസന രാഷ്ട്രീയം കരുപിടിപ്പിക്കാൻ നമുക്കേവർക്കും ഒത്തൊരുമിച്ച് പ്രവർത്തിക്കാം. അങ്ങിനെ ഒരു വികസന സംസ്കാരം മുണ്ടത്തിക്കോട് പഞ്ചായത്തിൽ ഉണ്ടാകട്ടെ എന്ന് ആശംസിച്ചു കൊണ്ടും, ഇത്തരത്തിലുള്ള നാളെയുടെ പ്രവർത്തനങ്ങളിൽ എല്ലാതരത്തിലുള്ള സഹായ സഹകരണങ്ങൾ ജനങ്ങളിൽനിന്ന് പ്രതീക്ഷിച്ചു കൊണ്ടും, ഈ വികസന റിപ്പോർട്ട് നമുക്കേവർക്കും ഒരു മാർഗ്ഗ ദീപമാകട്ടെ എന്ന് ആശംസിച്ചു കൊണ്ടും നിങ്ങളേവരുടേയും മുമ്പിൽ സവിനയം സമർപ്പിക്കട്ടെ.

എന്ന്

കെ. അജിത് കുമാർ
(കൺവീനർ)
ആസൂത്രണ സമിതി
ഗ്രാമ പഞ്ചായത്ത്

മുണ്ടത്തിക്കോട്
22 – 11 – 1996

# സമഗ്ര ഗ്രാമ വികസനം

സമഗ്ര ഗ്രാമ വികസനം നമ്മുടെ ലക്ഷ്യം

ഗ്രാമ വികസനത്തിന് വിഭവം ആവശ്യം

വിഭവമില്ലെങ്കിൽ വികസനം സാദ്ധ്യമല്ല

ഗ്രാമ വികസനത്തിൻെറ ചാലകശക്തി
പഞ്ചായത്തുകളുടെ സമ്പത്താണ്

വിഭവ സമാഹരണത്തിന് പഞ്ചായത്തുകളുമായി സഹകരിക്കുക

പഞ്ചായത്തുകൾക്ക് നൽകേണ്ട വിവിധയിനം നികുതികൾ
ഫീസുകൾ തുടങ്ങിയവ യഥാസമയം നൽകുക

അതുവഴി ഗ്രാമ വികസനത്തിൽ പങ്കാളിയാവുക

ജപ്തി, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികൾ
ഒഴിവാക്കാൻ പഞ്ചായത്തുകളുമായി സഹകരിക്കുക.

# അധികാരം ജനങ്ങളിലേക്ക്

## ഒൻപതാം പദ്ധതി ജനകീയ പദ്ധതി

☆

- ഒൻപതാം പദ്ധതിയുടെ 35-40 ശതമാനം തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്
- ആസൂത്രണം താഴെത്തട്ടിൽ നിന്നും മുകളിലോട്ട്
- ആസൂത്രണത്തിലും നിർവ്വഹണത്തിലും വിപുലമായ ജനപങ്കാളിത്തം
- പഞ്ചായത്ത് രാജ് - നഗരപാലിക സ്ഥാപനങ്ങളിൽ പ്രത്യേക ഗ്രാമസഭകൾ
- ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്
- ജനപ്രതിനിധികളും വിദഗ്ദ്ധരും ഉദ്യോഗസ്ഥരും അണിചേരുന്നു
- വികസന സെമിനാറുകൾ, പരിശീലന ക്ലാസ്സുകൾ
- വികസനാവശ്യങ്ങൾ പദ്ധതികളാക്കാൻ ടാസ്ക് ഫോഴ്സുകൾ
- ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതി

☆